(ii) Notification G.O. (P) No. 38/PW dated 22nd February 1969 (S.R.O. No. 110/69).

(iii) Notification G.O. (P) No. 56/PW dated 18th March 1969 (S.R.O. No. 131/69).

8. LEGISLATIVE BUSINESS

The Sree Pandaravaka Lands (Vesting and Enfranchisement) Bill, 1968

Revenue Minister (**Smt. K. R. Gouri**) : Sir, I present the Report of the Select Committee on the Sree Pandaravaka Lands (Vesting and Enfranchisement) Bill, 1968.

9. ACTION TAKEN IN RESPECT OF THE PERSONS SENTENCED FOR GROSS CONTEMPT OF THE HOUSE

മി. സ്പീക്കർ: കഴിഞ്ഞ ഒരു ദിവസം ഗാലറിയിലിരുന്ന് ശബ്ദമുണ്ടാക്കിയ ചില ആളുകളെ സഭ രണ്ടുമാസത്തേക്ക് ശിക്ഷിച്ച് ജയിലിലേക്കയച്ച വിവരം സഭയ്ക്ക് ഓർമ്മയുണ്ടെന്നു ഞാൻ വിചാരിക്കുകയാണ്. ശിക്ഷക്കാലം ഇനി അഞ്ചോ ആറോ ദിവസമേ ഉള്ളൂ. അതിനിടയിൽ സമ്മേളനം ഇല്ലാതിരുന്ന അവസരത്തിൽ അവർ മാപ്പപേക്ഷ അയച്ചിട്ടുണ്ട്. കഴിഞ്ഞ 23-ാം തീയതി ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയപ്പോൾ ഇതിനെപ്പറ്റി എന്തുവേണമെന്ന് ആലോചിച്ചു. മാപ്പപേക്ഷ വന്നിരിക്കുന്ന സ്ഥിതിക്കും അവർ ഇറങ്ങാൻ ഇനി അഞ്ചാറു ദിവസമേ ഉള്ളൂ എന്ന നിലയിലും മാപ്പപേക്ഷ അനുവദിച്ച് അവരെ ഇറക്കുന്നതിനു അനുവാദം കൊടുക്കാമെന്നു് ഏകകണ്ഠമായി അഭിപ്രായപ്പെടുകയും ചെയ്തു. ഇതേക്കുറിച്ച്, ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുമായി സംസാരിക്കണമെന്നുണ്ടായിരുന്നു; എന്നാൽ അതിനു് സമയം കിട്ടിയില്ല. എന്തായാലും സഭയുടെയുംകൂടി അനുവാദമുണ്ടെങ്കിലേ ഇതു ചെയ്യാൻ ഒക്കുകയുള്ളൂ. മേൽപറഞ്ഞ തീരുമാനത്തിനു് സഭയുടെ അംഗീകാരമുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. അവരെ ഇറക്കിവിടാൻ അനുവദിക്കാമെന്നാണു് വിചാരിക്കുന്നതു്.

(The House signified its assent)

10. LEGISLATIVE BUSINESS—(*Contd.*)

The Kerala Land Reforms Amendment Bill 1968—(*Contd.*)

Mr Speaker: We will now resume discussion on the motion that the Kerala Land Reforms (Amendment) Bill be taken into consideration. Shri P. R. Madhavan Pillai was speaking on the last day.

ശ്രീ. പന്തളം പി. ആർ മാധവൻപിള്ള : സർ, കഴിഞ്ഞ ദിവസം ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു് കുടികിടപ്പുകാർക്കു് ഈ ഭൂപരിഷ്കരണബിൽ പുതുതായി കൊടുത്തിരിക്കുന്ന അവകാശങ്ങളെപ്പറ്റിയായിരുന്നു. ഇവിടെ അവതരിപ്പിച്ച രൂപത്തിലുള്ള ബില്ലിൽ, കുടികിടപ്പുകാർക്ക് അവരുടെ കുടികിടപ്പു വിലയ്ക്കുവാങ്ങുന്നതിനു് വ്യവസ്ഥയൊന്നും ചെയ്തിരുന്നില്ല നാട്ടിൻപുറത്താണെങ്കിൽ 10 സെന്റു ഭൂമിയും മേജർമുനിസിപ്പാലിറ്റികളിലും കാർപ്പറേഷനുകളിലുമാണെങ്കിൽ 3 സെന്റു ഭൂമിയും മറ്റു മുനിസിപ്പാലിറ്റികളിൽ 5 സെന്റു ഭൂമിയും കുടികിടപ്പിനു ചുറ്റുമായി കുടികിടപ്പുകാരനു് വാങ്ങിക്കുന്നതിനുള്ള വ്യവസ്ഥ ആ ബില്ലിൽ ചെയ്തിരുന്നില്ല. പക്ഷേ സെലക്ട് കമ്മിറ്റി വന്നപ്പോൾ എല്ലാവരുംകൂടി അംഗീകരിച്ചാണു് ഈ തരത്തിൽ ഭൂമി വിലയ്ക്കുവാങ്ങാൻ കുടികിടപ്പുകാരനു് അവകാശം കൊടുക്കണമെന്ന വ്യവസ്ഥചെയ്തതു്. എന്നാൽ അതിനകത്തും, ഉടമസ്ഥന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയുടെ വിസ്തീർണ്ണംകൂടി കണക്കാക്കിയാണ് അംഗീകരിച്ചിരിക്കുന്നത്. ഒരേക്കർ ഭൂമിമാത്രമേ ഉള്ള ഒരുടമസ്ഥനെങ്കിൽ, ആ കുടികിടപ്പുകാരനു് ആ ഭൂമി വിലയ്ക്കുവാങ്ങണമെങ്കിൽ, മൂന്നുവർഷം കാത്തിരിക്കണം. മൂന്നുവർഷം കഴിഞ്ഞ ശേഷമേ അയാൾക്കു് അതുവാങ്ങിക്കാൻ കഴിയൂ, ഒരേക്കർമുതൽ രണ്ടേക്കർവരെയുള്ള വസ്തുവുടമസ്ഥനാണെങ്കിൽ കുടികിടപ്പുകാരന്മാർ എത്രയുണ്ടെങ്കിലും (പത്തോ ഇരുപതോ ഉണ്ടെങ്കിലും) എല്ലാവരുംകൂടി 10 സെൻറു ഭൂമികൊണ്ടു തൃപ്തിപ്പെടണം. വാങ്ങുമ്പോൾ എത്രപേരുണ്ടെങ്കിലും അത്രയേ വാങ്ങാൻ അവകാശമുള്ള. ഒരുപക്ഷേ വസ്തുവുടമസ്ഥനു് 1 മുതൽ 3 ഏക്കർ വരെ വസ്തുവുണ്ടെങ്കിൽ 20 സെൻറു ഭൂമി വാങ്ങാൻ എല്ലാ കുടികിടപ്പുകാർക്കുംകൂടി അവകാശമുണ്ടു്. 4 ഏക്കർ ഭൂമിയുണ്ടെങ്കിൽ 30 സെൻറു ഭൂമി എല്ലാ കുടികിടപ്പുകാർക്കുംകൂടി വാങ്ങാം; 5 ഏക്കർ ഭൂമിയുണ്ടെങ്കിൽ 40 സെൻറു വാങ്ങാം. കുടികിടപ്പുകാർ പത്തോ അൻപതോ നൂറോ ഉണ്ടെങ്കിലും ഇത്രയേ വാങ്ങാൻ കഴിയുകയുള്ള. ഈ വ്യവസ്ഥ ഇങ്ങനെ ചെയ്തിരിക്കുന്നതു ശരിയല്ല. വസ്തുവുടമസ്ഥൻറെ ഭൂമി എത്രയായാലുംശരി, എല്ലാ കുടികിടപ്പുകാർക്കും 10 സെൻറു ഭൂമി നാട്ടിൻപുറത്തു വിലയ്ക്കുവാങ്ങാനും സിറ്റിയിലാണെങ്കിൽ 3 സെൻറു വിലയ്ക്കു വാങ്ങാനും മുനിസിപ്പാലിറ്റിയിലാണെങ്കിൽ 5 സെൻറു വിലയ്ക്കുവാങ്ങാനും അവകാശം കിട്ടണമെന്നാണു് ഞങ്ങടെ ഭിന്നാഭിപ്രായക്കുറിപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. ഭിന്നാഭിപ്രായക്കുറിപ്പിൽ ആവശ്യപ്പെടുക മാത്രമല്ല സെലക്ടു് കമ്മിറ്റിയിൽ അഭിപ്രായപ്പെടുകയും ചെയ്തതാണു്. ഭൂരിപക്ഷം മെംബർമാരും ഞങ്ങളുടെ അഭിപ്രായത്തിനെതിരായിരുന്നതുകൊണ്ടു് അതു് അംഗീകരിക്കപ്പെടാതെ പോകുകയാണു് ചെയ്തതു്.

ശ്രീ ഇ. ജോൺ ജേക്കബ് : കുട്ടനാടൻ പ്രദേശങ്ങളിൽ കൃത്രിപ്പൊക്കിയെടുക്കുന്ന ഭൂമിയുള്ള പ്രദേശങ്ങളിൽ അരയും കാലും ഏക്കർ ഭൂമിയുടെ ഉടമസ്ഥന്മാരുള്ള സ്ഥിതിവിശേഷമുണ്ടു്. ഇപ്പോൾ പറഞ്ഞപോലെയുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചാൽ ഭൂമിയുടെ ഉടമസ്ഥന്മാർ സ്ഥലമന്വേഷിച്ചുപോകേണ്ടിവരും. കൃത്രകപ്പാട്ടക്കാർക്കു കൊടുത്താൽ അങ്ങനെയൊരു നില ചില മേഖലകളിൽ ഉണ്ടാകുന്നുള്ള വസ്തുത ആലോചിക്കാൻ സാധിച്ചിട്ടുണ്ടോ? അവിടെ അങ്ങനെചെയ്യുന്നതു നീതിയായിരിക്കുമോ? ഭൂമിയില്ലാത്ത സ്ഥലത്തു് എന്തുചെയ്യും?

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : ഒരുപക്ഷേ എല്ലാവർക്കും 10 സെൻറു കൊടുക്കാൻ തികയുകയില്ലായിരിക്കാം. അതു മനസ്സിലാക്കുന്നു കൂട്ടത്തിലാണു് ഞങ്ങളും. അങ്ങനെ വരുമ്പോൾ 10 സെൻറു് ഒരാൾക്കു കൊടുക്കാൻ കഴിയുകയില്ലെങ്കിൽ ഉള്ള ഭൂമി സമമായി കുടികിടപ്പുകാർക്കു കൊടുക്കണം. അങ്ങനെ കൊടുക്കുമ്പോൾ ഉടമസ്ഥനു് പത്തുസെൻറെങ്കിലും കിട്ടണമെന്നുള്ളതു് ഞങ്ങടെ അംഗീകരിക്കുന്ന കാര്യമാണു്.

ഇതുകൂടിഞ്ഞു് പണയക്കുടിയാൻറെ കാര്യം പറഞ്ഞിട്ടുണ്ടു്. ക്ലാസ്ബൈക്ലാസ് ചർച്ചാസമയത്തു ഇതേപ്പറ്റി ഞാൻ സംസാരിക്കാനുദ്ദേശിക്കുന്നില്ല; അതിനു സമയവുമില്ലെന്നാണു് മനസ്സിലാക്കുന്നതു്. കുടിയായ്മയും പണയവും തമ്മിൽ കൂട്ടിക്കുഴച്ചിട്ടിരിക്കുകയാണു് വാസ്തവത്തിൽ ഇവിടെ. ഏതെങ്കിലുമൊരു സാധനം പണയംവച്ചു് ഒരായിരം പണം കടംവാങ്ങിയാൽ പലിശസഹിതം മുതൽ കൊടുക്കുമ്പോൾ പണയം തിരിച്ചുകിട്ടണമെന്നുള്ളതാണു് പണയത്തെസംബന്ധിച്ചുള്ള നിയമം. ഇതും കുടിയായ്മയുമായി ബന്ധപ്പെടുത്തിയതാണു് നിലവിലുള്ള സ്ഥിതി. അതായതു്, ശുദ്ധമായ പണയവും ശുദ്ധമായ കുടിയായ്മയും ഉണ്ടു്; ഇതു രണ്ടും കൂടിക്കുഴച്ച സ്ഥിതി നമ്മുടെ രാജ്യത്തുണ്ടു്. അതാണു് ബുദ്ധിമുട്ടു്. അതുകൊണ്ടു് അവഗാഢമായ ചിന്തയ്ക്കുശേഷം വേണം ഇതേപ്പറ്റി നിയമനിർമ്മാണംചെയ്യാൻ. വാസ്തവത്തിൽ, പണയസംഖ്യയ്ക്കു പലിശ കൊടുക്കണമെന്നല്ലാതെ പാട്ടം അളക്കേണ്ട സ്ഥിതിവിശേഷമില്ല. ഇത്ര നെല്ലു പാട്ടം കൊടുക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിൽ പണയമല്ല, കുടിയായ്മയാണു്. ആണ്ടുതോറും ജന്മിഭോഗം, അല്ലെങ്കിൽ ഇത്ര കൂപ്പു

LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചെണ്ണ, കോഴി, ഇന്നയിന്ന സാധനങ്ങൾ ഇവ ഓണക്കാഴ്ച കൊടുക്കണംഎന്നു് ഒറിയാധാരത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ഒറിയല്ല പണയമാണു്. കൂടാതെ, 12 വർഷം കഴിയുമ്പോൾ പൊളിച്ചെഴുതണമെന്നു് ഒറിയാധാരത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽ കുടിയായ്മയാണു്. ഇത്തരം പണയവും കുടിയായ്മയും വേർതിരിച്ചു കാണിക്കുന്നതിനു് നിയമം അംഗീകരിക്കണം; അതിനുള്ള വ്യവസ്ഥകളും വേണം. കൊച്ചി പ്രദേശത്തു് പണയക്കുടിയാന്മാർ ഉണ്ടു്. മിച്ചവാരം കൊടുക്കാൻ പറഞ്ഞിട്ടുണ്ടു്. പൊളിച്ചെഴുതണമെന്നും പറഞ്ഞിട്ടുണ്ടു് ആണ്ടുതോറും ജന്മിഭോഗം കൊടുക്കണമെന്നും പറഞ്ഞിട്ടുണ്ടു്. ഇങ്ങനെയുള്ള പണയങ്ങളിൽ ഒരാൾക്കു് സ്ഥിരാവകാശം കിട്ടണമെങ്കിൽ അൻപതുവർഷം വേണമെന്നു പറയുന്നതു് ശുദ്ധമേ മര്യാദകേടാണു്.

12 വർഷം ഭൂമി കൈവശംവച്ചിട്ടുള്ള കുടിയാൻ തീർച്ചയായിട്ടും പണയക്കുടിയാൻ ആകയില്ല. ഇതിനകത്തുപലതും എഴുതിച്ചേർത്തിട്ടുള്ളതിൽ ചിലതൊക്കെ വിജയിച്ചിട്ടുണ്ടെങ്കിലും പണയക്കുടിയാനു് സ്ഥിരാവകാശം നൽകുന്നതിനുള്ള വ്യവസ്ഥ, സംരക്ഷണവ്യവസ്ഥ അപര്യാപ്തമാണു്. അതിനു പ്രത്യേകം വകുപ്പു് എഴുതിച്ചേർക്കേണ്ടതാണു്. 12 വർഷം ഭൂമി കൈവശം വച്ചിട്ടുള്ള ഒരു പണയക്കുടിയാൻ ജന്മിഭോഗം കൊടുക്കണമെന്നു വ്യവസ്ഥയുണ്ടെങ്കിൽ മിച്ചവാരം കൊടുക്കണമെന്നു വ്യവസ്ഥയുണ്ടെങ്കിൽ, പൊളിച്ചെഴുതണമെന്നു വ്യവസ്ഥയുണ്ടെങ്കിൽ ആ പണയക്കുടിയാനെ കുടിയാനായി അംഗീകരിക്കണമെന്നാണു് ഞാൻ പറയുന്നതു്. അതിനുള്ള വകുപ്പു് ഇതിൽ ചേർത്തില്ലെങ്കിൽ നാം ഉദ്ദേശിക്കുന്ന ഫലം ഇതുകൊണ്ടുണ്ടാകുകയില്ല.

[10 A. M.]

ശ്രീമതി കെ. ആർ. ഗൗരി : കാണത്തിന്റെ ഡഫനിഷൻ നോക്കിയാൽമതിയല്ലോ.

ശ്രീ പന്തളം പി. ആർ. മാധവൻപിള്ള : കോടതി ദുർവ്യാഖ്യാനം ചെയ്യാൻ തയ്യാറായിരിക്കുമ്പോൾ വ്യക്തമായിത്തന്നെ എല്ലാം പറയേണ്ടതാണു്. പണയം ഏതാണു്, ഒറിയേതാണു്, കാണം ഏതൊക്കെയാണു് എന്നിങ്ങനെയുള്ള വാദമുഖങ്ങൾക്കു് സംശയം ഉണ്ടാകാതിരിക്കാൻ വ്യവസ്ഥ ചെയ്യണം. നമുക്കറിയാമല്ലോ നിയമങ്ങൾ പാസ്സാക്കിയാൽ അതു കോടതിയിൽപോയി വരുമ്പോൾ, നമ്മുടെ ട്രാൻസ്പോർട്ടുബസ്സിൽ യാത്ര ചെയ്തിട്ടുപോകുമ്പോൾ വരുടെ ഗതികേടാണുണ്ടാകുന്നതു്. ചിലരുടെ കൂടെ ഒടിഞ്ഞിരിക്കും, ചിലരുടെ തോത്തുമുണ്ടു് കാണുകയില്ല. അതുപോലെ നിയമത്തിനും ചില തടസ്സങ്ങൾ പറഞ്ഞു കോടതി വിധിയുണ്ടാകാറുണ്ടു്. 12 വർഷം കൈവശമുള്ള പണയക്കുടിയാനു് പ്രത്യേകം സംരക്ഷണം നൽകാൻ ഇതിൽ വ്യവസ്ഥ വേണം.

അതുപോലെതന്നെ പരിധിയെ സംബന്ധിച്ചു് നാം നിയമങ്ങൾ പാസ്സാക്കാറുണ്ടു്. 1957-ൽ ഒരു ബില്ലു കൊണ്ടുവന്നു പാസ്സാക്കി. 1965-ൽ മറെറാന്നു പാസ്സാക്കി. ഇപ്പോഴും ഒന്നു പാസ്സാക്കാൻ പോകുകയാണു്. നിയമത്തിൽ പരിധി നിശ്ചയിച്ചാൽ അതിൽനിന്നു ഊരി ചാടി പോകാൻ ഈ രാജ്യത്തു് വിരുതന്മാരായ സത്തുടമകളുണ്ടു്, അതു മനസ്സിലാക്കിക്കൊണ്ടുതന്നെ നാം ചിലതു എഴുതിച്ചേർക്കാറുണ്ടു്. പരിധിയിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ അധികഭൂമി കൈമാറാം ചെയ്യാൻ പാടില്ലെന്ന എല്ലാ നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. 1957-ലെ ബില്ലിലും അതു പറഞ്ഞിരുന്നു. 1957 ഡിസംബർ മാസം 15-നുശേഷം മിച്ച ഭൂമിയുള്ളവർ, പരിധിയിൽ കവിഞ്ഞുള്ള ഭൂമി കൈമാറാം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥയുണ്ടായിരുന്നു. എന്നിട്ടു കൈമാറാങ്ങൾ നടന്നിട്ടില്ലേ? ഇപ്പോഴും ഈ ബില്ലിലും അങ്ങനെ എഴുതി വച്ചിരുന്നുണ്ടു്. ഇന്നും കൈമാറാങ്ങൾ നടക്കുന്നുമുണ്ടു്. നാം നിയമത്തിൽ എഴുതിവച്ചിരുന്ന നിരോധനത്തിനു ആരും യാതൊരു വിലയും കല്പിക്കാറില്ല. മിച്ച ഭൂമി കൈവശമുള്ളവർ അതു കുടിയാന്മാക്കു് എഴുതി കൊടുത്താൽ അതു മനസ്സിലാക്കാം. ഒരുപക്ഷേ കുടുംബത്തിലെ മറെറാരംഗങ്ങൾക്കു് കൊടുത്താലും മനസ്സിലാക്കാവുന്നതേയുള്ളൂ. അതൊന്നുമല്ല ഇന്നു നടക്കുന്നതു്. നല്ല വില വാങ്ങിയിട്ടു് മറെറാള്ളവർക്കു്

LIBRARY ARCHIVES Kerala Legislative Assembly

വിൽക്കുകയാണു് ചെയ്യുന്നതു്. റവന്യൂമന്ത്രിക്കുതന്നെ അറിയാം വലിയ ഭൂസ്വത്തുടമയായ കോച്ചുയുടെ ഭൂമി ഇപ്പോഴും ആരുടെ കൈവശമിരിക്കുന്നു എന്നു്. അവിടെ അന്വേഷിച്ചാൽ ആർക്കും മിച്ചഭൂമി കൊടുക്കാൻ കിട്ടുകയില്ല. ഈ പ്രക്രിയ 1957 മുതൽ ഇന്നുവരെ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണു്. നിരോധനം എഴുതിവച്ചിട്ട ബിൽ പാസ്സാക്കും, മിച്ചഭൂമി കൈവശമുള്ളവർ കൈമാറാം ചെയ്യാൻ പാടില്ലെന്ന നിരോധനം പാസ്സാക്കും. ആ നിയമം പാസ്സാക്കാൻ ഇവിടെ കൈപൊക്കുന്നവർ തന്നെ തിരിയെപോയി മിച്ചഭൂമി പത്തും നൂറും ഏക്കർവീതം വില വാങ്ങുകയും ചെയ്യും. മന്ത്രിമാർപോലും ഇങ്ങനെ മിച്ചഭൂമി കൈമാറിയിട്ടുണ്ടു്. ഈ തരത്തിൽ മിച്ചഭൂമി ഇല്ലാതാക്കാനുള്ള ഒരു പ്രവണത പത്തു പന്ത്രണ്ടു വർഷക്കാലമായി ഇവിടെ വളർന്നുവരികയാണു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ഏതു് മന്ത്രിയുടെ കാര്യമാണു് സൂചിപ്പിച്ചതു്?

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : ഇപ്പോഴത്തെ മന്ത്രിമാരുടെ കാര്യമല്ല. 1957–നുശേഷം മിച്ചഭൂമി വാങ്ങിയവർ ധാരാളമുണ്ടു്. വളരെയധികം ഭൂമി അങ്ങനെ കൈമാറിപോയിട്ടുണ്ടു്. മിച്ചഭൂമി വട്ടപ്പൂജ്യമാക്കാനുള്ള പരിശ്രമമാണു് ഇവിടെ നടക്കുന്നതു്. അതു തടയുന്നതിനു് യാതൊരു പരിശ്രമവും ഉണ്ടായിട്ടില്ല. 1965 വരെ മിച്ചഭൂമി കൈമാറാം ചെയ്യാം. 1969 വരെ മിച്ചഭൂമി കൈമാറാം ചെയ്യാം. ഈ ബില്ലിൽ ഇപ്പോഴും എന്താണു് നാം ചെയ്യുന്നതു്? നേരത്തെ കൈമാറാം ചെയ്ത ആളുകളുടെ പേരിൽ യാതൊരു നടപടിയും എടുക്കാതെ, ഇന്നുവരെ നടന്നിട്ടുള്ള കൈമാറാങ്ങളെല്ലാം അംഗീകരിച്ചുകൊടുക്കുകയാണു് ചെയ്യുന്നതു്. നിയമവിരുദ്ധമായി മിച്ചഭൂമി കൈമാറുന്നതുമൂലം, ഈ രാജ്യത്തെ ഭൂരഹിതർക്കു് ഒരു തുണ്ടുഭൂമി പോലും നൽകാൻ സാധിക്കാത്ത ഒരു സാഹചര്യം സൃഷ്ടിക്കുന്ന ആളുകൾക്കു് സംരക്ഷണം നൽകാനാണു് ഇന്നു നാം പരിശ്രമിക്കുന്നതു്. അതു ശരിയല്ല. ഏതെങ്കിലും വിധത്തിൽ അതു തടഞ്ഞില്ലെങ്കിൽ, മിച്ചഭൂമി എന്നൊരു 'സൂത്രം' തന്നെ ആർക്കും കൊടുക്കാൻ കാണുകയില്ല. അങ്ങനെ ഭൂമി കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ, ഇങ്ങനെയൊരു ബിൽ പാസ്സായാൽ മിച്ചഭൂമി കിട്ടുമെന്നുള്ള പ്രതീക്ഷയിൽ കഴിയുന്ന ലക്ഷക്കണക്കിനാളുകളോടുചെയ്യുന്ന വഞ്ചനയായിരിക്കും അതു്. മിച്ചഭൂമി കൈമാറാം ചെയ്തിട്ടുള്ളതു പരിശോധിക്കാൻ ഇതിനുമുമ്പുള്ള ഗവണ്മെൻറുകളും തയ്യാറായിട്ടില്ലെങ്കിലും ഈ ഗവണ്മെൻറു് തയ്യാറാകേണ്ടതായിരുന്നു. ഈ ഗവണ്മെൻറു് അധികാരത്തിൽവന്നതിനുശേഷവും മിച്ചഭൂമി കൈമാറാം നടന്നിട്ടുണ്ടു്. അതു തടയുന്നതിനു പകരം അംഗീകരിക്കാൻ ശ്രമിക്കുന്നതു ശരിയല്ല. ഇതിൽ അതിനാവശ്യമായ ഭേദഗതികളും അത്യാവശ്യമാണു്.

സർ, അധികമൊന്നും പറഞ്ഞു സമയം ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. വകുപ്പു വകുപ്പായിട്ടു് ഈ ബിൽ ചർച്ചചെയ്യാൻ ഉടനെ തുടങ്ങുകയാണു് വേണ്ടതു്. പഞ്ചായത്തുരാജു് ബില്ലിനെ സംബന്ധിച്ചു് ഒന്നൊന്നരമാസം ചർച്ച ചെയ്ത സമയം നീട്ടിയതുപോലെ ഇതിന്റെ ചർച്ച ദീർഘിപ്പിക്കാതെ ഉടനെ ചർച്ച തുടങ്ങേണ്ടതാണു്. കഴിയുന്നതും വേഗം ഇതു പാസ്സാക്കേണ്ടതാണു്.

ഈ ബിൽ കൊണ്ടുവരാൻ വളരെ താമസിച്ചുപോയതായി റവന്യൂമന്ത്രിതന്നെ സമ്മതിച്ചിട്ടുണ്ടു്. 1957 ഏപ്രിൽ 5–ാംതീയതി ഇവിടെ ഒരു മന്ത്രിസഭ ഉണ്ടായി. ആ മന്ത്രിസഭ ഉണ്ടായതിന്റെ എട്ടാമത്തെ മാസത്തിൽ, കേരള കാർഷികബന്ധ ബിൽ ഈ നിയമസഭയിൽ കൊണ്ടുവന്നു. ഇപ്പോഴാണെങ്കിൽ 17 മാസം വേണ്ടിവന്നു റവന്യൂമന്ത്രിക്കു ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ. ഈ കാലതാമസത്തിനു കാരണം എന്താണെന്നു റവന്യൂമന്ത്രിതന്നെ പറഞ്ഞിട്ടുണ്ടു്: ഇവിടത്തെ ഭക്ഷ്യപ്രശ്നം കുഴപ്പത്തിലായിരുന്നതുകൊണ്ടു് മുഴുവൻ സമയവും അതിനുവേണ്ടി വിനിയോഗിക്കേണ്ടിവന്നതാണെന്നു പറഞ്ഞതിനോടു് ഞങ്ങളും യോജിക്കുന്നു. എന്നാൽ നിയമസഭയിൽ പറയുന്ന കാരണമല്ല, സഭയ്ക്കു പുറത്തു പറയാവുള്ളതു്. അതു ശരിയല്ല

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ പറയുന്ന കാര്യങ്ങൾതന്നെ സത്യസന്ധമായി പുറത്തുചെന്നും പറയാൻ കഴിയണം. ഏതായാലും മുപ്പത്തുമാസം കഴിഞ്ഞിട്ടാണെങ്കിലും ഈ ബിൽ ഇനിയെങ്കിലും പാസ്സാക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മെ സംബന്ധിച്ചിടത്തോളം തെറ്റാണെന്ന കുറ്റബോധത്തോടുകൂടി എത്രയുംവേഗം ഇതു പാസ്സാക്കി എടുക്കാൻ കഴിയണം.

ശ്രീമതി കെ. ആർ. ഗൗരി . കാലതാമസത്തെ സംബന്ധിച്ചിടത്തോളം പല വാദവിവാദങ്ങളും ലഘുലേകളും നടക്കുന്നുണ്ട്. ഈ ബിൽ നിയമസഭയിൽ വന്നിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. 1968 ആഗസ്റ്റ് 19–ാംതീയതിയാണ് നിയമസഭയിൽ കൊണ്ടുവന്നതു്. ഇന്നു 1969 സെപ്റ്റംബർ 29 ആണു്. ഈ താമസത്തെപ്പറ്റി ആരും മിണ്ടുന്നില്ല.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : ഈ ഗവണ്മെന്റു് വന്നതിനുശേഷം ഈ ബില്ലിനെപ്പറ്റി ചർച്ച ചെയ്യാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു് ഏതെങ്കിലും ഒരു കക്ഷിയെമാത്രം കുറ്റം പറഞ്ഞിട്ടു് കാര്യമില്ല. ഏതെങ്കിലും ഒരു കക്ഷിമാത്രമല്ല അതിനു ഉത്തരവാദി, എല്ലാവരും ഉത്തരവാദികളാണു്.

സർ, ഇതിനുവേണ്ടി കൂടുതൽ സമയം നിട്ടിവയ്ക്കാതെ, എത്രയുംവേഗം ഇതു പാസ്സാക്കി എടുക്കാൻ പരിശ്രമിക്കേണ്ടതാണു്. ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ വെളിയിൽ എന്തു തന്നെ പറഞ്ഞാലും വളരെവേഗം ഇതു പാസ്സാക്കി എടുക്കുന്നതിനു എല്ലാവരും സഹകരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി എന്റെ വാക്കുകൾ ചുരുക്കുകയാണു്.

ശ്രീ. കെ. ടി. ജോർജ്ജു് : സർ, കാർഷികബന്ധ നിയമവും, 1964–ലെ ഭൂപരിഷ്ക്കരണനിയമവും എല്ലാം കേരളത്തിലെ ജന്മികുടിയാൻ ബന്ധങ്ങളെ സമഗ്രമായി വ്യത്യാസപ്പെടുത്തുന്നതാണു്. നമ്മുടെ രാജ്യത്തെ സാരമായി ബാധിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമനിർമ്മാണം എന്ന നിലയിൽ പരമപ്രധാനമായ ഒന്നാണു് തീർച്ചയായിട്ടും ഇവിടത്തെ കാർഷികപരിഷ്ക്കരണനിയമങ്ങൾ. അതുകൊണ്ടുതന്നെയാണു് ഉടനടി ഈ നിയമം പാസ്സാക്കണമെന്നു് എല്ലാഭാഗത്തുനിന്നും ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തുന്ന ഇത്തരം നടപടികളിൽ കാർഷികരംഗത്തു സമാധാനപരമായ ഒരു വിപ്ലവംതന്നെ സൃഷ്ടിക്കണമെന്നുള്ള തത്പരമാണു് അധിഷ്ഠിതമായിരിക്കുന്നതു്. അതിന്റെ അടിസ്ഥാനത്തിലാണു് നാം ഈ നിയമനിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നതു്.

കേരളത്തിന്റെ വരുമാനത്തിൽ ഏതാണ്ടു് പകുതിഭാഗവും കാർഷികരംഗത്തുനിന്നുള്ള വരവാണു്. ഏതാണ്ടു് 75 ശതമാനം ആളുകളും കാർഷികരംഗത്തെ ആശ്രയിച്ചുകഴിയുന്നവരാണു്. അതുകൊണ്ടു് ഈ നിയമത്തിൽ ഉൾക്കൊള്ളിക്കുന്ന പ്രശ്നങ്ങൾ, കേരളത്തിലെ ബഹുഭൂരിഭാഗം ജനങ്ങളുടെ പ്രശ്നങ്ങളാണെന്ന ബോധത്തോടുകൂടിവേണം ഓരോ സംഗതിയും ചർച്ചചെയ്യാൻ.

ശ്രീ. പന്തളം പി. ആർ. പറയുകയുണ്ടായി, ഈ ബില്ലുകൊണ്ടുവരാൻ താമസിച്ചുപോയി എന്നു്. ഈ ബിൽ താമസിപ്പിച്ചില്ല എന്നു വരുത്താൻ ബഹുമാനപ്പെട്ട റവന്യൂമന്ത്രി കാണിക്കുന്ന വ്യഗ്രത എനിക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ടു്. എന്തെല്ലാം മുടന്തൻ ന്യായങ്ങൾ പറഞ്ഞാലും ഒരു കാര്യം വളരെ വ്യക്തമാണു സർ. ഈ ബിൽ അനാവശ്യമായി വച്ചുതാമസിപ്പിച്ചു എന്ന കുറ്റത്തിൽനിന്നു് ഇവിടത്തെ റവന്യൂമന്ത്രിക്കു് ഒരു തരത്തിലും ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ല. ഏതാനും ദിവസം അല്ലെങ്കിൽ ഏതാനും മാസം ഈ ബിൽ വച്ചുതാമസിപ്പിക്കുന്നതുകൊണ്ടുള്ള വൈഷമ്യംമാത്രം കണക്കിലെടുത്തുകൊണ്ടു് ഞാൻ പറയുകയല്ല. വെറും താമസത്തെപ്പറ്റി മാത്രമല്ല, സാധാരണക്കാർക്കു് ഈ ബില്ലിന്റെ ഗുണം അനുഭവവേദ്യമാകുന്ന ഒരു സാഹചര്യംതന്നെ ഇന്നു് ഈ രാജ്യത്തിലുണ്ടായിട്ടുള്ളതാണു് ഒരു യാഥാർത്ഥ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : നേരത്തെ അനുമതി തരണമെന്ന കേന്ദ്രത്തോട് പറയാമായിരുന്നല്ലോ?

ശ്രീ. കെ. ടി. ജോർജ്ജ് : എന്തു് കാര്യത്തിലും, സ്ഥാനത്തും അസ്ഥാനത്തും കേന്ദ്രത്തെ പഴി പറയുന്നതിന്റെ പൊള്ളത്തരം ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണു്. ഒരു ബില്ല് പാസ്സാക്കാൻ കേന്ദ്രത്തിന്റെ അനുമതി വാങ്ങിയിരിക്കണമെന്ന ഭരണഘടനയിൽ പറയുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കേന്ദ്രത്തിൽ അയച്ചതിനുശേഷം, എട്ടു പത്തു മാസം വരെ അവിടെ വച്ചുതാമസിപ്പിച്ചപ്പോഴാ ഇന്നു കാണിക്കുന്നതിന്റെ ഒരംശം വ്യഗ്രത പ്രദർശിപ്പിക്കാൻ തയ്യാറായിട്ടുണ്ടോ?

ശ്രീ. കെ. ടി. ജോർജ്ജ് : ഒരു ബിൽ ഒരു മുൻകരുതൽ നടപടി എന്ന നിലയിൽ കേന്ദ്രത്തിലേക്കയയ്ക്കുന്നതിൽ കവിഞ്ഞു്, നേരത്തെ അയച്ചു് കേന്ദ്രത്തിന്റെ അനുമതി വാങ്ങിയിരിക്കണമെന്നു് ഭരണഘടനയിൽ പറയുന്നില്ല. സൗകര്യപൂർവ്വം കേന്ദ്രത്തിന്റെ നിയമോപദേശം തേടാൻ അയയ്ക്കുകയും, ചില കാര്യങ്ങളെസംബന്ധിച്ചിടത്തോളം കേന്ദ്രത്തിന്റെ അഭിപ്രായം സ്വീകരിക്കുകയും ചെയ്തിട്ടു് കേന്ദ്രം വച്ചുതാമസിപ്പിച്ചു എന്ന കുറ്റം ആരോപിക്കുന്നതിന്റെ യുക്തിഭംഗം ആദ്യമായി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

സർ, ഈ നിയമം ഇവിടെ പാസ്സാക്കുകയോ, അഥവാ പാസ്സാക്കിയാൽ ഇതു് നടപ്പിൽ വരുത്തുകയോ ചെയ്യുമെന്നു് ഈ രാജ്യത്തെ ജനങ്ങൾക്കു് വിശ്വാസമില്ല. ഇതു് ഉടൻതന്നെ പാസ്സാക്കണമെന്നു് ഇവിടത്തെ എല്ലാ പാർട്ടികളും ആവശ്യപ്പെട്ടിട്ടുണ്ടു്. ഇതു പറയുമ്പോഴും എനിക്കു് ഉത്സവസ്ഥലത്തു് കള്ളനെ പിടിക്കാനുള്ള ശ്രമത്തിൽ, 'കള്ളൻവരുന്നേ' എന്നു പറഞ്ഞു ഓടുന്ന കൂട്ടത്തിൽ കള്ളനും കാണുമെങ്കിലും ഒടുവിൽ ആളുകൾ യഥാർത്ഥ കള്ളനെ പിടികൂടുന്ന കഥയാണു ഓർമ്മ വരുന്നതു്. ഈ ബിൽ യഥാർത്ഥത്തിൽ വച്ചു താമസിപ്പിച്ചതു് ആരാണെന്ന യാഥാർത്ഥ്യം മറച്ചു വയ്ക്കാൻ സാദ്ധ്യമല്ല. അതു മനസ്സിലാക്കാനുള്ള കഴിവു് കേരളത്തിലെ ജനങ്ങൾക്കുണ്ടു്. സ്ഥാനത്തും അസ്ഥാനത്തും കേന്ദ്രത്തെ പഴിചാരി കുറ്റാരോപണം നടത്തുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇന്നു അതിന്റെ നേതൃത്വം വഹിക്കുന്ന റവന്യൂമന്ത്രിയുമാണു് അനാവശ്യമായി ഈ ബിൽ വച്ചുതാമസിപ്പിക്കാൻ കാരണക്കാർ എന്നു് ഈ നാട്ടിലെ ജനങ്ങൾക്കു് മനസ്സിലാക്കാനുള്ള കഴിവുണ്ടെന്നാണു് എന്റെ വിശ്വാസം.

സർ, കാർഷികബന്ധ നിയമം എഴുതി പാസ്സാക്കുന്നതിനു് വൈഭവം ഉണ്ടായിരുന്ന കേരളത്തിലെ റവന്യൂ മന്ത്രിക്കു്, ഈ നിയമത്തെ സംബന്ധിച്ചിടത്തോളം മറ്റു പലരേയുംകാൾ കൂടുതൽ മനസ്സിലാക്കിയിട്ടുള്ള റവന്യൂ മന്ത്രിക്കു് അതിനൊരു ഭേദഗതി അവതരിപ്പിക്കുവാൻ 32 മാസം വേണ്ടി വന്നുവെന്നു പറയുകയാണെങ്കിൽ അതിന്റെ പൊരുൾ എന്താണു് ? ഒരു കൊല്ലമായി നിയമസഭയിൽ ഇതവതരിപ്പിച്ചു എന്നാണു് പറയുന്നതു്. എന്തിനു ഒരു കൊല്ലം ഇതു പാസ്സാക്കുന്നതിനു താമസിപ്പിച്ചു. ഇത്രയും വലിയ ഒരു സെലക്ട് കമ്മറ്റി എവിടെയെങ്കിലും കേട്ടിട്ടുണ്ടോ ? ഈ സഭയുടെ ഏതാണ്ടു മൂന്നിലൊരു ഭാഗം അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടു ഇതിലെകാര്യങ്ങൾ പരിശോധിക്കുകയാണു് ചെയ്തതു്. സെലക്ട് കമ്മറ്റിയിൽ 42, 41 അംഗസംഖ്യ. ഇത്രയധികം ആളുകളെ സെലക്ട് കമ്മറ്റിയിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുറപ്പാടുകണ്ടപ്പോഴെ അതു സെലക്ട് കമ്മറ്റി റിപ്പോർട്ട് പുറത്തു കൊണ്ടുവരാനോ എളുപ്പം പാസ്സാക്കിയെടുക്കുവാനോ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല എന്നു് കേരളത്തിലെ ജനങ്ങൾക്കു് മനസ്സിലായിട്ടുണ്ടു്. ഇപ്പോഴും അതിനു വേറൊരു രൂപം നൽകിയിരിക്കുകയാണു്.— നാച്ചുറൻ ജസ്റ്റീസിനു എതിരാണെന്നു മുസ്ലീം ലീഗും കടികിടപ്പുകാർക്കു് ആനുകൂല്യം നൽകാത്തതാണു്, പെറുകിടക്കാർക്കു പ്രതികൂലമായി ബാധിക്കുന്നതാണെന്നു വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയും എസ്. എസ്.

LIBRARY ARCHIVES Kerala Legislative Assembly

പിയും, ഐ. എസ്. പിയും. എല്ലാം പറഞ്ഞുകൊണ്ട് ഭരണകക്ഷിയിൽ ഉൾപ്പെടെയുള്ള ആളുകളും ഡിസൻറിംഗ് നോട്ട് എഴുതിയിട്ടുള്ള വിചിത്രമായ പ്രതിഭാസം എന്താണ് തെളിയിക്കുന്നത് ? അനുകൂലമായ സാഹചര്യം ഉണ്ടായിരുന്നപ്പോൾ എന്തുകൊണ്ട് ഈ നിയമം പാസ്സാക്കിയില്ല. ഐക്യം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുന്ന ഒരു കാലം ഉണ്ടായിരുന്നല്ലോ ? ആ കാലത്തു ഇതുപോലുള്ള നല്ല നല്ല ബില്ലുകളും കൊണ്ടുവന്നു പാസ്സാക്കുന്നതിനു പകരം ചെറിയതും അപ്രധാനങ്ങളുമായ ബില്ലുകളും കൊണ്ടുവന്നു പാസ്സാക്കുന്നതിനുള്ള വ്യഗ്രതയാണ് കാണിച്ചത്. ഇപ്പോൾ യാതൊന്നും നടക്കുകയില്ല എന്ന അവസരം ഉണ്ടായപ്പോൾ, മന്ത്രിസഭയുടെ മരണമണിനാദം മുഴങ്ങിത്തുടങ്ങിയപ്പോൾ, മന്ത്രിസഭയുടെ ആയുസ്സ് തുലാസിൽ തൂങ്ങിനിൽക്കുന്ന അവസാന നിമിഷത്തിൽ കാർഷികബന്ധനിയമം പാസ്സാക്കണമെന്നു പറയുന്നതിന്റെ പൊരുൾ എല്ലാവർക്കും മനസ്സിലാക്കുവാൻ കഴിയും. അതിന്റെ പൊരുൾ വേറൊന്നും അല്ല. മാർക്സിസ്റ്റ് പാർട്ടിയുടെ തുറുപ്പുചീട്ടാണ് ഈ ബിൽ. ആ തുറുപ്പ് ഗ്രൂപ്പാൻ ഒരിക്കലും ഇറക്കുകയില്ല. അവസാന ഭോഗത്തേയ്ക്കു മാറ്റിവച്ചിരിക്കുകയാണ്. എന്തുകൊണ്ട് ? കേരളത്തിന്റെ മന്ത്രിസഭയുടെ ശരാശരി ആയുർദൈർഘ്യം എത്രയാണെന്നു ഏതാണ്ടു എല്ലാവർക്കും മനസ്സിലാക്കാവുന്ന കാര്യമാണല്ലോ ? അതെല്ലാം മനസ്സിലാക്കിക്കൊണ്ട് കക്ഷികളും തമ്മിൽ പിണങ്ങി അവസാനം മന്ത്രിസഭ താഴെ വീഴാൻ പോകുന്ന ഈ 11-ാം മണിക്കൂറിൽ ഈ ബിൽ അവതരിപ്പിച്ചതിന്റെ ഉദ്ദേശം മറ്റൊന്നുമല്ല. ഈ ബില്ലിനെതിരായി ചില ശക്തികളും നിന്നുകൊണ്ടു അവസാനം മന്ത്രിസഭയെ താഴെ വീഴ്ത്തിയെന്ന കഥയുമായി ജനങ്ങളെ സമീപിക്കുവാനാണ്. സർ, ഒരു കാര്യം വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ബില്ല് പാസ്സാക്കാതിരിക്കുവാനുള്ള ഉത്തരവാദിത്വം ഈ മന്ത്രിസഭയെ താഴെ വീഴ്ത്തുന്ന ആളുകൾക്കായിരിക്കുകയില്ല.

ശ്രീ. പി. ഗംഗാധരൻ : എത്രയും വേഗം ഈ ബിൽ പാസ്സാക്കണമെന്നുള്ളതല്ലേ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം. എങ്കിൽ അതുമാത്രം പറഞ്ഞാൽ മതിയല്ലോ ?

ശ്രീ. കെ. ടി. ജോർജ് : അതു മാത്രം പറഞ്ഞാൽ പോരാ. മറ്റു ചിലതുംകൂടി പറയാനുണ്ട്. മന്ത്രിസഭ നിലംപതിക്കും എന്നു തീർച്ചയായപ്പോൾ ഈ ബില്ലു കൊണ്ടുവന്നിരിക്കുന്നതു ഈ ബിൽ പാസ്സാക്കുവാൻ കഴിയാതെ വരികയാണെങ്കിൽ അതു തൽപ്പരകക്ഷികളുടെ ആഹ്വാനം കൊണ്ടാണെന്നു വരുത്തുവാനുള്ള വ്യഗ്രത കൊണ്ടാണ്. ഈ ബിൽ പാസ്സാക്കുവാനും നടപ്പിലാക്കുവാനും കഴിയാതെ വരികയാണെങ്കിൽ അങ്ങനെയൊരു സാഹചര്യം സൃഷ്ടിക്കുകയാണെങ്കിൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും റവന്യൂ മന്ത്രിയുടെ ചുമലിൽ ഇരിക്കും. ഈ ബില്ല പാസ്സാക്കിയെടുക്കുവാൻ ഈ ഗവണ്മെൻറിനു അശേഷവും താൽപ്പര്യമില്ല എന്നതിനു ഉപോൽബലകമായി മറ്റൊരു കാര്യം ഞാൻ പറയാം. ഈ 32-ാം മാസത്തിൽ ബിൽ പാസ്സാക്കുവാൻ സമയം ഉള്ളപ്പോൾ മാർക്സിസ്റ്റു പാർട്ടി ആഹ്വാനം ചെയ്തിട്ടുള്ളതു എന്തിനാണ് ? മിച്ചഭൂമി കയ്യേറിക്കോ എന്നാണ്. ആ ഒറ്റ പ്രസ്താവനകൊണ്ടുമാത്രം ഈ നിയമം പാസ്സാക്കി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല എന്നതിന്റെ സൂചന ലഭിക്കുന്നില്ലേ ? അതാണ് നിങ്ങൾ ഉദ്ദേശിച്ചിരുന്നതെങ്കിൽ, കാർഷിക രംഗത്തു ഇത്തരം പരിവർത്തനം വരുത്താനാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ ഈ ഗവണ്മെൻറ് അധികാരത്തിൽ പ്രവേശിച്ച ഉടനെതന്നെ ആ പ്രഖ്യാപനം നടത്താമായിരുന്നില്ലേ ? ഇത്രയും നാൾ എന്തിനു താമസിപ്പിച്ചു. ഈ പ്രഖ്യാപനം നേരത്തെ നടത്തിയിരുന്നെങ്കിൽ മിച്ച ഭൂമിയിൽ തൈ വച്ചുപിടിപ്പിക്കുകയോ ഏത്തവാഴ നട്ടുപിടിപ്പിക്കുകയോ ചെയ്തിരുന്നെങ്കിൽ അതിൽ നിന്നും കുറച്ചു ഫലം കിട്ടാൻ സമയമാകുമായിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ നിയമം എളുപ്പം പാസ്സാക്കുവാനുള്ള വ്യഗ്രതകൊണ്ടു റൂൾ 78 അങ്ങയുടെ ശ്രദ്ധക്കായി ഞാൻ വായിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

78. Scope of debate on report of Select committee.— The debate on a motion that the Bill as reported by the Select committee be taken into consideration shall be confined to consideration of the report of the committee and the matters referred to in that report or any alternative suggestions consistent with the principle of the Bill.

ഇതു പാസ്സാക്കണമെന്നു ആഗ്രഹിക്കുന്ന ആളുകൾ ഈ രൂപം സ്വീകരിച്ചു ഫാളോചെയ്യണം. അങ്ങുംകൂടി അതൊന്നു ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുകയാണു്.

ശ്രീ. കെ. ടി. ജോർജ്ജു് : ഈ ബില്ലിനെ സംബന്ധിച്ചു ആമുഖമായിട്ടു പറഞ്ഞപ്പോൾ അതിന്റെ പശ്ചാത്തലം പറഞ്ഞു എന്നേയുള്ളൂ. ഞാൻ ബില്ലിനെ സംബന്ധിച്ചതന്നെ പറയാം. കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിൽ ആകമാനം ഉള്ള ഭൂപരിഷ്ക്കരണം സംബന്ധിക്കുന്ന നിയമം എത്രയും വേഗം പാസ്സാക്കി നടപ്പിലാക്കണമെന്നു ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ആവശ്യപ്പെട്ടിട്ടുണ്ടു്. അതു സംബന്ധിച്ചു കത്തു സംസ്ഥാനങ്ങളിലെ എല്ലാ മുഖ്യമന്ത്രിമാർക്കും അയച്ചു കൊടുത്തിട്ടുണ്ടു്. ഭരണഘടനയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള നിയമ നിർമ്മാണം നടത്തുന്നതിനു കൂടുകഷമായി ശ്രദ്ധിക്കണമെന്നു ആദ്യമേ പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. അതായതു് അപ്രായോഗികമായ പല ഭാഗങ്ങളും ഈ ബില്ലിൽ ഉൾക്കൊള്ളുന്നുണ്ടോ എന്നു എനിക്കു് സംശയമുണ്ടു്. അങ്ങനെയുള്ള ഭാഗങ്ങൾ ഉൾക്കൊള്ളിക്കുവാനുള്ള പ്രവണത ഇതിൽ ഉടനീളം കാണുന്നുണ്ടു്. അതു വേറൊന്നുമല്ല. ഭരണഘടനാവിരുദ്ധമായ ഭാഗങ്ങൾ എഴുതിവച്ചശേഷം അതു ഒടുവിൽ ഭരണഘടനാവിരുദ്ധമാണു് എന്നു കോടതി പ്രഖ്യാപിക്കുന്ന അവസരത്തിൽ കോടതിയും ഭരണഘടനയും ആണു് ഇതുമാതിരിയുള്ള നിയമനിർമ്മാണങ്ങൾക്കു തടസ്സമായി നിൽക്കുന്നതെന്നു ജനസാമാന്യത്തിൽ ബോധ്യം വരുത്തുവാൻ വേണ്ടിയല്ലേ ഇങ്ങനെയുള്ള കരുനീക്കങ്ങൾ ഇതിലുള്ളതെന്നു ഞാൻ ചോദിക്കുകയാണു്. വിദ്യാഭ്യാസ ബില്ലിന്റെ അനുഭവം ഈ ബില്ലിലെങ്കിലും ഉണ്ടാകാതിരിക്കണമെന്നു ആത്മാർത്ഥമായി ആഗ്രഹിക്കുന്നതുകൊണ്ടു ഒന്നു രണ്ടു കാര്യങ്ങൾകൂടി പറയണമെന്നു ഞാനാഗ്രഹിക്കുകയാണു്. ഭൂനിയമത്തെ സംബന്ധിച്ചു അവസാനത്തേതാണെന്നു കരുതാവുന്ന സുപ്രധാനമായ ഒരു വിധി ഗവണ്മെന്റു ശ്രദ്ധിച്ചു കാണുമെന്നു ഞാൻ വിശ്വസിക്കുകയാണു്. 1967-ലെ സുപ്രീംകോടതിയുടെ നടപടിയിൽ കോലത്തുനാഥു് പഞ്ചാബു് സ്റ്റേറ്റിനു എതിരായി (Kolathnath Vs. State of Punjab) എന്ന കേസാണു് നമുക്കു് ആധാരമായിട്ടുള്ളതു്. ആ വിധിയുടെ പ്രൊസീഡിംഗ്സിൽ മേലാൽ ഒരിക്കലും ഫണ്ടമെന്റൽ റൈറ്റ്സിനു വിഘാതമായിട്ടുള്ള വകുപ്പുകൾ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു ഭൂനിയമവും ഉണ്ടാക്കാൻ പാടില്ല എന്നു വ്യക്തമായിട്ടു പറഞ്ഞിരിക്കുമ്പോൾ മൗലികാവകാശങ്ങളെ ധ്വംസിക്കുന്ന ഏതെങ്കിലും വകുപ്പു ഈ ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പാവപ്പെട്ടവർക്കും സാധാരണ കുടിയാന്മാർക്കും കർഷകർക്കും ഈ ബില്ലു പ്രകാരം നാം പറഞ്ഞിട്ടുള്ള ഗുണങ്ങൾ ഒന്നും അനുഭവയോഗ്യമല്ലാതായിത്തീരും. അതുപോലെതന്നെ ഭരണഘടനാവിരുദ്ധമെന്നു പ്രഥമദൃഷ്ട്യാതോന്നുന്ന വകുപ്പുകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. ഇതു ഞാൻ പറയുന്നതു ബില്ലിലെ വകുപ്പു് പൊതുവായി പരിശോധിക്കുന്നതിനായിട്ടാണു്. കുടിയാന്മാരുടെ അവകാശങ്ങൾ അഭംഗുരം പാലിക്കണമെന്നുള്ളതിൽ ആർക്കും യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. അതേ അവസരത്തിൽ തന്നെ വളരെയധികം അവകാശങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണു് കുടിയായ്മ അവകാശം എന്നിരിക്കേ ആ കുടിയായ്മ മറ്റാരാളിൽ നിക്ഷിപ്തമാക്കുകയാണെങ്കിൽ അതു കുടിയാനാകുമോ എന്നുള്ള കാര്യം കൂടുകഷമായിചിന്തിക്കേണ്ടതാണു്. കുടിയായ്മയുടെ വ്യാപ്തി വർദ്ധിപ്പിച്ചു് അതുമായി ബന്ധപ്പെടാത്ത ആളുകളെക്കൂടി കുടിയായ്മ വകുപ്പിൽ ഉൾപ്പെടുത്തുന്നുണ്ടു്. 1961-ലെ നിയമത്തിൽ പെടാതിരുന്ന ചിലരെ ശ്രീ. പി. ടി. ചാക്കോ അവതരിപ്പിച്ച പാസ്സാക്കിയെടുത്ത നിയമത്തിൽ കുടിയാന്മാരായി ഉൾപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെ കുടിയായ്

LIBRARY ARCHIVES Kerala Legislative Assembly

അവകാശം കിട്ടാൻ അർഹരായവർ വന്നാൽ അവരേയും ഉൾക്കൊള്ളിക്കേണ്ടതു് അത്യാവശ്യം തന്നെയാണു്. അതുകൊണ്ടാണു് കൊച്ചിയിലെ പണയ കടിയാനേയും 1964–ലെ നിയമത്തിൽ കുടിയാനായി അംഗീകരിക്കുവാൻ സാധിച്ചിട്ടുള്ളതു്. അതുപോലെതന്നെ മലബാറിലെ ചിലരെയും ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടു്. അതുപോലെതന്നെ രേഖയില്ലാത്തവർക്കും സംരക്ഷണം നൽകാൻ സാധിച്ചിട്ടുള്ളതു 1964–ലെ ഭൂപരിഷ്ക്കരണ ഭേദഗതി നിയമത്തിൽകൂടിയാണു്. അതല്ലാം കണ്ടിട്ടാണോ എന്നറിവില്ല, കാർഷിക ബന്ധ നിയമത്തിനെക്കാൾ വ്യാപ്തി വർദ്ധിപ്പിച്ചുകൊണ്ടു് യഥാർത്ഥ കുടിയാന്മാരായ പല ആളുകൾക്കും കുടിയായ്മ അവകാശം നൽകാൻ ശ്രീ. പി. ടി. ചാക്കോയ്ക്കു കഴിഞ്ഞു എന്നുള്ള വ്യഗ്രത കൊണ്ടാണോ എന്നറിവില്ല. യഥാർത്ഥ കുടിയാന്മാരെക്കാൾ കൂടുതൽ ആളുകളെ ഈ ബില്ലിൽ കുടിയാന്മാരായി ഉൾപ്പെടുത്തുവാനുള്ള ഒരു വ്യഗ്രത കാണുന്നുണ്ടു്. ഉദാഹരണമായി ക്ലാസു് 4 (എ) എന്ന വകുപ്പിൽ പണയക്കാരെ സംബന്ധിച്ചിടത്തോളം ഉള്ള വ്യവസ്ഥയാണു് എഴുതിവച്ചിട്ടുള്ളതു്. അൻപതുകൊല്ലം തുടർച്ചയായി കൈവശം വച്ചുകൊണ്ടിരിക്കുന്ന പണയക്കുടിയാനെ സംബന്ധിച്ചിടത്തോളം അതു ടെനൻറാണെന്നു പറഞ്ഞിട്ടുണ്ടു്. തുടർച്ചയായി 50 കൊല്ലം കൈവശം വച്ചാൽ പണയക്കാരൻ ടെനൻറായി മാറും. അതുപോലെതന്നെ മുപ്പതുകൊല്ലം കൈവശം വയ്ക്കുകയാണെങ്കിൽ അവിടെ സബ്സ്റ്റാൻഷ്യൽ ഇംപ്രൂവ്മെൻറു് നടത്തിയിട്ടുണ്ടെങ്കിൽ ടെനൻറായി മാറും. സബ്സ്റ്റൻഷ്യൽ ഇംപ്രൂവ്മെൻറു എന്താണെന്നു നിർവചിച്ചിട്ടുണ്ടു്. സ്ഥലത്തിൻറെ 25 ശതമാനത്തോളം വിലവർദ്ധനവു ഉണ്ടാകുന്ന ഇംപ്രൂവ്മെൻസുണ്ടെങ്കിൽ അതു മുപ്പതുവർഷം കൈവശം വച്ചിട്ടുണ്ടെങ്കിൽ അവരെ കുടിയാനായി കണക്കാക്കുമെന്നു ഇതിൽ പറഞ്ഞിരിക്കുകയാണു്. മുപ്പതുകൊല്ലവും അമ്പതു കൊല്ലവും കൈവശം വയ്ക്കുന്ന പണയക്കുടിയാനെ സംബന്ധിച്ചിടത്തോളം ആ ഭൂമി കൂടി ഒഴിപ്പിക്കുവാൻ പാടില്ല എന്നുള്ള വ്യക്തമായിട്ടുള്ള വ്യവസ്ഥകൂടി ഇപ്പോൾതന്നെ ഉണ്ടായിരിക്കേ അങ്ങനെയുള്ള പണയ കുടിയാനെ സംബന്ധിച്ചിടത്തോളം അവരെ കുടിയാന്മാരായി കണക്കാക്കുമെന്നും അവരുടെ കൈവശമുള്ള ഭൂമി തിരിച്ചുകൊടുക്കേണ്ടതില്ല എന്നു പ്രത്യേകം എടുത്തുപറയേണ്ട കാര്യമുണ്ടോ എന്നു എനിക്കു സംശയമുണ്ടു്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : അകു്നോളഡ്ജ്മെൻറുള്ള ഒറിജിനലുകളെ സംബന്ധിച്ചിടത്തോളവും കാലാവധി പറഞ്ഞിട്ടുള്ള ഒറിജിനലുകളെ സംബന്ധിച്ചിടത്തോളവും മുപ്പതുകൊല്ലം കൈവശം വച്ചിരുന്നാലും കാലഹരണമാകുകയില്ല എന്നുള്ള കാര്യം അറിയാമോ ?

ശ്രീ. കെ. ടി. ജോർജ്ജ് : സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറിൻറെ സൗജന്യമോ സൗമനസ്യമോ ഒന്നും കൂടാതെതന്നെ മുപ്പതുവർഷം കൈവശം വച്ചിരുന്നാൽ അതു ഒഴിപ്പിക്കുവാൻ സാധ്യമല്ല എന്നു വ്യവസ്ഥയുണ്ടു്. അതുപോലെ തന്നെ 50 കൊല്ലം കൈവശം വച്ചിട്ടുള്ള പണയക്കുടിയാനേയും. ഈ രണ്ടുകൂട്ടരേയും ടെനൻറായി ട്രീറ്റുചെയ്യാൻ നിങ്ങളുടെ സൗജന്യവും സൗമനസ്യവും ആവശ്യമില്ല എന്നാണു് ഞാൻപറഞ്ഞു വരുന്നതു്. It is a lesser right; restricted right.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ലാ ഓഫ് ലിമിറേഷനിലെ പ്രിസ്ക്രിപ്ഷൻ കൊണ്ടു് കിട്ടുന്ന അവകാശം എടുത്തു കളഞ്ഞിട്ടുണ്ടോ ? ലാ ഓഫ് ലിമിറേഷനിലെ പ്രിസ്ക്രിപ്ഷൻ കൊണ്ടു് പൂർണ്ണ അവകാശം ഇല്ലാത്തവരെ പ്രൊജക്ട് ചെയ്യാനല്ലേ ഈ വ്യവസ്ഥ.

ശ്രീ. കെ. ടി. ജോർജ്ജ് : കുറുക്കം ചിലയാളുകൾക്കുമാത്രമേ ഇതു് പ്രയോജനപ്പെടുകയുള്ളുവെന്നും അതിനുമുമ്പു് ഇതിനെക്കാൾ വലിയ ആനുകൂല്യങ്ങളും ഉണ്ടായിരുന്നുവെന്നുമാണു് ഞാൻ സൂചിപ്പിക്കുന്നതു്. പൂർണ്ണമായി കൈവശം വെയ്ക്കാനുള്ള അവകാശം കൊടുക്കുകയല്ലേ, അതിനുപകരം ടെനൻറായി വെട്ടി കുറയ്ക്കാനല്ലേ ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമം കൊണ്ടു പ്രയോജനപ്പെടുകയുള്ളൂ. മുപ്പതു് കൊല്ലം കൈവശം വയ്ക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം 25 ശതമാനം വില വർദ്ധിപ്പിക്കത്തക്കവിധത്തിൽ സബ് സ്റ്റാൻഷ്യൽ ഇംപ്രൂവ്മെൻറിനെ സംബന്ധിച്ചു് പറയുന്നതിൽ എനിക്കു് ഒരു സംശയമുണ്ടു്. സാധാരണ വസ്തുക്കളെ സംബന്ധിച്ചിടത്തോളം 25 ശതമാനം വില വർദ്ധിപ്പിക്കത്തക്കവിധത്തിലുള്ള ഇംപ്രൂവ്മെൻറു് വളരെ നിഷ്പ്രയാസം ഉണ്ടാക്കാൻ സാധിക്കും. മുപ്പതു് വർഷം കൈവശമിരിക്കുമ്പോൾ എന്തെങ്കിലും ഡേഹണ്ഡം ചെയ്തിട്ടുണ്ടെങ്കിൽ ഇരുപത്തിയഞ്ചു ശതമാനം വില വർദ്ധിക്കത്തക്കവിധത്തിൽ ഇംപ്രൂവുമെൻറു് ഉണ്ടാക്കാൻ സാധിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. പക്ഷെ നിലങ്ങളെ സംബന്ധിച്ചിടത്തോളം ഇതെങ്ങിനെ ബാധിക്കുമെന്നുള്ളതിൽ എനിക്കു് വളരെയധികം സംശയമുണ്ടു്. ഇരുപത്തിയഞ്ചോ, മുപ്പതോ, നാൽപ്പതു് കൊല്ലംതന്നെ നിലങ്ങൾ കൈവശം വച്ചിരുന്നാലും ഇരുപത്തിയഞ്ചു ശതമാനം വില വർദ്ധിപ്പിക്കത്തക്കവിധത്തിലുള്ള ഇംപ്രൂവ്മെൻറു് പരുത്താൻ എങ്ങനെ സാധിക്കും? നിലങ്ങളെ സംബന്ധിച്ചിടത്തോളം മറ്റു പുരയിടങ്ങളെപ്പോലെ ഡേഹണ്ഡം ചെയ്യാനുള്ള കഴിവു് വളരെ പരിമിതമായിരിക്കേ 25 ശതമാനം വില വർദ്ധിപ്പിക്കത്തക്കവിധത്തിലുള്ള ഇംപ്രൂവ്മെൻറു് വേണമെന്നുള്ള വകുപ്പു് ഉൾക്കൊള്ളിക്കുകയാണെങ്കിൽ അതു് പുരയിടങ്ങളേയും നിലങ്ങളേയും തമ്മിൽ വിവേചനപ്പെടുത്തുന്ന ഒരു വകുപ്പായിത്തീരും. അക്കാര്യം കണക്കിലെടുത്തുകൊണ്ടു് നിലങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് ബാധകമാകുകയില്ലെന്നു് ഈ നിയമത്തിൽ ഒരു ഭേദഗതി വരുത്തണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. ആർ. എസ്. ഉണ്ണി: ധാരാളം പ്രദേശങ്ങളിൽ നിലങ്ങൾ നികത്തി തെങ്ങുകൾ വയ്ക്കുകയും പുരകൾ കെട്ടി താമസിക്കുകയും ചെയ്യുന്നുണ്ടു്. അങ്ങനെയുള്ള നിലങ്ങളെ ഇതിൽനിന്നും ഒഴിവാക്കേണ്ട ആവശ്യമുണ്ടോ ?

ശ്രീ. കെ. ടി. ജോർജ്ജ് : ബഹുമാനപ്പെട്ട മെമ്പർ ഉണ്ണി പറഞ്ഞിട്ടുള്ളതുപോലെ ചില സ്ഥലങ്ങളിലുള്ള നിലങ്ങൾ ഉള്ളവർക്കു് ഇത്തരത്തിലുള്ള ആനുകൂല്യം കിട്ടിയിരിക്കാം. അല്ലാതെ നിലങ്ങളെ നിലങ്ങളായിട്ടു തന്നെ സൂക്ഷിച്ചു് സംരക്ഷിച്ചു് കഴിഞ്ഞ മുപ്പതുകൊല്ലമായി അനുഭവിച്ചുവരുന്നവർ ധാരാളം ഉണ്ടു്. ആ നിലങ്ങളിലെല്ലാംതന്നെ 25 ശതമാനം വില വർദ്ധിക്കത്തക്കവിധത്തിലുള്ള ഡേഹണ്ഡം ഉണ്ടാക്കുന്നതിനുള്ള സൗകര്യം ഇല്ല.

ശ്രീമതി. കെ. ആർ. ഗൗരി : ബഹുമാനപ്പെട്ട മെമ്പർ ആദ്യം ഇവിടെ പറഞ്ഞതു് ഈ വകുപ്പു് കൊണ്ടു് ആർക്കും ഒരു ഗുണവും ഇല്ലെന്നാണു്. പിന്നെ പറയുകയുണ്ടായി ഇതുകൊണ്ടു് കുറെപ്പേർക്കു് മാത്രമേ ഗുണം കിട്ടുകയുള്ളുവെന്നു്. ഇപ്പോൾ പറയുന്ന ഇതുകൊണ്ടു് നിലങ്ങൾ കൈവശം വെച്ചുകൊണ്ടിരിക്കുന്നവർക്കു് യാതൊരു ഗുണവും കിട്ടുകയില്ല, അതുകൊണ്ടു് അതിലൊരു ഭേദഗതി വരുത്തണമെന്നു്. ഈ നിയമത്തിൽ കൊടുത്തിട്ടുള്ള ഇംപ്രൂവ്മെൻറു് ഡഫനിഷൻ വായിക്കുകയാണെങ്കിൽ ഇങ്ങനെയുള്ള സംശയങ്ങളൊന്നും ഉണ്ടാകുകയില്ല. അതുകൊണ്ടു് ദയവു ചെയ്തു ആ ഡഫനിഷൻ ഒന്നു് വായിച്ചാൽ കൊള്ളാം ?

ശ്രീ. കെ. ടി. ജോർജ്ജ് : ഞാൻ ആദ്യം പറഞ്ഞുകൊണ്ടുവന്ന വാദം മുറുകെ പിടിച്ചുകൊണ്ടുതന്നെയാണു് ഇപ്പോഴും നില്ക്കുന്നതു്. അതേസംബന്ധിച്ചുതന്നെയാണു് ഞാൻ ഇപ്പോഴും പറയുന്നതു്. അക്നോളജ്മെൻറു് വ്യവസ്ഥയിലുള്ള പണയത്തെ സംബന്ധിച്ചിടത്തോളം മുപ്പതു കൊല്ലത്തെ കാലാവധി കഴിഞ്ഞാലും ഇതുകൊണ്ടുള്ള ആനുകൂല്യം കിട്ടുന്നില്ല. ഇങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഞാൻ ആദ്യം പറഞ്ഞ വാദഗതിയും ഇപ്പോൾ പറയുന്ന വാദഗതിയും തമ്മിൽ യാതൊരു പൊരുത്തക്കേടുമില്ലെന്നു് വ്യക്തമായി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി പറയുവാനുള്ളതു് പണയം കൊടുത്തു് ഇരുപതു് കൊല്ലമായ വസ്തുക്കളെ സംബന്ധിച്ചിടത്തോളം, പണയം വാങ്ങിയ ആൾ ആ വസ്തുവിൽ പുര വെച്ചു് താമസിക്കുകയാണെങ്കിൽ ആ ആളിനെ ടെനൻറായി കണക്കാക്കുമെന്നാണു്. ആ ആളിനു് വേറെ രണ്ടേക്കർ വസ്തുവരെ കൈവശം വെയ്ക്കാമെന്നും പറഞ്ഞിട്ടുണ്ടു്. രണ്ടേക്കർ വസ്തു സ്വന്തമായിട്ടുണ്ടെങ്കിൽപോലും വേറെ പണയം വാങ്ങിച്ച വസ്തുവിൽ ഇരുപതു കൊല്ലമായി കൈവശംവച്ചു് പുരവച്ചു് താമസിക്കുകയാണെങ്കിൽ ആ ആളിനെ കുടിയാനായി കണക്കാക്കുമെന്നാണു് പറഞ്ഞിരിക്കുന്നതു്. സർ, ഈ പണമിടപാടുകാരൻ എന്നുവെച്ചാൽ എന്താണെന്നാണു് ഗവണ്മെൻറു് ധരിച്ചിട്ടുണ്ടോ ? ഇല്ലാത്തവരിൽനിന്നും എടുത്തു് ഉള്ളവനു് കൊടുത്തു സഹായിക്കുകയാണോ, അതോ ഉള്ളവനിൽനിന്നും എടുത്തു് ഇല്ലാത്തവനു് കൊടുത്തു സഹായിക്കുകയാണോ ഈ ഗവണ്മെൻറിൻെറ നടപടികൾ എന്നു് വ്യക്തമാക്കണം. പണത്തിനു് ക്ഷാമം ഉണ്ടാകുമ്പോൾ ജീവിക്കാൻ മറ്റു മാർഗ്ഗമൊന്നുമില്ലാ എന്നു വരുമ്പോൾ സ്വന്തം പുരയിടം പണയപ്പെടുത്തുന്ന ഏർപ്പാടു് നമ്മുടെ സംസ്ഥാനത്തു് ധാരാളമുണ്ടു്. മറ്റൊരു വരുമാനമാർഗ്ഗവുമില്ലാതെ ഇരുപതു് കൊല്ലത്തിനുമുൻപു് അഞ്ഞൂറു രൂപയ്ക്കോ മറ്റോ പണയപ്പെടുത്തിയിട്ടുണ്ടായിരിക്കും. ആ പുരയിടത്തിൽ പണയം വാങ്ങിയ ആൾ പുരവെച്ചു് ഇരുപതു് കൊല്ലമായി താമസിക്കുകയാണെങ്കിൽ, അയാൾക്കു് മറ്റൊരു രണ്ടേക്കർ സ്ഥലവും മറ്റു സൗകര്യങ്ങളുമെല്ലാം ഉണ്ടായിരുന്നാലും അയാളെ കുടിയാനായി കണക്കാക്കാമെന്നാണു് പറഞ്ഞിരിക്കുന്നതു്. പണയം കൊടുത്തയാളിനു് അഞ്ഞൂറു രൂപ കൊടുത്തു ഒഴിപ്പിച്ചെടുക്കാനുള്ള സാമ്പത്തികശേഷിയില്ലായിരുന്നുവെന്നുള്ള ഒരൊറ്റ കാരണംകൊണ്ടു് അയാൾക്കു് ആ വസ്തു നഷ്ടപ്പെടുകയാണു്. അതുകൊണ്ടു് ഈ വകുപ്പുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് പണക്കാരെ സഹായിക്കാനല്ലേ? ഇതു് പ്രത്യക്ഷത്തിൽ നിലനിൽക്കത്തക്കവിധത്തിലുള്ള ഒരു വകുപ്പല്ല, നാച്വറൽ ജസ്റ്റീസിനു് വിരുദ്ധമായിട്ടുള്ള ഒന്നാണു്. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിനു് വിരുദ്ധമായിട്ടുള്ള ഒന്നല്ലേ? ഈക്വാളിറ്റി ബിഫോർ ലാ എന്നു് ഭരണഘടനയിൽ പറഞ്ഞിരിക്കുന്നതിനു് എതിരല്ലേ? മാസ്മരവിദ്യ കൊണ്ടു് നിയമം ഉണ്ടാക്കാനൊന്നും സാധിക്കുകയില്ല. once a mortgagee, always a mortgagee എന്നാണു് പറഞ്ഞിട്ടുള്ളതു്. ഒരു പണയം എന്നു തുടങ്ങിയാലും അതെന്നു് അവസാനിച്ചാലും, പണയം പണയമാണെന്നു് ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിൽ എഴുതിവെച്ചിട്ടുണ്ടു്. അതിനു് വിരുദ്ധമായി പണയം വാങ്ങിച്ച സ്ഥലത്തു് പുരകെട്ടി ഇരുപതു് കൊല്ലമായി താമസിക്കുകയാണെങ്കിൽ അതു് സ്വന്തമാക്കാമെന്നു് ആരും എഴുതിവെച്ചാലും ആ നിയമം നിലനിൽക്കുകയില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഉള്ളവനു് കൂടുതൽ കൂടുതൽ കൊടുത്തു് സഹായിക്കുന്നതിനുവേണ്ടി എഴുതിവെച്ചിട്ടുള്ള ഈ വകുപ്പു് നിയമത്തിനും, നീതിയ്ക്കും, ഭരണഘടനയ്ക്കും യോജിച്ചതല്ലെന്നു് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണു്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭരണഘടനയ്ക്കു് എതിരായിട്ടുള്ള വകുപ്പുകൾ എഴുതിവെച്ചിട്ടു് അതു് പാസാക്കാൻ സാധിക്കാതെ വരുമ്പോൾ ഭരണഘടനയ്ക്കെതിരായിട്ടു പ്രസംഗിക്കുന്നതിനു വേണ്ടിയല്ലേ നിങ്ങൾ ശ്രമിക്കുന്നതു്. അതല്ലാതെ ഈ വകുപ്പുകളെ സംബന്ധിച്ചിടത്തോളം ഒരു ന്യായീകരണവും കാണുന്നില്ല. ഇതിലുള്ള വേറൊരു സംഗതി പണയം കൊടുക്കുന്ന ആളുകളുടെ സാമ്പത്തികസ്ഥിതി കണക്കിലെടുക്കുന്നില്ലെന്നുള്ളതാണു്. പണയം കൊടുക്കുന്ന ആളിനു് പുരവെച്ചു് താമസിക്കാൻ വേറെ ഒരിഞ്ചു ഭൂമിപോലും ഇല്ലെങ്കിലും അയാൾക്കു് പണയം കൊടുത്ത ഭൂമി തിരിച്ചെടുക്കാൻ സാധിക്കുകയില്ലെന്നാണു് പറഞ്ഞിരിക്കുന്നതു്. നേരെമറിച്ചു് പണയം വാങ്ങിക്കുന്ന ആളിനു് വേറെ രണ്ടേക്കർ വസ്തുവിൻെറ ഉടമയാകാനുള്ള അവകാശവും പണയം വാങ്ങിച്ച ഭൂമിയിലെ കുടിയായ്മാവകാശവും കൊടുക്കുകയാണു്. ഇതു് യാതൊരു ജസ്റ്റിഫിക്കേഷനുമില്ലാത്തതാണു്.

ശ്രീമതി കെ. ആർ. ഗൗരി : ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞുവന്നതും ഇപ്പോൾ പറയുന്നതും പരസ്പരം വിരുദ്ധമായിട്ടുള്ള കാര്യമാണു്. പറഞ്ഞിട്ടുള്ളതെല്ലാം തന്നെ നിയമസഭാ റിക്കാർഡിൽ കാണും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്: എന്താണു് പരസ്പരവിരുദ്ധമായിട്ടുള്ളതു്. ഈ നിയമത്തിൽ കൊടുത്തിരിക്കുന്ന വകുപ്പുകളും അതേപടി അംഗീകരിച്ചാൽ വരാവുന്ന ഭവിഷ്യത്തുക്കളെപ്പറ്റിയാണു് ഞാൻ പറയുന്നതു്. ഞാൻ പറഞ്ഞുവരുന്നതൊന്നുംതന്നെ പരസ്പരം വിരുദ്ധമായിട്ടുള്ളതല്ല. ഞാൻ എന്റെ അഭിപ്രായങ്ങളും പറയുകയാണു്. ഈ ബില്ലിലെ തത്വങ്ങളും അംഗീകരിക്കാൻ സാദ്ധ്യമല്ലാത്തതിനെപ്പറ്റി ഞാൻ പറയുകയാണു്. മുപ്പതു് കൊല്ലം കഴിഞ്ഞതിനുശേഷം കാലഹരണം വന്നതിനുശേഷം പണയക്കാരനു് അവകാശം കിട്ടുന്നു. ഇരുപതു് കൊല്ലം ആയതുകൊണ്ടു് ആ അവകാശം കിട്ടുന്നില്ല. ഇതിനെപ്പറ്റി മനസ്സിലാക്കാതെ ഞാൻ പറയുന്നതു് എല്ലാംതന്നെ പരസ്പരവിരുദ്ധമാണെന്നു് പറയുന്നതു് ശരിയല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പണയക്കാരനു് കുടിയായ്മ അവകാശം കൊടുക്കണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുടെ വ്യക്തമായ അഭിപ്രായം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. ടി. ജോർജ്: സിമ്പിളം മണി ട്രാൻസാക്ഷൻ കൊണ്ടു്, പണത്തിനു് ബുദ്ധിമുട്ടു വന്നതുകൊണ്ടു് ഒരു വസ്തു പണയം കൊടുത്തുവെന്നുള്ള കാരണം കൊണ്ടു് പണയം വാങ്ങിക്കുന്ന ആളിനു് കുടിയായ്മ അവകാശം കൊടുക്കുന്നതു് ശരിയായിരിക്കുകയില്ല. ഇതിൽ എഴുതിവെച്ചിട്ടുള്ള വകുപ്പു് അതേപടി നിലനിർത്താൻ സാധിക്കുകയില്ല. ഇരുപതു് കൊല്ലം കൈവശം വെച്ചുവെന്നുള്ള കാരണത്താൽ അയാളെ കുടിയാനായി മാറ്റാമെന്നു് പറയുന്നതു് നിയമത്തിനും നീതിയ്ക്കും യോജിച്ചതല്ല. അതു് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടും. കേന്ദ്രനിയമവും സംസ്ഥാനനിയമങ്ങളും തമ്മിൽ വിരുദ്ധമായിട്ടു വരാൻ പാടില്ല. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിനു് വിരുദ്ധമായിട്ടു വരികയാണെങ്കിൽ തീർച്ചയായും ഈ നിയമം നിലനിൽക്കുകയില്ല.

Smt. K. R. Gouri: That comes under concurrent list. But land legislation is entirely a State subject.

ശ്രീ. കെ. ടി. ജോർജ്: റവന്യൂമന്ത്രി അറിശം കൊള്ളാതെ. 7 (എ) യും 7 (ബി) യും കൂടുതൽ കുടിയായ്മയ്ക്കു് വേണ്ടി എഴുതിവച്ചിട്ടുള്ള വകുപ്പുകളാണു്. സർക്കാർ ഭൂമിയാണെന്നു് വെച്ചു് പത്തുകൊല്ലം കൈവശം വെച്ചതിനുശേഷം കോടതി വിധിപ്രകാരം മറ്റാരുടെയെങ്കിലും ഭൂമിയാണെന്നു കണ്ടാൽ കൈവശക്കാരൻ കുടിയാനാകുമെന്നാണു് പറഞ്ഞിരിക്കുന്നതു്. ആദ്യം ഇവിടെ അവതരിപ്പിച്ച ബില്ലിൽ ഇരുപതു് കൊല്ലം കൈവശം വെച്ചിരുന്നാൽ എന്നായിരുന്നു പറഞ്ഞിരുന്നതു്. ഭൂപരിഷ്ക്കരണ ഭേദഗതിബില്ലിന്റെ ആദ്യത്തെ ചർച്ചാവേളയിൽ ഞാൻ ഈ നിയമസഭയിൽവെച്ചു് പറയുകയുണ്ടായി പണയക്കാരനു് ഇരുപതു കൊല്ലം കൈവശം വെയ്ക്കുന്നതിനു് ഈ സർക്കാരിന്റെ സൗജന്യം ഒന്നും ഇല്ലായെന്നു്. കൈവശാവകാശം കൊണ്ടതന്നെ ഒരാൾ കൈവശക്കാരനാകും. അപ്പോഴാണു് ഇതിലൊരു മാറ്റം വരുത്തണമെന്നു് വിചാരിച്ചതു്. അതിൽ ഒരു സൂത്രം ചെയ്യുകയാമെന്നു് വിചാരിച്ചാണു് പത്തു് കൊല്ലം കൈവശം വെച്ചാൽ അവനു് കുടിയായ്മാവകാശം കിട്ടുമെന്നു് എഴുതിച്ചേർത്തതു്. ഇതിൽ കുടിയായ്മാവകാശം കൊടുക്കുന്നതിനു് വെച്ചിരിക്കുന്ന തത്വം എന്താണെന്നു മനസ്സിലാകുന്നില്ല. പ്രത്യേക വ്യക്തികൾക്കുവേണ്ടിയോ, പ്രത്യേക സമൂഹത്തിനുവേണ്ടിയോ, ഒരു പ്രത്യേക ഘടകത്തിനുവേണ്ടിയോ മാത്രമാണു് റവന്യൂമന്ത്രി ഇങ്ങനെ എഴുതിച്ചേർത്തിട്ടുള്ളതെന്നുള്ള ശങ്ക എനിക്കുണ്ടാകുന്നു. 7 (ബി) യിൽ പറഞ്ഞിരിക്കുന്നതു് എന്താണെന്നു് വെച്ചാൽ 1957 ഏപ്രിൽ 11 നു് മുമ്പു് രണ്ടുകൊല്ലക്കാലം രജിസ്റ്റർ പാട്ടശീട്ടു പ്രകാരം കൈവശം വെയ്ക്കുകയും ആ പാട്ടം ഭൂപരിഷ്ക്കരണനിയമം പാസാകുന്ന സമയത്തു് അവകാശമില്ലാത്ത ആളുകളാണു് പാട്ടം രജിസ്റ്റർ ചെയ്തിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതെങ്കിലും ആ ആശം കൂടിയാനായി മാറുമെന്നാണു്. ഇതിന്റെ പൊരുശം എന്താണെന്നു് മനസ്സിലാകുന്നില്ല. ഈ വകുപ്പു് ആരെ ഉദ്ദേശിച്ചുകൊണ്ടാണു് എഴുതിയതെന്നു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി വെളിപ്പെടുത്തിയാൽ കൊള്ളാം.

ശ്രീമതി. കെ. ആർ ഗൗരി : സർവേ ചെയ്യാത്ത ഭൂമി ആർക്കെല്ലാം ഉണ്ടോ അവരെയെല്ലാം ഉദ്ദേശിച്ചാണു് ഇതെഴുതിയിട്ടുള്ളതു്. ആ ഭൂമികളുടെ ഓണർ ആരാണെന്നു് അറിവില്ല. അതുകൊണ്ടു് ഈ വകുപ്പു് ആ ഭൂമി കൈവശം വെച്ചിട്ടുള്ളവരെയെല്ലാംതന്നെ ബാധിക്കും. അല്ലാതെ പ്രത്യേകം ഒരു വ്യക്തിയെ മാത്രം ഉദ്ദേശിച്ചുകൊണ്ടെഴുതിയതല്ല.

ശ്രീ. കെ. ടി. ജോർജു് : ആദ്യം കൊണ്ടുവന്നിരുന്നതിൽ തന്നെ വീണ്ടും ഭേദഗതി വരുത്തിയിരിക്കുകയാണു്.

അവകാശമില്ലാത്ത ഒരാളിനു് രേഖമുഖേന അന്യകൈവശം കൊടുക്കണമെന്നില്ല വാക്കാൽ അന്യകൈവശം കൊടുക്കുന്നതിനു് കോടതി വിധിയുണ്ടായിട്ടുണ്ടെങ്കിൽ അയാൾക്കും കുടിയായ്മാവകാശം നൽകുമെന്നു് എഴുതിവെച്ചിരിക്കുന്ന ഈ വകുപ്പു് പ്രത്യക്ഷത്തിൽ ആക്ഷം അതു മനസ്സിലാകുമെന്നു തോന്നുന്നില്ല. എന്താണു് ഇതിന്റെ പിന്നിലുള്ള നീതിയെന്നു മനസ്സിലാകുന്നില്ല. ഇതു് കയ്യേറക്കാരെ പ്രോത്സാഹിപ്പിക്കുന്ന ഒരു നിയമമല്ലേയെന്നു ഞാൻ ചോദിക്കുകയാണു്. കയ്യേറക്കാരെ പ്രോത്സാഹിപ്പിക്കുന്ന ഒരു ഭരണ സംവിധാനം ഇവിടെ നിലവിലുള്ളപ്പോൾ ഇതേമാതിരിയുള്ള നിയമനിർമ്മാണങ്ങളും ഉണ്ടാകുന്നതിൽ അത്ഭുതത്തിനു് വകയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : മലയോര പ്രദേശങ്ങളിലുള്ള ആയിരക്കണക്കിനു് വരുന്ന കയ്യേറക്കാർക്കു് സ്ഥിരാവകാശം കൊടുക്കാതിരിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് ?

ശ്രീ. കെ. ടി. ജോർജ്ജു് : സ്ഥിരാവകാശം കൊടുക്കുന്നതിനു് മറു് ഏതെങ്കിലും നടപടിക്രമം സ്വീകരിച്ചുകൊള്ളണം. നിയമനിർമ്മാണം ഉണ്ടാക്കുന്ന അവസരത്തിൽ അവകാശമില്ലാത്ത ആളുകൾക്കു് അവകാശമുണ്ടെന്നു് അംഗീകരിച്ചു എഴുതി വയ്ക്കുകയാണെങ്കിൽ അതു് നിലനില്ക്കുമോ എന്നു് ഞാൻ സംശയിക്കുകയാണു്.

ശ്രീമതി. കെ. ആർ. ഗൗരി : നിയമനിർമ്മാണത്തിലല്ലാതെ വേറെ എന്തു പണി ചെയ്യാൻ സാധിക്കും ?

ശ്രീ. കെ. ടി. ജോർജ്ജു് : ഇത്തരം നിയമനിർമ്മാണങ്ങളും കോടതിയിൽ പോയാൽ നിലനിൽക്കുമോ എന്നുള്ള വശത്തെക്കുറിച്ചു് ആലോചിക്കുന്നില്ല. അതുകൊണ്ടു് ഈ കാര്യം ഗവണ്മെന്റു് ശ്രദ്ധിക്കണം.

അടുത്തതായി ചെറുകിട ഭൂഉടമകളെ സംബന്ധിച്ചാണു് എനിക്കു് പറയാനുള്ളതു്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കേരളത്തിലാണു് ഏറ്റവുമധികം ചെറുകിട ഭൂഉടമസ്ഥന്മാരുള്ളതു്. തിരു-കൊച്ചിയിൽ 90 ശതമാനവും മലബാർ പ്രദേശത്തു് ഏതാണ്ടു് 70 ശതമാനവും ആളുകൾ അഞ്ചേക്കറിൽ താഴെയുള്ള ഭൂമിയുടെ ഉടമസ്ഥന്മാരാണു്. ചെറുകിട ഭൂഉടമസ്ഥന്മാർക്കു് ഏറ്റവും കുറഞ്ഞതു് കൈവശം വയ്ക്കാവുന്ന ഭൂമി ഇത്രയാണെന്നുള്ളതു് ഈ ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ടു്. 1957-ൽ കാർഷികബന്ധനിയമം അവതരിപ്പിച്ച അവസരത്തിലും പിൽക്കാലത്തു് ഭൂപരിഷ്കരണനിയമങ്ങളും ഉണ്ടായ അവസരങ്ങളിലുമെല്ലാം ചെറുകിടക്കാരുടെ വക്താവായി, അവർക്കുവേണ്ടി വാദിച്ചിരുന്ന റവന്യൂമന്ത്രി പഴയ താളുകളൊന്നു മറിച്ചു നോക്കണം. അതൊക്കെ മറിച്ചു നോക്കുമ്പോൾ ചെറുകിടക്കാരുടെ സംരക്ഷകയായിരുന്ന റവന്യൂമന്ത്രി ഇപ്പോൾ അവരെ സംഹരിക്കാൻ പോകുകയാണെന്നു കാണാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : എനിക്കു് സർട്ടിഫിക്കറ്റു് ഒന്നും വേണ്ട. ഈ ചെറുകിടക്കാരെന്നു പറയുന്ന ആളുകളിൽ 90 ശതമാനം പേരും പാട്ടം വാങ്ങുന്നതു് എത്രയാണെന്നു അറിയാമോ ?

ശ്രീ. കെ. ടി. ജോർജ്ജു് : ചെറുകിട ഭൂഉടമകളെ ജന്മികളെന്നു നാമകരണം ചെയ്യുന്നതു് തെറ്റാണെന്നും, അന്യായമായ ആ പദം അവരുടെമേൽ ഉപയോഗിക്കരുതെന്നുമുള്ള അഭ്യർത്ഥന എനിക്കുണ്ടു്. പാപ്പരായ ജന്മിമാർ നമ്മുടെ നാട്ടിൽ നിരവധിയുണ്ടു്. അതുപോലെ പണക്കാരായ കുടിയാന്മാരും നിരവധിയുണ്ടു്. അതുകൊണ്ടു് രണ്ടു കൂട്ടരുടേയും സാമ്പത്തികസ്ഥിതി കണക്കിലെടുത്തുകൊണ്ടായിരിക്കണം അവകാശാധികാരങ്ങൾ പങ്കു് വയ്ക്കാൻ. രണ്ടു കൂട്ടരും ഒരേ നിലക്കാരാണെങ്കിൽ കുടിയാന്റെ അവകാശത്തിനു് മുൻഗണന നൽകണം. തുല്യനിലക്കാരല്ലാത്ത പാപ്പരായ ജന്മിമാരെ സംബന്ധിച്ചിടത്തോളം മറുഭാഗത്തു് മുതലാളിമാരായ കുടിയാന്മാരാണെങ്കിൽ അവരെ സംബന്ധിച്ചെങ്കിലും ഈ നിയമത്തിലെ വകുപ്പുകൾ പുനഃപരിശോധിക്കേണ്ടിവരികയില്ലേ എന്നു ഞാൻ സംശയിക്കുകയാണു്. ചെറുകിടക്കാരിൽ പലരും അർദ്ധപട്ടിണിക്കാരാണു്. അവരോടു് കടുത്ത അനീതി കാണിച്ചിരിക്കുകയാണു്. ലക്ഷക്കണക്കിനു് ചെറുകിടക്കാർ ഉൾക്കൊള്ളുന്ന ഈ രാജ്യത്തു് അവരെ വഴിയാധാരമാക്കത്തക്കരീതിയിലുള്ള നിയമ നിർമ്മാണം കൊണ്ടുവരികയാണെങ്കിൽ അതു് ഇവിടെ നടക്കാൻ പോകുന്നില്ല. അതു് ജനങ്ങൾ സ്വാഗതം ചെയ്യുകയില്ല.

ഞാൻ മുൻപു പറഞ്ഞതുപോലെ ഈ ബിൽ പാസാക്കണമെങ്കിൽ എല്ലാ കക്ഷികളും പറയുന്നപോലെതന്നെ, ഏതാണ്ടു് എല്ലാ കക്ഷികളും അംഗീകരിക്കുന്ന ഒരു തത്വമാണു് ചെറുകിട ഭൂഉടമകൾക്കു് ന്യായമായ സംരക്ഷണം നൽകണമെന്നുള്ള കാര്യം. 1961-ലെ നിയമത്തിൽ 5 ഏക്കർഭൂമി കൈവശം വയ്ക്കുന്ന ആളുകളായിരുന്ന ചെറുകിട ഭൂഉടമകൾ 1964-ലെ ഭൂപരിഷ്കരണനിയമം വന്നപ്പോൾ നാലു് ഏക്കർ ഭൂമി കൈവശം വയ്ക്കുന്ന ആളുകളെ ചെറുകിട ഭൂഉടമകളാക്കിമാറ്റി. 1969-ലെ ഭൂപരിഷ്കരണ നിയമം കൊണ്ടുവരുന്ന അവസരത്തിൽ ചെറുകിട ഭൂഉടമകളുടെ നിർവ്വചനം മാറ്റി നിറുത്തിക്കൊണ്ടു് രണ്ടര സ്റ്റാൻഡേർഡു് ഏക്കർ ഭൂമി കൈവശം വയ്ക്കാവുന്ന ആളുകളാക്കി മാറ്റിയിരിക്കുകയാണു്. ഈ നിർവ്വചനം മാറ്റിയതു് ശരിയല്ല. അതുകൊണ്ടു് നാലു് സ്റ്റാൻഡേർഡു് ഏക്കർ ഭൂമി കൈവശം വയ്ക്കാനുള്ള അവകാശം ചെറുകിട ഭൂഉടമകൾക്കു് ഉണ്ടായിരിക്കണം. പകുതി ഒഴിപ്പിച്ചെടുക്കാവുന്ന അവകാശത്തോടുകൂടി ചെറുകിട ഭൂഉടമകൾക്കു് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരമാവധി വിസ്തീർണ്ണം നാലു് സ്റ്റാൻഡേർഡു് ഏക്കറായി നിലനിറുത്തണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്. സ്റ്റാൻഡേർഡു് ഏക്കറിന്റെ നിർവചനം തന്നെ ഇപ്പോൾ മാറ്റിയിരിക്കുകയാണു്. നാലു് സ്റ്റാൻഡേർഡു് ഏക്കർ കൈവശം വയ്ക്കാവുന്ന ആളുകളാണെന്നുള്ളതു് മാറ്റിയിട്ടു് പകുതി ഒഴിപ്പിച്ചെടുക്കാവുന്നതു് ഉൾപ്പടെ രണ്ടര സ്റ്റാൻഡേർഡു് ഏക്കർ കൈവശം വയ്ക്കാവുന്ന ആളുകളാണെന്ന ഭേദഗതി വരുത്തിയശേഷം സ്റ്റാൻഡേർഡു് ഏക്കറിന്റെ തോതിലും വ്യത്യാസം വരുത്തിയിരിക്കുകയാണു്. അതു് എല്ലാവരും മനസ്സിലാക്കിക്കാണുമോ എന്നു ഞാൻ സംശയിക്കുകയാണു്. സ്റ്റാൻഡേർഡു് ഏക്കർ എന്നു പറഞ്ഞാൽ ഇത്ര ഏക്കർ ഭൂമി അല്ലെങ്കിൽ ഇത്ര ഏക്കർ നിലം എന്നുള്ള രീതിയിൽ വെട്ടിത്തിരുത്തിയിരിക്കുകയാണു്. ചില തത്വങ്ങൾ ആധാരമാക്കിയാണു് സ്റ്റാൻഡേർഡു് ഏക്കറിനു് ഇത്ര ഏക്കർ നിലം അല്ലെങ്കിൽ ഇത്ര ഏക്കർ പുരയിടം എന്നു കണക്കാക്കുന്നതു്. അതിനു വിപരീതമായി യാതൊരു തത്വദീക്ഷയുമില്ലാതെ ഇന്നത്തെ ഷെഡ്യൂൾ വെട്ടിത്തിരുത്തിയിരിക്കുകയാണു്. പറവൂർ, ആലുവാ മുതലായ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം സ്റ്റാൻഡേർഡു് ഏക്കർ കണക്കാക്കിയിട്ടുള്ളതു് എന്തു അടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. അവിടെ സ്റ്റാൻഡേർഡു് ഏക്കറിനെ സംബന്ധിച്ചിടത്തോളം ഡബിൾക്രോപ്പു് നിലം

LIBRARY ARCHIVES Kerala Legislative Assembly

ഒരു സ്റ്റാൻഡേർഡ് ഏക്കറെന്നു പറഞ്ഞാൽ ട്രൈബ്യൂണൽ പരിഷ്കരണ നിയമത്തിലുള്ള ഷെഡ്യൂളിൽ 1.7 ഏക്കറെന്നു എഴുതിയിരുന്നു. ഇപ്പോൾ അതു മാറ്റിയിട്ട് 1.25 ഏക്കർ എന്നു എഴുതിയിരിക്കുകയാണു്. സിങ്കിംഗ് ക്രോപ്പ് നിലം, മുന്നു ഏക്കറെന്നുള്ളതിന്റെ സ്ഥാനത്തു് 2.25 ഏക്കറെന്നു എഴുതിയിരിക്കുകയാണു്. ഇങ്ങനെ കണക്കാക്കിയതു് എത്ര മാത്രം ശാസ്ത്രീയമാണു് എന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ കൊള്ളാം.

ശ്രീമതി. കെ. ആർ. ഗൗരി : സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്കിന്റെ അടിസ്ഥാനത്തിലാണു് ഇതു തയ്യാറാക്കിയിട്ടുള്ളതു്.

ശ്രീ. കെ. ടി. ജോർജ്ജ് : സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്കുതന്നെ തെറ്റാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വേറെ ഏതു സംപ്രദായമാണു് ഈ കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്നതെന്നു പറയണം.

ശ്രീ. കെ. ടി. ജോർജ്ജ് : സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്കിനെ സംബന്ധിച്ചുതന്നെ അഭിപ്രായ വ്യത്യാസമുണ്ടു്, എറണാകുളം ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം ഒരു കണക്കു അവതരിപ്പിച്ചിട്ടുണ്ടു്, മറ്റൊരു പ്രദേശത്തിന്റെ കണക്കുവച്ചുകൊണ്ടു് വേറൊരു പ്രദേശത്തിന്റെ നിരക്കു് നിജപ്പെടുത്തിയാൽ അതു് അശാസ്ത്രീയമായ നടപടിയായിരിക്കും. ഏതായാലും ചെറുകിട ട്രൈബ്യൂണലുകളെ സംബന്ധിച്ചിടത്തോളം പഴയ നിർവ്വചനത്തിൽനിന്നു് വളരെയേറെ താഴോട്ടുപോകുന്ന ഒരു നിയമനിർമ്മാണം വേണമോ എന്നുള്ള കാര്യം ആലോചിക്കണം. ഞങ്ങളും കൂടിയാന്മാരുടേയും കൃഷിക്കാരുടേയും താല്പര്യത്തിനു വേണ്ടി സംസാരിക്കുന്ന ആളുകളാണു്.

ശ്രീമതി. കെ. ആർ. ഗൗരി : ഞങ്ങളെ സംബന്ധിച്ചുള്ള കണക്കു് ഓരോ താലൂക്കിനേയും സംബന്ധിച്ചുള്ളതാണു്. നിലത്തെ സംബന്ധിച്ചുള്ളതു് ഡിസ്ട്രിക്ടിന്റെ കണക്കാണു്.

ശ്രീ. കെ. ടി. ജോർജ്ജ് : നിലത്തിന്റെ കൂണക്കുതന്നെയാണു് ഞാൻ ഇവിടെ വായിച്ചതു്. ഡബിൾക്രോപ്പ് നിലത്തിനും സിങ്കിംഗ് ക്രോപ്പ് നിലത്തിനും ഒരേ രീതിയിൽ ഡിസ്ട്രിക്ടിന്റെ അടിസ്ഥാനത്തിൽ തോതു നിശ്ചയിച്ചിരിക്കുന്നതു് അശാസ്ത്രീയമായ രീതിയാണു്. അതു് താലൂക്കു് അടിസ്ഥാനത്തിൽ വേണമെന്നാണു് എന്റെ അഭിപ്രായം.

ചെറുകിട ട്രൈബ്യൂണലുകളെ സംബന്ധിച്ചിടത്തോളം രണ്ടരേ സ്റ്റാൻഡേർഡ് ഏക്കർ ഭൂമി കൈവശം വയ്ക്കാമെന്നുള്ള നിർവചനം വന്നിരിക്കുമ്പോൾ വേറൊരു വൈഷമ്യംകൂടി വന്നിരിക്കുകയാണു്. ചെറുകിട ട്രൈബ്യൂണലുകൾക്കു് പകുതി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കിട്ടുന്നതിനുവേണ്ടി ആയിരക്കണക്കിനു് പെറ്റീഷനുകൾ ചെറുകിട ട്രൈബ്യൂണലുകൾ ലാൻഡ് ട്രൈബ്യൂണലുകളിൽ കൊടുത്തിട്ടുള്ളതു് ഇപ്പോൾ സ്റ്റേ ചെയ്ത നിലയിലായിരിക്കുകയാണു്. പുതിയ നിയമനിർമ്മാണം വന്നു് പകുതി ഒഴിപ്പിക്കൽ നടപടി നടത്തുമ്പോൾ കോടതിയിൽ കെട്ടികിടക്കുന്ന ആയിരക്കണക്കിനു് പെറ്റീഷനുകളിൽ പകുതിയോളം വരുന്ന ആളുകളെങ്കിലും ചെറുകിടക്കാരല്ലാതായി പോകുന്നതാണു്. ഇന്നത്തെ നിർവ്വചനമനുസരിച്ചു് ആ ഒരു സ്ഥിതിവിശേഷമാണു് ഉണ്ടാകാൻ പോകുന്നതു്. ഒരു ഗവണ്മെന്റിന്റെ കാലത്തുണ്ടാക്കിയ നിയമപ്രകാരം, ആ നിയമത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി കോടതിയിൽ സമർപ്പിച്ചിരുന്ന പെറ്റീഷൻ തള്ളിപോകാൻ നിയമമുണ്ടാക്കുന്നതു് നീതിക്കു് യോജിച്ചതാണോ എന്നുള്ള കാര്യം ചിന്തിക്കണം. ഈ പെറ്റീഷനുകൾ സ്റ്റേ ചെയ്യുന്നതിനു മുൻപു് ഈ പെറ്റീഷനുകളുടെ ആനുകൂല്യം വാങ്ങിയിട്ടുള്ള നിരവധി ചെറുകിട ജന്മിമാരുണ്ടു്. അങ്ങനെയുള്ള ആളുകൾക്കു് നേരത്തേ പെറ്റീഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തതുകൊണ്ട് ആനുകൂല്യം കിട്ടിയെന്നാരെങ്കിലും മനസിലാക്കേണ്ടതുണ്ട്? സ്വതന്ത്ര തീരുമാനിച്ചുപോയതുകൊണ്ട്, കോടതിയിൽ പെറ്റീഷൻ കൊടുത്തിട്ടപോലും ആ നിയമത്തിന്റെ പ്രയോജനം ലഭിക്കാതെ, അവരെ ചെറുകിടക്കാരല്ലാതാക്കി മാറ്റാനാണ് ഈ നിയമം കൊണ്ടുവരുന്നതെങ്കിൽ സാധാരണക്കാരെ സംബന്ധിച്ചിടത്തോളംചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ വൈഷമ്യമുണ്ടാക്കുന്ന ഗുരുതരമായ ഒരു വിപത്തിനെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നതെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ആവശ്യമായരീതിയിലുള്ള ഭേദഗതി ഗവണ്മെന്റ് ഭാഗത്തുനിന്ന് അവതരിപ്പിക്കുമെന്നാണ് ഞാൻ കരുതുന്നത്,

അതുപോലെതന്നെ ചെറുകിടക്കാർക്ക് കൊടുക്കേണ്ട പാട്ടത്തെ സംബന്ധിച്ചിടത്തോളം യാതൊരു കാരണവശാലും അത് കരാർ പാട്ടത്തിന്റെ 75 ശതമാനത്തിൽ

[11 A. M.] കുറയാൻ പാടില്ലെന്ന വ്യവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ ചെറുകിടക്കാരന്റെ ഈ വ്യവസ്ഥ എടുത്തു കളഞ്ഞിരിക്കുകയാണ്. ചെറുകിടക്കാരെയും വൻകിടക്കാരെപ്പോലെതന്നെ മാറ്റിയിരിക്കുകയാണ്. കുടിയാനും സ്വമേധയാ 50 ശതമാനം കുറയ്ക്കാമെന്ന നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെവരുമ്പോൾ 75 ശതമാനത്തിന്റെ പാട്ടം കിട്ടാൻ ചെറുകിട ഭൂവുടമക്ക് അവകാശമുണ്ടായിരിക്കുമെന്ന് എഴുതിവച്ചിരിക്കുന്ന നിയമത്തെ ഇല്ലായ്മ ചെയ്തുകൊണ്ട് ഇന്ന് വളരെ തുച്ഛമായ ഒരു സംഖ്യമാത്രമേ പാട്ടമായി കിട്ടാനും അതുവഴി തുച്ഛമായ സംഖ്യമാത്രമേ പ്രതിഫലമായി കിട്ടാനും ചെറുകിട ഭൂവുടമക്ക് അവകാശം ലഭിക്കുകയുള്ള എന്നുള്ള കാര്യം പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്. ചെറുകിടക്കാരനും കുടിയാനും യോജിച്ച് ഭൂമി പങ്കിട്ടെടുക്കാനുള്ള വ്യവസ്ഥ നേരത്തെയുള്ള ബില്ലിൽ ഉണ്ടായിരുന്നു. അതൊക്കെ എടുത്തുകളഞ്ഞിരിക്കുകയാണ്. ഇന്ന് ചുരുക്കിപ്പറഞ്ഞാൽ ചെറുകിടക്കാരും വൻകിടക്കാരും പ്രയോഗത്തിൽ വലിയ വ്യത്യാസമില്ലാത്ത രീതിയിൽ തുച്ഛമായ പ്രതിഫലം വാങ്ങിക്കൊണ്ട് ചെറുകിടക്കാരനും ഭൂമി ഒഴിപ്പിക്കാൻ അവകാശമില്ലാതെ കുടിയാനും കൊടുക്കണമെന്നു പറയുന്നതിൽ നീതിയുണ്ടെന്നു തോന്നുന്നില്ല. ചെറുകിട ഭൂവുടമകൾക്കും കുടിയാന്മാർക്കും സംരക്ഷണം നൽകണമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റും, ഗവണ്മെന്റിന്റെ പങ്കും നിർവഹിക്കേണ്ടതുണ്ട്. പ്രീയർ റെന്റിന്റെ ഇരുപതിരട്ടി ചെറുകിട ഭൂവുടമക്ക് കൊടുക്കണമെന്ന വ്യവസ്ഥ ചെയ്തതിനുശേഷം കൂട്ടത്തൽവരുന്ന സംഖ്യ എത്രയാണെന്നു കണ്ടുപിടിച്ച് ആ കൂട്ടത്തൽ വരുന്ന സംഖ്യ ഗവണ്മെന്റിൽനിന്നു കൊടുക്കണം. അതാണ് ന്യായവും നീതിയും കൈവരുത്താൻ ഉദ്ദേശിക്കുന്ന ഒരു ഗവണ്മെന്റ് ചെയ്യേണ്ടത്. കുടിയാനോട് വിവേചനം കാണിക്കണമെന്നു പറയുന്നില്ല. കുടിയാനെ സംബന്ധിച്ചിടത്തോളം ചെറുകിടയായാലും വൻകിടയായാലും ഒരേമാതിരിയുള്ള അവകാശം ഉണ്ടായിരിക്കണം. ചെറുകിട ഭൂവുടമയാണെങ്കിൽ നഷ്ടപരിഹാരസംഖ്യ തീർച്ചയായും കൂട്ടത്തൽ കിട്ടണം. മര്യാദപ്പാട്ടത്തിന്റെ 20 ഇരട്ടി അതിന്റെ വില എന്നുള്ള നിലയിൽ ചെറുകിട ഭൂവുടമകൾക്ക് കൊടുക്കണം. മറ്റുള്ള കുടിയാനെക്കാളും കൂട്ടത്തൽ വരുന്ന സംഖ്യ ഗവണ്മെന്റ് കൊടുക്കുന്നതിനുള്ള നടപടികളും എടുക്കണം. ഇതാണ് ശ്രീ. ചന്ദ്രശേഖരൻനായർ എഴുതികൊടുത്തിട്ടുള്ള ഡിസെന്റിംഗ് നോട്ടീസിലും പറഞ്ഞിട്ടുള്ളതെന്നുതോന്നുന്നു. ഇതിനൊക്കെവേണ്ടിയാണ് റീഹാബിലിറ്റേഷൻഫണ്ടിനു സംഖ്യ ഉപയോഗിക്കുന്നത്. അങ്ങനെയുള്ള കാര്യങ്ങൾക്കെല്ലാം ഇത്രമാതിരിയുള്ള സംഖ്യ ഉപയോഗിച്ചുകൊണ്ട് ചെറുകിട ഭൂവുടമകളുടെ ഈ മാതിരിയുള്ള വൈഷമ്യങ്ങൾ തീർക്കുന്നതിനുവേണ്ട നടപടികളും എടുക്കണം. അതുമാതിരിതന്നെ സ്ഥാബു സംപ്രദായത്തിലുള്ള നഷ്ടപരിഹാരം കൊടുക്കൽ ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം മാറ്റണം. സെലക്ട് കമ്മിറ്റി അംഗങ്ങൾ പലസ്ഥലത്തും പോയപ്പോൾ പരമാർത്ഥത്തിൽ നേരിൽക്കണ്ട അനുഭവമാണ്, റവന്യൂമന്ത്രി അതു ഓർക്കുമെന്നു വിചാരിക്കുന്നു. ചെറുകിട ഭൂവുടമകളെന്നു പറയുന്നവരും ടെനന്റ് എന്നു പറയുന്നവരും തെളിവുതരുന്നതിനുവേണ്ടി സെലക്ട്കമ്മിറ്റിയുടെ മുമ്പിൽ വന്നപ്പോൾ പലസ്ഥലങ്ങളിലും ആരാണ് ടെനന്റ് എന്നും ആരാണ് ചെറുകിടക്കാരനെന്നും മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കാൻ കഴിഞ്ഞു. അർദ്ധപട്ടിണിക്കാരായ ഗതികെട്ടകഴിയുന്ന നിരവധി ചെറുകിടക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി അവക്ക് നഷ്ടപരിഹാരസംഖ്യ ഒന്നിച്ചു കൊടുക്കുന്നതിനുവേണ്ടി, ഫെയർ റെൻറിന്റെ 20 ഇരട്ടി ഒന്നിച്ചുകൊടുക്കുന്നതിനും കൂടിയാണ് കൂടുതൽ വരുന്ന സംഖ്യ ഗവണ്മെൻറിൽനിന്നു കൊടുക്കുന്നതിനുംവേണ്ട രീതിയിൽ ഈ നിയമനിർമ്മാണത്തിൽ വേണ്ട ഭേദഗതികളും ഈ വൈകിയ അവസരത്തിലെങ്കിലും വരുത്തുന്നതിനു മടി കാണിക്കരുതു്. ഇതിൽ യാതൊരു കക്ഷിപ്രശ്നവുമില്ല, വിപ്ലവത്തിനു് യാതൊരു പോരായ്മയും വരുകയുമില്ല. ഇതിനെ സംബന്ധിച്ചു് മുമ്പു് റവന്യൂമന്ത്രി തന്നെ പ്രസംഗിച്ചിട്ടുള്ളതിന്റെ ഉദ്ധരണികളും കാണാൻ കഴിയും. 1957-ൽ കുടിയാൻ കുടിയിറക്കുകയും ചെയ്യുന്നതിനുള്ള അധികാരം കൈവശാവകാശമുള്ള ആളുകളെയാണു് ചെറുകിട ഭൂവുടമകളും എന്നു് എഴുതി വച്ചിരുന്നതു്. അതു് രണ്ടര സ്റ്റാൻഡേർഡു് ഏക്കറായി കുറച്ചതിൽ എന്തുയുക്തിയാണുള്ളതെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടാണു് നാലു് സ്റ്റാൻഡേർഡു് ഏക്കർ എന്നുള്ളതെങ്കിലും നിലനിറുത്തിക്കൊണ്ടു് പാവപ്പെട്ട ചെറുകിടക്കാർക്കു് ആനുകൂല്യം കിട്ടുന്നതിനുവേണ്ടി ആവശ്യമായ തിരുത്തലുകളും വരുത്തണമെന്നു പറയുന്നതു്. മര്യാദപ്പാട്ടം നിജപ്പെടുത്തുന്നതിനെ സംബന്ധിച്ചും വളരെയധികം ക്രമക്കേടുകളും ഈ ബില്ലിൽ ഉണ്ടു്. അതും ഞാൻ മുമ്പു പറഞ്ഞമാതിരി നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളമാണു് ഏറ്റവുമധികം വിവേചനം വന്നിട്ടുള്ളതു്. ഒരൊറ്റ വ്യത്യാസം മാത്രമേയുള്ളു. കുടിയാൻവച്ചുപിടിപ്പിച്ച കുരുമുളകിന്റെ കാര്യത്തിൽ പാട്ടത്തിന്റെ അറവിളവിന്റെ എട്ടിലൊന്നായിരുന്നതു് ഇന്നു് ഇരുപതിലൊന്നായി കുറവുചെയ്തൊഴിച്ചാൽ മറ്റു ഭൂവുടമകൾക്കൊന്നും ഈ വ്യത്യാസം വന്നിട്ടില്ല. പിന്നീടു വന്നിട്ടുള്ള വ്യത്യാസം മുഴുവനും നിലമുടമകളെ സംബന്ധിച്ചാണു്. ഈയൊരു പാകപ്പിഴയുള്ളതു തിരുത്തണമെന്നു ഞാനാവശ്യപ്പെടുകയാണു്. 1961-ലെ നിയമത്തിലും 1964-ലെ നിയമത്തിലും മര്യാദപ്പാട്ടമോ കരാർ പാട്ടമോ ഏതാണു് കൂടുവു് അതു് എടുക്കുക എന്നുള്ള പൊതുതത്വം അംഗീകരിച്ചിരുന്നു. ഇപ്പോഴും നെൽക്കൃഷിയും മുമ്പുപറഞ്ഞ കുരുമുളകുകൃഷിയും ഒഴിച്ചു് ബാക്കിയെല്ലാത്തിനെ സംബന്ധിച്ചും ഈ പൊതുതത്വം തന്നെയാണു് അംഗീകരിച്ചു കാണുന്നതു്. നെൽക്കൃഷി ഒഴികെയുള്ള മറ്റു പറമ്പുകൃഷി തെങ്ങു മുതലായ കൃഷിയെസംബന്ധിച്ചിടത്തോളം ഈ തത്വം ഇന്നും അംഗീകരിക്കാമെങ്കിൽ നെൽക്കൃഷിയെ സംബന്ധിച്ചുമാത്രം മറെറാരു തത്വം അംഗീകരിച്ചതു് എന്തു കണക്കുകൂട്ടലുകളാണു് കൊണ്ടാണെന്നു മനസ്സിലാകുന്നില്ല. നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം ഇപ്പോഴും പറഞ്ഞിട്ടുള്ളതു് ഇതാണു്. കരാർ പാട്ടത്തിന്റെ 50 ശതമാനം; അവിടെയാണു് വെട്ടിക്കുറവു വന്നിട്ടുള്ളതു്. 50 ശതമാനമോ 1965-നു് മുമ്പു് മര്യാദപ്പാട്ടം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ 75 ശതമാനമോ എന്നാണു് ഇതൊക്കെ ആർബിട്രറിയായി വെട്ടിക്കുറച്ചിരിക്കുകയാണു്. കരാർ പാട്ടത്തിന്റെ 75 ശതമാനമോ അല്ലെങ്കിൽ പുതിയ നിയമപ്രകാരമുള്ള മര്യാദപ്പാട്ടമോ ഏതാണു്. കുറവു് അതാണു് നെല്ലിന്റെ മര്യാദപ്പാട്ടം. കാൺടാക്ടു് റെന്റിന്റെ 50 ശതമാനമെന്നു പറഞ്ഞിട്ടുള്ളതു് നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളംമാത്രം പറയുന്നതിന്റെ കാരണമെന്താണു്. കുറയ്ക്കണമോ വേണ്ടയോ എന്നുള്ളതു് വേറെ പ്രശ്നം. കുറയ്ക്കുകയാണെങ്കിൽ മറ്റു കൃഷികൾക്കും അതു ചെയ്യേണ്ടിയിരുന്നു. തെങ്ങുകൃഷിക്കും അങ്ങനെ നിശ്ചയിക്കണമായിരുന്നു. തെങ്ങുകൃഷിക്കും മറ്റുകൃഷികൾക്കും ബാധകമാക്കാതിരിക്കുന്ന ഒരു നടപടി നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളംമാത്രം എടുക്കുന്നതിന്റെ സാംഗത്യം എന്താണു്. ഇങ്ങനെയുള്ള വെട്ടിക്കുറയ്ക്കൽ നീതിയുക്തമല്ല.

ഇനി നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം വേറൊരു വിവേചനം കൂടിയുണ്ടു്. ആദ്യത്തേതു് ഞാൻ പറഞ്ഞുകഴിഞ്ഞു. രണ്ടാമതു് നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളമുള്ള വിവേചനം ഇറിഗേഷന്റെ ഗ്രണത്തിന്റെ ആനുകൂല്യം അവക്കു കൊടുത്തുകൂടാ എന്നു് എഴുതിവച്ചിട്ടുള്ളതാണു്. ലിഫ്റ്റു് ഇറിഗേഷൻകൊണ്ടു് ഒരുപ്പു നിലം ഇരുപ്പുവാക്കി അങ്ങനെ കൂടുതൽ വിളവുണ്ടായാൽ അതിന്റെ ഗ്രണം ചെറുകിട ഭൂവുടമകൾ കൊടുക്കരുതെന്നാണു് എഴുതിവച്ചിട്ടുള്ളതു്. എന്തുകൊണ്ടു് ലിഫ്റ്റു്

LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻകൊണ്ടു് കൂടുതൽ ഗ്രണമുണ്ടാകുന്ന തെങ്ങിൻതോട്ടങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഭേദഗതി നടപ്പിൽവരുത്തുന്നില്ല ? മൊത്തവിളവു് കണക്കാക്കി മര്യാദപ്പാട്ടം നിജപ്പെടുത്തുന്നതാണു് സാമാന്യമായി ചെയ്യേണ്ടതു്. അതുകൊണ്ടു് ഇറിഗേഷൻ സൗകര്യം അനുഭവിക്കുന്ന മറ്റു വിളകൾക്കു് എന്തെങ്കിലും പ്രത്യേക ആനുകൂല്യം കൊടുത്തിട്ടുണ്ടെങ്കിൽ ഇറിഗേഷന്റെ ഗ്രണം അനുഭവിക്കുന്ന നിലങ്ങൾക്കും ഈ ആനുകൂല്യം കൊടുക്കണമെന്നുമാത്രമേ എനിക്കു പറയാനുള്ളൂ. നിലങ്ങളിൽ ഇതുമാതിരിയുള്ള വെട്ടിക്കുറവു വച്ചതുമൂലം സംഭവിച്ചിട്ടുള്ള വലിയ ഒരു പോരായ്മ റീലിജിയസ് ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചിടത്തോളം, ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന വരവിന്റെ പകുതിയായി കുറയുമെന്നുള്ളതാണു്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ : തെങ്ങിൻ തോട്ടങ്ങൾക്കു് കൊടുത്തിരിക്കുന്ന ആനുകൂല്യം എടുത്തുകളയുന്നതിനോടു് മെമ്പർ യോജിക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. ജോർജ്ജു് : എന്തായാലും രണ്ടും തമ്മിൽ വ്യത്യാസം വരുത്തു്. ഇതിനെപ്പറ്റിയൊക്കെ ക്ലാസ് ബൈ ക്ലാസ് ചർച്ചാവേളയിൽ പറഞ്ഞുകൊള്ളാം. ഇറിഗേഷന്റെ ഗ്രണം അനുഭവിക്കുന്ന തെങ്ങുകൃഷിയായാലും, നെൽകൃഷിയായാലും അതിനെയെല്ലാം ഒരേ കണ്ണാടിയിൽക്കൂടി കാണണം.

ശ്രീമതി കെ. ആർ. ഗൗരി : നെൽപ്പാടങ്ങൾ എന്നു പറഞ്ഞാൽ ഒരുപ്പു ഇരുപ്പു ആക്കുന്നതിനെയാണു് പറയുന്നതു്. തെങ്ങിൻ തോട്ടങ്ങളാണെങ്കിൽ പെർമനന്റായി നിൽക്കുന്നതാണു്, whether it is planted by the tenant or by the Jenmi. അതേ ഇതിൽ കമ്പനിയുള്ള ലിഫ്റ്റു് ഇറിഗേഷൻകൊണ്ടു് ഒരുപ്പു ഇരുപ്പു ആക്കുന്നതു് That must go to the tenant ഇതുരണ്ടും തമ്മിൽ കൂട്ടിക്കുഴച്ചിട്ടു കാര്യമില്ല.

ശ്രീ. കെ. ടി. ജോർജ്ജു് : തെങ്ങുകൃഷികൊണ്ടുണ്ടാക്കാവുന്ന കൂടുതൽ ഗ്രണത്തിന്റെ ആനുകൂല്യം എടുത്തുകൊണ്ടു് ജന്മി കൊടുക്കാൻ പാടില്ല. അതുപോലെ ഒരുപ്പു ഇരുപ്പു ആക്കിയാലും ഇറിഗേഷൻകൊണ്ടു ഗ്രണമുണ്ടായാൽ ആ ഗ്രണം ഭൂവുടമക്കു് .....

ശ്രീമതി കെ. ആർ. ഗൗരി : ഗ്രണം കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. ടി. ജോർജ്ജു് : പാട്ടത്തിനു് അതു് കണക്കിലെടുക്കരുതെന്നു പറഞ്ഞിട്ടില്ല. പുരയിടങ്ങളെ സംബന്ധിച്ചിടത്തോളം ഇറിഗേഷന്റെ ഗ്രണംകൊണ്ടു് ഉണ്ടാവുന്നതു് കണക്കിലെടുക്കരുതെന്നു പറഞ്ഞിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി : പണ്ടത്തെ ആക്ടിൽ ഒരു പ്രൊവിഷൻ ഉണ്ടായിരുന്നു. നോർമൽ പ്രൊഡ്യൂസു് തിട്ടപ്പെടുത്തുന്നതിനു് മലബാർ കുടിയായ്മ നിയമത്തിൽ ഉണ്ടായിരുന്ന ഒരു പ്രൊവിഷൻ ലാന്റു് റിഫോംസു് ആക്ടിൽ എടുത്തുകളഞ്ഞിരുന്നു. അതു് തിരിയെ കൊണ്ടുവന്നു് ഇതിൽ ചേർത്തിരിക്കുകയാണു്. മലബാർ പ്രദേശത്തു് ഈ വിധത്തിൽ കുടിയാനു കിട്ടേണ്ടിയിരുന്ന ആനുകൂല്യം നഷ്ടപ്പെടുത്തിക്കളഞ്ഞതു് തിരിയെ കൊടുക്കുന്നതിനുവേണ്ടി പ്രൊവിഷൻ ചേർത്തതാണു്.

ശ്രീ. കെ. ടി. ജോജ്ജു് : നിലത്തെ സംബന്ധിച്ചിടത്തോളം ഇതു മാതിരിയുള്ള വിവേചനം വന്നിട്ടുള്ള സ്ഥിതിക്കു് ഇതു് മതസ്ഥാപനങ്ങളേയും ദേവസ്വങ്ങളേയും ഗുരുതരമായി ബാധിക്കും ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം അവക്കു് കാൺടാക്ടു് റെന്റു് കിട്ടിക്കൊണ്ടിരിക്കണമെന്നുള്ളതു മാറിയിട്ടു് ഫെയർ റെന്റു മാത്രം മതിയെന്നുള്ള രീതിയിൽ വ്യത്യാസം വരുത്തിയിരിക്കുകയാണു്. ഫെയർ റെന്റു് എന്നു പറയുന്നതു് കാൺടാക്ടു് റെന്റിന്റെ 50 ശതമാനമായി വെട്ടിക്കുറക്കാൻ വ്യവസ്ഥവച്ചാൽ വളരെയേറെ നിലങ്ങൾമാത്രം സ്വായത്തമായിട്ടുള്ള ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ നിത്യച്ചെലവു നടത്തുന്നതിനുപോലും സാധിക്കുകയില്ല. അതുപോലെതന്നെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വങ്ങളുണ്ട്, അവയുടെ അതു് തുടർന്നു നടത്തിക്കൊണ്ടുപോകാൻ വിഷമമുണ്ടാകും. ഇക്കാര്യങ്ങളൊക്കെ കണക്കിലെടുക്കണമെന്നു് ഞാൻ മന്ത്രിയോടഭ്യർത്ഥിക്കുകയാണു്.

അടുത്തതായി എനിക്കു പറയാനുള്ളതു് പരിധി നിർണ്ണയത്തെ സംബന്ധിച്ചാണു്. പരിധി നിർണ്ണയത്തിൽ ആർക്കും എതിരുണ്ടെന്നതോന്നുന്നില്ല. പരിധി നിർണ്ണയിക്കുന്നതിനുവേണ്ടിയാണു് മുഖ്യമായും ഈ നിയമങ്ങളൊക്കെ നടപ്പിലാക്കണമെന്നു പറഞ്ഞുവന്നിട്ടുള്ളതു്. പരിധി ഇന്നു് രണ്ടു സ്റ്റാൻഡേർഡിലേക്കായി വെട്ടിക്കുറച്ചിട്ടുണ്ടു്. വെട്ടിക്കുറവിനെപ്പറ്റി ഞാൻ ആക്ഷേപം പറയുന്നില്ല. പരിധി നിർണ്ണയിക്കാനുള്ള വകുപ്പുകളും, അതു് ഗവണ്മെൻറു് ഏറ്റെടുക്കാനും വിതരണം ചെയ്യാനും ഗവണ്മെൻറിനു് അധികാരം നൽകുന്നവകുപ്പുകളും ഈ ട്രഷറീഷ്ക്കരണബില്ലിൽ ഉണ്ടായിരുന്നിട്ടു് എന്തുകൊണ്ടു് പ്രയോഗത്തിൽ വരുത്തിയിട്ടില്ല എന്നു ഞാൻ ചോദിക്കുകയാണു്. എന്തെങ്കിലും സമാധാനം ഇതിനു പറയാൻ ഈ ഗവണ്മെൻറിനുണ്ടോ എന്നു ഞാൻ ചോദിക്കുകയാണു്. മിച്ചഭൂമി എന്നു പറയുന്ന സാങ്കൽപ്പികതപം ഇന്നു് ഈ രാജ്യത്തില്ല. ഈ ഗവണ്മെൻറു് ജന്മിമാർക്കു് കൂട്ടുനിൽക്കുകയാണെന്ന ആരോപണം ഞാനുന്നയിക്കുകയാണു്. ഭൂമി കുറേതല്ലുള്ള ആളുകളും മിച്ചഭൂമി കൈമാറുന്നതു് നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുള്ള നിയമം കൊണ്ടുവന്നിരിക്കുകയാണു്. മാർക്സിസ്റ്റു് മന്ത്രിയായ ശ്രീമതി കെ. ആർ. ഗൗരി 1969 ജൂലൈ 1-ാം തീയതിവരെ മിച്ചഭൂമി ആരെങ്കിലും കൈമാറിയിട്ടുണ്ടെങ്കിൽ അതിനെല്ലാം നിയമസാധുതയുണ്ടാകുമെന്നു് എഴുതിവച്ചിട്ടുള്ളതു് മുതലാളിമാരെ പ്രീണിപ്പിക്കാനല്ലെങ്കിൽ പിന്നെ മറ്റെന്തിനുവേണ്ടിയാണു്, തീർച്ചയായിട്ടും ഇതിനുമുമ്പു നടത്തിയിട്ടുള്ള കരണങ്ങളും പാവപ്പെട്ട ആളുകൾക്കെതിരായി ഭൂവുടമകളും നടത്തിയിട്ടുള്ള കരണങ്ങളും നിയമവിരുദ്ധമായി പ്രഖ്യാപിക്കാനുള്ള ചങ്കൂറ്റം ഈ ഗവണ്മെൻറിനു് ഉണ്ടായില്ല. ഇന്നിവിടെ മിച്ചഭൂമിയില്ല. മിച്ചഭൂമി ആണുങ്ങളും കൈമാറിക്കഴിഞ്ഞു. അവർക്കു് ഈ ഗവണ്മെൻറു് സൗകര്യം കൊടുത്തിരിക്കുകയാണു്.

1-4-1964 കഴിഞ്ഞു് ഒരു കൊല്ലത്തിനകം ഒരു നോട്ടിഫിക്കേഷൻ വഴി ഈ നിയമം നടപ്പിലാക്കാമെന്നു് വ്യവസ്ഥയുണ്ടായിരുന്നു. 1-4-1965-ൽ ഇവിടെ പ്രസിഡൻറുഭരണമായിരുന്നു, അതുകൊണ്ടു് അന്നു സാധിച്ചില്ല, അതിനുശേഷം അധികാരത്തിൽ വന്ന സാധാരണക്കാരനേറെതെന്നു പ്രതീക്ഷിക്കുന്ന ഈ ഗവണ്മെൻറു് എന്തുകൊണ്ടു് ഒരു നോട്ടിഫിക്കേഷൻ വഴി മിച്ചഭൂമികളെല്ലാം എടുത്തുകൊണ്ടു് ഇവിടെയുള്ള കൃഷിക്കാരനു് വിതരണം ചെയ്യാൻ കഴിഞ്ഞില്ല എന്നുള്ളതിനു് നിങ്ങളം സമാധാനം പറയണം. അതിനുപകരം മിച്ചഭൂമികളം കൈയേറിക്കൊള്ളുക എന്നു് ആഹ്വാനം ചെയ്തിരിക്കുകയാണു്. ഇത്ര നാണംകെട്ട ആഹ്വാനവുമായി രംഗത്തു വരാൻ നിങ്ങൾക്കു് എങ്ങനെ സാധിക്കുന്നു എന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതു് നടപ്പിലാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയൊന്നുമല്ല ഇതു പറയുന്നതു്. കാരണം ഈ രാജ്യത്തു് മിച്ചഭൂമിയില്ല. എവിടെയെങ്കിലും കൈയേറണം, കിട്ടുന്നതു് വാങ്ങിക്കണം, അങ്ങനെ ഈ രാജ്യത്തു് അരാജകത്വം സൃഷ്ടിച്ചു് ഭരണഘടനയേയും കേന്ദ്രത്തേയും പഴി പറയണം എന്നുള്ളതിൽകവിഞ്ഞു് ആത്മാർത്ഥമായും ഇവിടത്തെ കാർഷികരംഗത്തു് എന്തെങ്കിലും പരിഷ്ക്കാരങ്ങളം വരുത്താൻ നിങ്ങൾക്കു് ആഗ്രഹമില്ലെന്നുള്ളതിൻറെ സൂചനയാണു് ഇതെല്ലാം. മിച്ചഭൂമിയുള്ള പലരും ഇപ്പോൾ എന്തു ചെയ്തിരിക്കുകയാണെന്നറിയാമോ ? മിച്ചഭൂമി കൈമാറാൻ പല എളുപ്പമാർഗ്ഗങ്ങളുമുണ്ടു്, ഗിഫ്റ്റു് ആയി കൊടുക്കുക. വേറൊരു കൂട്ടർ എന്താണു ചെയ്യുന്നതെന്നറിയാമോ ? ബോഗസ് ടെനൻറു് ആകുക. ഇങ്ങനെ നിയമം മറികടക്കുന്നതിനു് നൂറുനൂറു വിദ്യകളം പ്രയോഗിച്ചുകൊണ്ടു് മിച്ചഭൂമി മുഴുവനും ഇന്നു കൈമാറിയിരിക്കുകയാണു്. ഈ രാജ്യത്തെ പാവപ്പെട്ടവർക്കു വിതരണം ചെയ്യാൻ ഒരു സെൻറു ഭൂമിപോലും അവശേഷിച്ചിട്ടുണ്ടോ എന്നു കാര്യം സംശയമാണു്. ചുരുക്കം ചില ഭൂമികളം ഉണ്ടെന്നുള്ളതല്ലാതെ കാര്യമായി യാതൊരു ഭൂമിയും ഇല്ല. പണ്ടത്തെ നിയമപ്രകാരം ഞാൻ മുമ്പു പറഞ്ഞതുപോലെ ഒരൊറ്റ നോട്ടിഫിക്കേഷൻ മൂലം മിച്ചഭൂമി എടുക്കുകയും മറ്റൊരു നോട്ടിഫിക്കേഷൻമൂലം

LIBRARY ARCHIVES Kerala Legislative Assembly

ഈ കുടിയാന്മാരെ എല്ലാം അതിന്റെ ഉടമകളാക്കി മാറ്റുകയും ചെയ്യാനുള്ള നിയമവും 72-ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിരുന്നു. ആ വകുപ്പും ഇപ്പോൾ ഭേദഗതി ചെയ്തിരിക്കുകയാണു്. കുടിയാനു് നേരിട്ടു് കൊടുക്കുക എന്നുള്ള വകുപ്പു മാറ്റിയിട്ടു് ആ ഭൂമി സർക്കാരിന്റെ കൈവശം വരുന്നതിനു് മറ്റൊരു വകുപ്പു് ഉണ്ടാക്കിയിരിക്കുകയാണു്. അതിന്റെ തത്വശാസ്ത്രവും എനിക്കു മനസ്സിലാകുന്നില്ല. പുതുതായി സർക്കാർ എന്നു പറയുന്ന മറ്റൊരു മദ്ധ്യവർത്തി ഉണ്ടാകുന്നതുമൂലം സർക്കാരിന്റെ മേധാവിത്വം ഉണ്ടാകുന്നതിനുവേണ്ടിയല്ലേ ഇതെല്ലാം എഴുതിച്ചേർത്തിട്ടുള്ളതെന്നു് ഞാൻ സംശയിക്കുകയാണു്. അതല്ലെങ്കിൽ ഒരൊറ്റ തൂലികാചലനം കൊണ്ടു് കുടിയാന്മാരെ ഉടമകളാക്കാനുള്ള ലളിതമായ നിയമം ഉണ്ടായിരിക്കെ അതു മാറ്റിയെഴുതാൻ വ്യഗ്രത കാണിച്ചിരിക്കുന്നതു് ഒരുപക്ഷേ സ്വന്തം പാർട്ടിക്കാർക്കും ബന്ധുജനങ്ങൾക്കും മറ്റു വേണ്ടപ്പെട്ടവർക്കും വിതരണം ചെയ്യാൻ കഴിയുമോ എന്നു പരീക്ഷിക്കാൻവേണ്ടിയാണു്. അതുകൊണ്ടു് മിച്ചഭൂമിയെ സംബന്ധിച്ചിടത്തോളം പണ്ടുണ്ടായിരുന്ന നിയമത്തിലെ 72-ാം വകുപ്പു് ഭേദഗതി ചെയ്തുകൊണ്ടു് സർക്കാർ മധ്യവർത്തിയായിട്ടുള്ള നൂതനമായ സർക്കാർ ജന്മിത്വം ഉണ്ടാക്കാതെ നേരിട്ടു ഭൂമി കൈമാറാനുള്ള അധികാരം ഉണ്ടാക്കത്തക്ക രീതിയിൽ പണ്ടുണ്ടായിരുന്ന നിയമത്തിലെ ലളിതമായ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ടു് ഈ നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

സർ, ഇനി എനിക്കു പറയുവാനുള്ളതു് വളരെ വേഗം പറഞ്ഞു് അവസാനിപ്പിച്ചുകൊള്ളാം. എനിക്കു പ്രധാനമായും പറയുവാനുള്ളതു് കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളമാണു്. വളരെക്കാലം മുൻപുതന്നെ പത്രത്തിൽക്കൂടി ഒരു വാർത്ത കണ്ടിരുന്നു. ബഹുമാനപ്പെട്ട റവന്യൂമന്ത്രി കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം പുതുതായി ഒരു നിയമനിർമ്മാണം നടത്താൻ പോകുന്നു (കുടികിടപ്പുകാർസ് നിയമം) എന്നതായിരുന്നു ആ വാർത്ത: അതൊരു നല്ല കാര്യംതന്നെയെന്നു് ഞങ്ങൾ വിചാരിച്ചു. നമ്മുടെ സമൂഹത്തിലെ വളരെ ഗണ്യമായ സംഖ്യയുള്ള കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവരുടെ പ്രശ്നങ്ങൾ ഈ രാജ്യത്തിന്റെ പ്രശ്നമാണു്. ഈ രാജ്യത്തെ 90 ശതമാനത്തോളം ആളുകളും കുടികിടപ്പുകാരാണു്. നിരവധി ലക്ഷം വരുന്ന ഈ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശങ്ങൾ ക്രോഡീകരിച്ചുകൊണ്ടു് അതു് അഭംഗുരം പാലിക്കത്തക്ക രീതിയിൽ കുടികിടപ്പുകാർക്കുവേണ്ടി നിയമം ഉണ്ടാക്കുമെന്നു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞപ്പോൾ അതു് സാമാന്യം തരക്കേടില്ലാത്ത ഒരു പ്രഖ്യാപനമാണെന്നു ഞങ്ങൾ വിചാരിച്ചു. എന്തുകൊണ്ടോ അതു സംഭവിച്ചില്ല. അങ്ങനെയൊരു നിയമനിർമ്മാണവുമായി വരാൻ റവന്യൂമന്ത്രിക്കു് ഇതുവരെയായിട്ടും കഴിഞ്ഞിട്ടില്ല. അതിനു് പലവിധത്തിലുള്ള പരിമിതികളും ഉണ്ടാകാം. എന്തായാലും ഈ ബില്ലിൽ കുടിക്കിടപ്പുകാരെ സംബന്ധിച്ചിടത്തോളം അവർക്കു് അനുകൂലമായി ചില വ്യവസ്ഥകളെല്ലാം ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുണ്ടു്. അതിനെ സ്വാഗതം ചെയ്യുകയാണു്. കുടികിടപ്പുകാർക്കു് സംരക്ഷണം വേണമെന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും പക്ഷാന്തരം ഉണ്ടാകുമെന്നു തോന്നുന്നില്ല. അതിനുപരിയായിട്ടുള്ള മറ്റൊരു പ്രശ്നം ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണു്. ഇന്നു കുടികിടപ്പുകാരെ ഒഴിപ്പിക്കുവാൻ ആരുംതന്നെ ചെല്ലുന്നില്ല എന്നുള്ളതാണു് വസ്തുത. കുടിഒഴിപ്പിക്കാൻ സാദ്ധ്യമല്ലെന്നുള്ള നിയമം വളരെക്കാലമായി പ്രാബല്യത്തിൽ വന്നിരിക്കുകയാണു്. കുടികിടപ്പുകാരുടെ അവകാശങ്ങൾ ധ്വംസിക്കുന്ന കേസ്സുകളൊന്നുംതന്നെ ഇല്ലാത്ത രീതിയിൽ നമ്മുടെ രാജ്യത്തെ ജനത വളർന്നുകഴിഞ്ഞിരിക്കുകയാണു്. കുടികിടപ്പുകാരനെ ഒഴിപ്പിക്കുവാൻ പാടില്ലെന്നും അവന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നുമുള്ള ഒരു സ്ഥിതിവിശേഷം ഈ രാജ്യത്തു് ഇന്നുണ്ടായിട്ടുണ്ടു്. ഇങ്ങനെയുള്ള നിയമനിർമ്മാണംകൊണ്ടു് ഈ ഗുണത്തിനുപരിയായി പാവപ്പെട്ട കുടികിടപ്പുകാരൻ ആഗ്രഹിക്കുന്നതു് എന്താണെന്നറിയാമോ ? ഉള്ള സ്ഥലത്തുനിന്നും ഒഴിപ്പിക്കരുതെന്നു പറയേണ്ടതായ ഒരു സാഹചര്യം ഈ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തില്ല. ഇൗസ്മെൻറ് റൈറ്റ് കിട്ടണമെന്നോ സൗകര്യമായി പെരുമാറാനുള്ള സൗകര്യം കിട്ടണമെന്നോ ഒന്നും പറയേണ്ട ആവശ്യമില്ല. ഇതിനൊന്നും പ്രത്യേക നിയമനിർമ്മാണം ഇല്ലെങ്കിലും സാവ്ത്രികമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്ന കാര്യങ്ങളായതുകൊണ്ട് പ്രത്യേകമായി പറയേണ്ട കാര്യമില്ല. കുടികിടപ്പുകാരനു് ആവശ്യമുള്ളതു് ഇതൊന്നുമല്ല. കുടികിടപ്പുകാരനു് ആവശ്യമുള്ളതു് കൂടുതൽ കുടികിടപ്പു് ഈ രാജ്യത്തുണ്ടാക്കണമെന്നുള്ളതാണു്. കുടികിടപ്പുകാരനു് ആനുകൂല്യം നൽകുന്ന പല നിയമങ്ങളും വന്നുകഴിഞ്ഞതിനുശേഷം പുതിയ കുടികിടപ്പുകാരെ അനുവദിക്കുവാൻ ട്രൈബ്യൂണലുടെ വിസമ്മതിക്കുന്നതിനെതുടർന്നു് ഒരൊറ്റ ചെറുപ്പുരയിൽ തന്നെ അഞ്ചും പത്തും കുടുംബങ്ങൾ താമസിക്കുന്ന ഗതികേടു് ഈ രാജ്യത്തുണ്ടെന്നുള്ള കാര്യം ഈ നിയമം എഴുതിയുണ്ടാക്കിയ റവന്യൂമന്ത്രി ഓർമ്മിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണു്. അവരെ കുടിയിരുത്താനുള്ള നിയമനിർമ്മാണമാണു് കൊണ്ടുവരേണ്ടതു്. ഇവരെ സർക്കാർ ഭൂമികളിൽ കുടിയിരുത്തണം. മറ്റു ഭൂമികളും അക്വയർ ചെയ്തുകൊണ്ടു് ഈ മാതിരി തിങ്ങിപ്പാർക്കുന്ന ജനലക്ഷങ്ങൾക്കു് തലചായ്ക്കാൻ സൗകര്യം ഈ രാജ്യത്തുണ്ടാക്കുന്നതിലാണു് ഈ ഗവണ്മെൻറിൻറെ മിടുക്കു കാണേണ്ടതു്. ഇതു ചെയ്യുന്നതിനുള്ള എന്തു നിയമമാണു് നിങ്ങളം കൊണ്ടുവന്നിട്ടുള്ളതു്? പുതുതായി ഒരു ഇടം ഉണ്ടാക്കുൻ ഒരു പൈസയെങ്കിലും ഈ ഗവണ്മെൻറു ചെലവു ചെയ്തിട്ടുണ്ടോ? ആയിരക്കണക്കിനു നൂതനങ്ങളായ തസ്തികകളും സൃഷ്ടിച്ചുകൊണ്ടു്, ശമ്പളത്തിൽ അടിക്കടി വർദ്ധനവുണ്ടാക്കിക്കൊണ്ടു് കോടിക്കണക്കിനു രൂപ അനാവശ്യമായി ചെലവു ചെയ്യുന്ന ഈ ഗവണ്മെൻറു് മനുഷ്യൻറെ പ്രാഥമികമായ ഈ ആവശ്യം സാധിച്ചുകൊടുക്കാൻ ഒരു ചെറുവിരലെങ്കിലും ചലിപ്പിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണു". കുടികിടപ്പുകാരനു് കൂടുതൽ കുടിതാമസത്തിനുള്ള സൗകര്യങ്ങളുണ്ടാക്കാനുള്ള നിയമനിർമ്മാണം കൊണ്ടുവരികയും അതിനുള്ള നടപടികളും സ്വീകരിക്കുകയും വേണം. അതൊന്നും ഈ ബില്ലിലെ വകുപ്പുകളിൽ ഞാൻ കണ്ടില്ല. നിർവചനത്തിലും മറ്റും ചില മാറ്റങ്ങളം വരുത്തിയിട്ടുണ്ടു്. അതിൽ കുറെയെല്ലാം സ്വാഗതാർഹമാണു്. 'ശ്രീമാൻ ചാക്കോ കുറെയെല്ലാം ചെയ്തു, ഞാൻ അതിൽ കുറെ കയറിവച്ചു' ഈ നിലയിലാണു് പല വകുപ്പുകളിലും മാറ്റങ്ങൾ വരുത്തിയിരിക്കുന്നതു്. ശ്രീ. പി. ടി. ചാക്കോ ചെയ്തിട്ടുള്ളതു് നല്ല കാര്യമായാലും അതിൽ കുറെയെങ്കിലും മാറ്റം വരുത്തണമെന്നുള്ള നിലയിലാണു് ചെയ്തിരിക്കുന്നതു്. അല്ലാതെ യാതൊരു തത്വത്തിൻറെയും അടിസ്ഥാനത്തിലല്ല. ഉദാഹരണമായി 'ഹട്ടു'കളുടെ ഡഫനിഷനിൽ വ്യത്യാസം വരുത്തിയിട്ടുണ്ടു്. നാനൂറു രൂപ വിലവരുന്ന അല്ലെങ്കിൽ നാലു രൂപ വാടക കിട്ടുന്നതു് ഒരു കുടിൽ എന്നുള്ളതിൽ ഒരു ചെറിയ ഭേദഗതിയെങ്കിലും വരുത്തിയില്ലെങ്കിൽ ശരിയല്ല എന്നു കരുതിക്കൊണ്ടു് 400 രൂപ എന്നുള്ളതു മാറ്റി ആദ്യം അവതരിപ്പിച്ച ബില്ലിൽ 500 രൂപ എന്നാക്കി, പിന്നീടു് സെലക്ടുകമ്മിറ്റി റിപ്പോർട്ടു വന്നപ്പോൾ നൂറു രൂപ കൂടി കൂട്ടിക്കൊണ്ടു് 600 രൂപ എന്നാക്കി. ഇതു് ലേലം സ്ഥിരപ്പെടുത്തുന്നതുപോലെയാണു്. തത്വങ്ങളൊന്നുമില്ല. ഇപ്പോൾ 600 രൂപ വിലയുള്ള കുടിൽ അല്ലെങ്കിൽ (നാലു രൂപ വാടക കിട്ടുന്നതു് എന്നുള്ളതു മാറ്റിയിട്ടു്) അഞ്ചു രൂപ വാടക കിട്ടുന്ന കുടിൽ എന്നു മാറ്റം വരുത്തിയിരിക്കുകയാണു്. ഏതായാലും അതു് സ്വാഗതാർഹമാണു്. സ്വന്തമായി ഭൂമിയില്ലാത്ത ആളാണു് കുടികിടപ്പുകാരനെന്നുള്ള പരമ്പരാഗതമായ വിശ്വാസത്തെയെല്ലാം തകർത്തുകൊണ്ടു് അവിടെയും ഒരു സൗജന്യം ഐക്യകക്ഷിമന്ത്രിസഭയുടെ വകയായി അനുവദിച്ചുകൊടുത്തിരിക്കുകയാണു്. ഇതിനെയൊന്നും എതിർത്തു സംസാരിക്കുകയല്ല. എന്നാൽ ഇതിനൊന്നും ഒരു തത്വം ഇല്ലാത്തതുകൊണ്ടു് പറയുകയാണു്. മേജർ മുനിസിപ്പാലിറ്റികളിൽ മൂന്നു സെൻറും അല്ലാത്ത സ്ഥലങ്ങളിൽ അഞ്ചു സെൻറും പഞ്ചായത്തുകളിൽ പത്തു സെൻറും ഭൂമിയുടെ ഉടമയാണെങ്കിലും കുടികിടപ്പുകാരൻ ആണെന്നു പറഞ്ഞിട്ടുണ്ടു്. ഇങ്ങനെയാണു് ചില വ്യത്യാസങ്ങൾ ഇതിൽ വരുത്തിയിട്ടുള്ളതു്. അതിനോടൊന്നും ആർക്കും എതിർപ്പില്ല.

അതുപോലെതന്നെ പുറമ്പോക്കു് വർദ്ധിപ്പിക്കുന്ന കാര്യം നല്ലതാണു്. ഇതു പറയുമ്പോൾ ഞാൻ ഒരു കാര്യം ഓർക്കുകയാണു്. 1957-ലെ കാർഷികബന്ധ

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിൽ ഈ ചുറ്റളവ് വർദ്ധിപ്പിക്കുവാനുള്ള യാതൊരു വകുപ്പും ഉണ്ടായിരുന്നി ല്ലെന്നമാത്രമല്ല ചെറുകിടിലുകാരൻ തന്നെയായിരിക്കണമെന്നമാണ് എഴുതിവച്ചി രുന്നത്. അതായത് ഓല മാറ്റി ഒരു പുര ഉണ്ടാക്കിയാൽ ഒരിഞ്ചുപോലും വിസ്തീർണ്ണം കൂട്ടാൻ പാടില്ലെന്ന മാത്രമല്ല ഓലകൊണ്ട് മാത്രമേ റിപ്പയർ ചെയ്യാവൂ എന്നമാണ് റവന്യൂമന്ത്രി അന്ന് നിയമത്തിൽ ഉണ്ടാക്കിവച്ചിരുന്നതെന്ന കാര്യം ഞാൻ ഈയവസരത്തിൽ ഓർമ്മിക്കുകയാണു', അതിനുശേഷമുണ്ടായ ഭൂപരിഷ്ക്ക രണനിയമത്തിലാണ് with the same or different materials എന്ന് എഴുതിവച്ചി ട്ടുള്ളത്.

ശ്രീ. ടി. കെ. കൃഷ്ണൻ : അപ്പോഴും പ്രിന്റ് ഏരിയാ വർദ്ധിപ്പിക്കുവാൻ പ്രൊവിഷനില്ലായിരുന്നു.

ശ്രീ. കെ. ടി. ജോർജ്ജ് : കാലം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണു മി. കൃഷ്ണൻ. നിങ്ങളും അധികാരത്തിൽ നിന്നും പോകുമ്പോഴും മറ്റൊരു ഭരണം നില വിൽ വരും. അന്നും വരും വേറൊരു ഭേദഗതിബിൽ. കാലാനുസൃതമായ മാറ്റ ങ്ങളും വന്നുകൊണ്ടേയിരിക്കും. ഭൂമിയുടെ സങ്കൽപ്പത്തിൽത്തന്നെ വ്യത്യാസം വന്നുകൊണ്ടിരിക്കുകയാണു്. ചെറുകിടിലുകാരൻ ചെറുകിടിലുകാരൻതന്നെയായി കഴിയാതിരിക്കുവാൻ with the same or different matetials എന്നു് എഴുതിപ്പിടി പ്പിച്ചു് പൈസയുള്ളവനും് മാളിക വേണമെങ്കിലും പണിയാമെന്നും വരുത്തിയതു് കാർഷികപരിഷ്ക്കരണ നിയമത്തിലാണു്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : ഒരു ചോദ്യം. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോഴും പറഞ്ഞതുപോലെ ചെറുകിടിലുകാരൻ ചെറുകിടിലുകാരൻ ആയിത്തന്നെ ഇരിക്കണമെന്നുള്ള നിലയിൽ 1959-ലെ നിയമത്തിൽ എഴുതിവച്ചിരുന്നില്ലെന്നു പറഞ്ഞാൽ അതല്ലെന്നു തെളിയിക്കാമോ ?

ശ്രീ. കെ. ടി. ജോർജ്ജ് : ശ്രീ. പുരുഷോത്തമൻ നിഷേധിച്ചാലും ബഹുമാന പ്പെട്ട മന്ത്രി നിഷേധിക്കുകയില്ല. ഇതിനെ സംബന്ധിച്ചിടത്തോളം കോടതിവിധി ഉണ്ടായിട്ടുണ്ടു്, കാർഷികബന്ധനിയമപ്രകാരം ചെറുകിടിലുകാരൻ എപ്പോഴും ചെറുകിടിലുകാരൻതന്നെയായിരിക്കണമെന്ന വ്യാഖ്യാനിച്ചുകൊണ്ടു കോടതിവിധി ഉണ്ടായിട്ടുണ്ടു്. ചെറുകിടിലുകാരൻ ചെറുകിടിലുകാരനായിത്തന്നെ കഴിയണ മെന്നു് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ തീരുമാനിച്ചതിനെ മാറ്റി ചെറുകിടിലുകാരൻ ജോലി ചെയ്തു് ന്യായമായ കൂലി ലഭിക്കുകയാണെങ്കിൽ അതുകൊണ്ടു് ആ ചെറു കിടിൽ ഇരിക്കുന്ന സ്ഥലത്തു് കല്ലുകൊണ്ടു് വേണമെങ്കിലും പുര പണിയാമെന്നു എഴുതിവച്ചതു് ശ്രീ. പി. ടി. ചാക്കോ ആണു്.

ഈ നിയമത്തിൽ പ്രിന്റ് ഏരിയാ കൂട്ടാനുള്ള അവകാശം നൽകുന്ന വകുപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഏരിയാ 50% ശതമാനം വർദ്ധിപ്പിക്കാമെന്നു പറഞ്ഞി ട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : പത്തു സെന്റു് കൊടുക്കുകയാണു്. അപ്പോഴും പിന്നെ പ്രിന്റ് ഏരിയായുടെ പ്രശ്നം വരുന്നില്ല.

ശ്രീ. കെ. ടി. ജോർജ്ജ് : എനിക്കു് അങ്ങോട്ട് ചോദിക്കുവാനുള്ളതു് ഇതാണു്, പത്തു സെന്റു് കൊടുക്കുകയാണെങ്കിൽ പിന്നെ പ്രിന്റ് ഏരിയായുടെ കാര്യം എന്തിനു പറയണം ?

ശ്രീമതി കെ. ആർ. ഗൗരി : അതു നമുക്കു മാറ്റാം,

ശ്രീ. കെ. ടി. ജോർജ്ജ് : അപ്പോഴും എനിക്കു് അതിനെപ്പറ്റി ഒന്നും നിർദ്ദേശിക്കാനില്ല. ബഹുമാനപ്പെട്ട മന്ത്രി ആവേശഭരിതനായി പത്തു സെന്റു് കൊടുത്തുകളയുമെന്നു പ്രസ്താവിച്ചെങ്കിലും അതു നടക്കുമോ എന്നു് എനിക്കു സംശയ മുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : പർച്ചേസ് റൈറ്റ് വരുമ്പോഴും മിനിമം പത്തു സെൻറ് എന്നുള്ളതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടില്ലെന്നു് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. ടി. ജോർജ്ജ് : ഞാൻ അതിലേയ്ക്കുതന്നെ വരികയാണു്. കുടികിടപ്പുകാരനു് പർച്ചേസു് റൈറ്റു് നൽകി എൻെറ ജീവിതത്തിൻെറ ഏറ്റവും വലിയ അഭിലാഷം സാധിച്ചിരിക്കുന്നുവെന്നും സാധാരണക്കാരനുവേണ്ടി ഇതെങ്കിലും ചെയ്യാൻ ഈ ഭരണഘടനയുടെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടു് സാധിച്ചല്ലൊ എന്നു് വളരെ ഭയങ്കരമായി പെരുമ്പറയടിച്ചുകൊണ്ടു്. .....

ശ്രീമതി കെ. ആർ. ഗൗരി : എൻെറ ജീവിതത്തിൽ ഇതിലും വലിയ അഭിലാഷങ്ങളുണ്ടു്. ശ്രീ. ജോർജ്ജു് അതു ചെറുതാക്കി പറയരുതു്. എൻെറ അഭിലാഷങ്ങളും ഇതിനെക്കാളും വളരെ വലുതാണു്.

ശ്രീ. കെ. ടി. ജോർജ്ജ് : ഒരുകാലത്തും ബഹുമാനപ്പെട്ട റവന്യൂമന്ത്രിയെ ചെറുതാക്കി ഞാൻ പറഞ്ഞതല്ല. ചെറുതാക്കി പറയുകയുമില്ല. ഞാൻ എന്നു് ഞാൻ പറഞ്ഞതു് ഭരണകൂടത്തെ ഉദ്ദേശിച്ചാണു്. അങ്ങനെ ഞങ്ങളാണു്—ബഹുവചനത്തിൽ പറയുകയാണു്—സാധുക്കളാക്കേണ്ടി ത്യാഗംചെയ്യുന്നതെന്നു വരുത്തിത്തീർക്കാൻവേണ്ടി, ഇതൊക്കെ ചെയ്തതെന്നു വരുത്തിക്കൂട്ടുന്നതിനുവേണ്ടി വീരവാദങ്ങളും മുഴക്കിക്കൊണ്ടുനടക്കുകയാണു്. ലക്ഷോപലക്ഷം കുടികിടപ്പുകാരെ ഇതാപിടിച്ചോ പത്തുസെൻറുഭൂമി സൗജന്യമായിട്ടു്. കുടികിടപ്പുകാർ ഇതുകേട്ടു് ഉണർന്നു് സന്തോഷഭരിതരായി, അവർ ഭൂമിയുടെ ഉടമയായിത്തീരുകയാണു്. ഇത്രയുംകാലം കാത്തിരുന്നിട്ടും നടക്കാതിരുന്നതു് ഈ ഗവണ്മെൻറു വന്നതിനുശേഷമെങ്കിലും കിട്ടാൻപോവുകയാണെന്ന സന്തോഷത്തിൽ അവർ കഴിയുകയാണു്. പാവങ്ങളും അറിയുന്നുണ്ടോ ഇതിൻെറ യാഥാർത്ഥ്യങ്ങളും. ഞങ്ങളും അവരെ ഓർത്തു സഹതപിക്കുകയാണു്. ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഈ ബില്ലു് സെലക്ടു കമ്മിറ്റി റിപ്പോർട്ടുചെയ്യുന്നതിനുശേഷമുള്ള ചർച്ചയിൽ ചർച്ച ആരംഭിച്ചുകൊണ്ടു് ഇവിടെ പ്രസംഗിച്ച അവസരത്തിൽ പത്തുസെൻറു് എല്ലാവർക്കും കൊടുക്കുമെന്നു് ധ്വനിപ്പിക്കത്തക്കനിലയിൽ പ്രസംഗിച്ചപ്പോൾ അന്നു് അതു് ചോദ്യം ചെയ്യേണ്ടെന്നു് ഞങ്ങളും വിചാരിച്ചതാണു്. അതുകേട്ടു് കുടികിടപ്പുകാർക്കു് എല്ലാവർക്കും ഭൂമി കിട്ടുമെന്നുള്ള വിശ്വാസത്തിൽ അവർ സന്തോഷഭരിതരായി കഴിയുകയാണു്. എന്നാൽ എന്താണു് ഇതിൽ എഴുതിവച്ചിരിക്കുന്നതു്? ഇതിൽ എഴുതിവച്ചിരിക്കുന്നതു വായിക്കുകയാണെങ്കിൽ ഇതിൻെറ എ, ബി, സി, അറിയാവുന്നവരാണോ ഇതു് എഴുതിയുണ്ടാക്കിയതെന്നു തോന്നിപ്പോകും. എന്നാൽ എ മുതൽ ഇസഡ്ഡുവരെ അറിയാവുന്ന ആളാണു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി. ഭൂനിയമമെന്നു പറഞ്ഞാൽ അതിൻെറ കുത്തകാവകാശംതന്നെ വേണമെങ്കിൽ അങ്ങു് എടുത്തോളൂ. അങ്ങനെയുള്ള റവന്യൂമന്ത്രിയുടെ കരങ്ങൾകൊണ്ടാണു് ഇത്രയും അശാസ്ത്രീയമായ ആർക്കും ഗുണം ചെയ്യാൻ ഉപകരിക്കാത്ത വകുപ്പുകൾ എഴുതിച്ചേർത്തതെന്നു് ഓർക്കുമ്പോൾ വേദനതോന്നുകയാണു്. ഒരേക്കറുകാരനായ ജന്മിയുടെ പുരയിടത്തിൽ കുടികിടക്കുന്നവർക്കു് അങ്ങനെയുള്ള കുടികിടപ്പുകാരെ നിങ്ങൾക്കു് നൂറുപ്പാം പത്തുസെൻറില്ല. അതു തീർന്നു. ഒരേക്കറുകാരൻെറ ഭൂമിയിൽനിന്നും പത്തുസെൻറില്ല. ഒന്നുമില്ല തൽക്കാലം. പിന്നെ വേറെ ചില ആളുകളുടെകാര്യത്തിൽ, രണ്ടേക്കറിനു താഴെയുള്ള ആളുകളുടെ കാര്യത്തിൽ മേജർ മുനിസിപ്പാലിറ്റിയിൽ മൂന്നു സെൻറു്, അല്പാത്ത മുനിസിപ്പാലിറ്റികളിൽ അഞ്ചു് സെൻറു്, പഞ്ചായത്തുകളിലാണെങ്കിൽ പത്തു സെൻറു്. ഇത്രയും മാത്രം ആകെ കൊടുത്താൽ മതി; അയാളുടെ കീഴിൽ എത്ര കുടികിടപ്പുകളുണ്ടെങ്കിലും. ഒരേക്കറുമുതൽ രണ്ടേക്കർവരെയുള്ള ഭൂ ഉടമസ്ഥൻ ആകെ ഐക്യകക്ഷി ഗവണ്മെൻറിൻെറ ഭയങ്കരമായ നിയമനിർമ്മാണംമൂലം കൊടുക്കേണ്ടിവരുന്ന ഭൂമിയുടെ തോതാണു് ഞാൻ ഈ വായിച്ചതു്. 3, 5, 10, ഇത്രമാത്രമേ സ്ലാബു് നിശ്ചയിച്ചിരിക്കുകയാണു്. 2 മുതൽ 3 വരെ ഏക്കർകാരൻ 6, 10, 20 ഇങ്ങനെയാണു് കൊടുക്കേ

ണ്ടത്. ഞാൻ ഇതു് ഓരോന്നും പ്രത്യേകം പ്രത്യേകം എടുത്തു പറയുന്നില്ല. 6 സെൻറു് മേജർ മുനിസിപ്പാലിറ്റിയുടേയും കോർപ്പറേഷൻറെയും കാര്യത്തിലാണു് മൂന്നാമത്തേതു് പഞ്ചായത്താണു്. മൂന്നുമുതൽ നാലുവരെ ഏക്കറിൻറെ ഉടമസ്ഥനാണെങ്കിൽ ആകെ എത്ര കുടികിടപ്പുകാരുണ്ടെങ്കിലും നഷ്ടപ്പെടേണ്ടിവരുന്ന ഭൂമി 9, 15, 30. അതായതു് പഞ്ചായത്തിലാണെങ്കിൽ 30 സെൻറു്. നാലേക്കർമുതൽ അഞ്ചേക്കർവരെയുള്ള ഉടമസ്ഥനാണെങ്കിൽ 12, 20, 40; ഇവിടംകൊണ്ടു് അവസാനിച്ചു; ഈ ഗവണ്മെൻറിൻറെ ഭയങ്കരമായ വിപ്ലവം. അതായതു് ഞാൻ മുമ്പു പറഞ്ഞമാതിരി കുടികിടപ്പുകാർ തമ്മിൽ തമ്മിൽ അടിക്കുന്നതിനുവേണ്ടി ബോധപൂർവ്വം എഴുതിവച്ചതാണോ ഈ വകുപ്പുകൾ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അവർതമ്മിൽ വ്യക്തമായ വിവേചനം കാണിക്കുന്നതരത്തിൽ കുടികിടപ്പുകാരെ തമ്മിൽ അടിപ്പിക്കുന്നതിനുവേണ്ടി ചില കാര്യങ്ങൾ എഴുതിവച്ചിട്ടുള്ളതിനു് ഒരു ഉദാഹരണം ഞാൻ പറയാം.

സർ, ഒരു ജന്മിക്കു് എത്ര ഏക്കർ ഭൂമിയുണ്ടെന്നു് ആരു കണക്കാക്കിയിരിക്കുന്നു. ജന്മിക്കുള്ള ഭൂമിയുടെ പരിധിയെ അടിസ്ഥാനപ്പെടുത്തിയാണു് എനിക്കു് കിടപ്പാടം കിട്ടാൻ എന്നെ അവകാശിയാക്കിത്തീർക്കുന്നതെന്നു് എഴുതിവച്ചാൽ എവിടെ നടന്നു് അന്വേഷിച്ചു കണ്ടെത്താൻ കഴിയും ഈ ജന്മിക്കുള്ള ഭൂമിയെല്ലാം ? അയാളുടെ ഭൂമിയിൽ എത്ര കുടിയാന്മാരുണ്ടെന്നു് എങ്ങനെ കണ്ടെത്താൻ കഴിയും. ഈ കുടികിടപ്പുകാരെല്ലാം അപേക്ഷ കൊടുക്കുമോ ? എല്ലാ കുടികിടപ്പുകാരും അപേക്ഷ കൊടുത്താൽ ഉണ്ടാകുന്ന സ്ഥിതിവിശേഷം എന്താണു് ? ഇതിനെപ്പറ്റി സെലക്ടു് കമ്മിറ്റിയിൽ ചോദിച്ചപ്പോൾ അത്രയൊക്കെ മതി എന്നാണു് പറഞ്ഞതു്. സെലക്ടു് കമ്മിറ്റിവേളയിൽ ഇതിനെപ്പറ്റി ചോദിച്ചപ്പോൾ അങ്ങനെ കിടന്നോട്ടെ എന്ന, ഇതു നടപ്പാക്കാൻ ലേശംപോലും ഉദ്ദേശമില്ലാ എന്ന രീതിയിലുള്ള മറുപടിയാണു് കിട്ടിയതു്. സർ, അതിൽനിന്നും മനസ്സിലാകുന്നതു് ഇതു നടപ്പിലാക്കാനുള്ള നിയമമല്ല നടപ്പിലായാൽ ഇവിടെ വിപ്ലവമുണ്ടാകും. കുടികിടപ്പുകാരുടെ ഇടയിൽ വിവേചനം വരുത്തിവയ്ക്കുന്ന, അവർതമ്മിൽ കൊലപാതകം നടത്തുന്നതിനു സഹായിക്കുന്ന ഒരു നിയമമാണു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്.

സർ, മറ്റൊരു ഉദാഹരണംകൂടി പറയാം. ഒരു രണ്ടേക്കർകാരൻറെ കീഴിൽ അയാൾക്കു കൊടുക്കേണ്ടിവരുന്ന ഭൂമി ഒരു പഞ്ചായത്തിലാണെങ്കിൽ 20 സെൻറാണെന്നു് ഞാൻ പറഞ്ഞല്ലോ. ബഹുമാനപ്പെട്ട പുരുഷോത്തമൻകൂടി ഇതു കേൾക്കണം. ശ്രീ. പുരുഷോത്തമൻറെ നിയോജകമണ്ഡലമായ വൈപ്പിൻകരയിലാണു് ഏറ്റവും കൂടുതൽ കുടികിടപ്പുകാരുള്ളതെന്നു് എനിക്കു തോന്നുന്നു. നമ്മുടെ രാജ്യത്തു് ഏറ്റവും കൂടുതൽ കുടികിടപ്പുകാരുള്ളതു് വൈപ്പിൻകരയിലാണു്. അതുകൊണ്ടു് ഈ പ്രശ്നം എങ്ങനെ നമുക്കു പരിഹരിക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ടതുണ്ടു്. രണ്ടേക്കറുകാരൻ 20 സെൻറു് ഭൂമി ആകെ കൊടുത്താൽ മതിയെന്നു് എഴുതിവച്ചിട്ടുണ്ടു്. കുടികിടപ്പുകാരുടെ എണ്ണം 20 ആണെന്നു വിചാരിക്കുക 20 കുടികിടപ്പുള്ള രണ്ടേക്കർ ഭൂമി പലസ്ഥലത്തും ഞാൻ കാണിച്ചുതരാം. അപ്പോൾ അവിടെ എന്തു സംഭവിക്കും ? ജന്മിക്കു് സ്ഥലമില്ലാതാകും. ഈ രണ്ടേക്കറും ഇരുപതുപേർക്കായിട്ടു പോയല്ലോ.....ക്ഷമിക്കണം. എനിക്കു് തെറ്റിപ്പോയി. ഞാൻപറഞ്ഞ തെറ്റു് തിരുത്തുകയാണു്. ദീർഘമായി സംസാരിക്കുമ്പോൾ ഒരു വാക്കു് തെറ്റിപ്പോകാം.

ശ്രീ എൻ. പ്രഭാകരക്കുറുപ്പു് : എവിടെയെങ്കിലും രണ്ടേക്കറിൽ 20 കുടികിടപ്പുകാരുള്ളതു് കാണിച്ചുതരാമോ ?

ശ്രീ. കെ. ടി. ജോർജ്ജു് : രണ്ടേക്കറിൻറെ ഉദാഹരണം മാറ്റിയിട്ടു് ഞാൻ പറഞ്ഞകാര്യം സ്ഥാപിക്കാൻ പോകുകയാണു്. അഞ്ചേക്കറിനു മുകളിലുള്ള സ്ഥല

LIBRARY ARCHIVES Kerala Legislative Assembly

മായിരുന്നാൽ ഇതു ശരിയാണു്. ആറേക്കറിനുമുകളിലുള്ള അതുയും ആളുകൾക്കു് ഈ 3, 5, 10 എന്ന തോതിൽ ഭൂമി കൊടുക്കേണ്ടതായിട്ടുവരും. അപ്പോൾ 6 ഏക്കർ ഭൂമിയിൽ.....

ശ്രീമതി കെ. ആർ. ഗൗരി : അഞ്ചേക്കറാണു്.

ശ്രീ. കെ. ടി. ജോർജ്ജു് : അഞ്ചേക്കറാണെങ്കിൽ അഞ്ചേക്കർ. അഞ്ചേക്കറുകാരന്റെ കീഴിൽ 50 കുടികുടപ്പുകാരുണ്ടെങ്കിൽ ഞാൻ മുമ്പുപറഞ്ഞ സ്ഥിതിവരും. അതു് കുടികിടപ്പുകാരനു് പങ്കുവച്ചുകൊടുക്കും.

ശ്രീമതി കെ. ആർ. ഗൗരി : അഞ്ചേക്കറുകാരനു് കൊടുക്കേണ്ടെന്നും രണ്ടേക്കറുകാരന്റെ മുഴുവൻ കൊടുക്കണമെന്നുമാണോ പറയുന്നതു് ?

ശ്രീ. കെ. ടി. ജോർജ്ജു് : രണ്ടേക്കറുകാരന്റെ കാര്യം ഞാൻ പറയാം. രണ്ടേക്കറുകാരന്റെ കീഴിൽ 20 കുടികിടപ്പുണ്ടെന്നു വിചാരിക്കുക. രണ്ടേക്കറുകാരനു് ഉള്ളതു് 20 സെൻറു ഭൂമി മാത്രമാണു്. കുടികിടപ്പുകാരുടെ എണ്ണം 20 ആണു്. ഇങ്ങനെ വരുന്ന അവസരത്തിൽ ഈ പ്രശ്നത്തിനു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി എങ്ങനെയാണു് പരിഹാരംകാണാൻ പോകുന്നതെന്നു ചോദിച്ചാൽ അന്നുപറഞ്ഞ സമാധാനമല്ലാതെ മറ്റൊന്നും പറയാൻ കൗൺസിലുകയില്ല. ആർക്കും കൊടുക്കാൻ ഒക്കുകയില്ല. ഇവിടെ ആരെല്ലാം പെറ്റീഷൻ കൊടുക്കും. ഇവരെല്ലാം ഒരേസമയത്താണോ പർച്ചേസ്ചെയ്യാൻ അപേക്ഷകൊടുക്കുക. അന്നു് മാർക്സിസ്റ്റു കാരുടെ ആളുകൾ ചെല്ലുമോ ? അവർ പലപ്പോഴായിട്ടു് പെറ്റീഷൻ കൊടുത്തെന്നുവരാം. ചിലയാളുകൾക്കു് കിട്ടിയെന്നുവരാം. ചിലയാളുകൾക്കു് കിട്ടിയില്ലെന്നുവരാം. ഈ 20 സെൻറു് ഇഷ്ടംപോലെ നിങ്ങൾ പങ്കിട്ടെടുത്തോ എന്നാണു് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നതു്. 20 സെൻറിനു് അപ്പുറം കൊടുക്കുകയില്ല 30 കുടികിടപ്പുകാരുണ്ടെങ്കിലും. ഇങ്ങനെയുള്ള ഒരു നിയമം നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നു് ആർക്കും, മാർക്സിസ്റ്റുപാർട്ടിയിൽപെട്ടവർക്കുപോലും പറയാൻ ഒക്കുകയില്ല. കുടികിടപ്പുകാരനുണ്ടെങ്കിൽ അവനു് അവകാശം കൊടുക്കണം. ഏതു ജന്മിയുടെ കീഴിലാണെന്നുള്ളതല്ല, ഏതു മനുഷ്യന്റെ ജന്മിയുടെ കീഴിൽ താമസിക്കുന്നു എന്നുള്ളതല്ല പ്രസക്തമായ വിഷയം. കുടികിടപ്പുകാരൻ കുടികിടപ്പുകാരനാണെങ്കിൽ അവനു് ഉന്നയിക്കുന്ന അവകാശങ്ങളും കൊടുക്കാൻ ഉദ്ദേശിക്കുന്നു എന്നു് ഗവണ്മെൻറു് പ്രഖ്യാപിക്കുകയാണെങ്കിൽ അവൻ ഏതു ജന്മിയുടെ കീഴിലുള്ള കുടികിടപ്പുകാരനാണെന്നു നോക്കാതെ കുടികിടപ്പുകാരനുള്ള അവകാശങ്ങളും കൊടുക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ജന്മിക്കു് ഒന്നും ഇല്ലാതെവന്നാലോ ?

ശ്രീ. കെ. ടി. ജോർജ്ജു് : അപ്പോഴാണു് ഗവണ്മെൻറു വരേണ്ടതു്. ഇതിൽ ഒരു ഫണ്ടുണ്ടാക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. ഞാൻ അതിലേക്കു കടക്കുന്നതിനു മുൻപു് പറഞ്ഞുവന്ന കാര്യത്തെപ്പറ്റി പറയാം. പർച്ചേസു് നടത്തുമ്പോഴുണ്ടാകുന്ന വിഷമങ്ങളും പരിഹരിക്കാനാണു് ഗവണ്മെൻറു മുന്നോട്ടുവരേണ്ടതു്. കുടികിടപ്പുകാരൻ ആരുടെ പറമ്പിൽ കിടന്നാലും അവനുള്ള അവകാശം അവനു കിട്ടണം. അപ്പോൾ ചെറുകിടക്കാരനു് നഷ്ടംവരികയാണെങ്കിൽ അവിടെ ഗവണ്മെൻറു് ഇടപെട്ടു് വേണ്ടതു് ചെയ്യേണ്ടതാണു്. അതാണു് ഗവണ്മെൻറു സഹായിക്കേണ്ടതായരംഗം.

ശ്രീ. എ. എസ്. പുരുഷോത്തമൻ : കുടികിടപ്പവകാശം വാങ്ങിക്കുന്നതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം മുഴുവൻകേട്ടിട്ടും ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണെന്നു് വ്യക്തമായില്ല. അതുകൊണ്ടു് എല്ലാവർക്കും കുടികിടപ്പവകാശം കൊടുക്കണമെന്നാണോ അതല്ലെങ്കിൽ അങ്ങനെ കൊടുക്കുന്നതു ശരിയല്ലെന്നാണോ എന്നുള്ളതു വ്യക്തമാക്കിയാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ് : ഞാൻ ഇത്രയും പറഞ്ഞിട്ടും മനസ്സിലായില്ലെങ്കിൽ പിന്നെ ഞാൻ എന്തു പറയാനാണു്. ഞാൻ പറഞ്ഞു് അവസാനിപ്പിക്കാം.

സർ, ഇതിൽ കുടികിടപ്പു് ബനിഫിറ്റു് ഫണ്ടിനു് വ്യവസ്ഥചെയ്തിട്ടുണ്ടു്. ഒരുകോടി രൂപാ നീക്കിവച്ചിരിക്കുകയാണു്. ഇതു മുഴുവൻ നടപ്പിൽവരുത്താൻ ഒരു കോടിരൂപാ മതിയോ ? ഇവിടെ വല്ല കണക്കുമുണ്ടോ ഈ കാര്യത്തിൽ ? എത്ര കുടികിടപ്പുകാരുണ്ടു്, എത്ര കുടിയാന്മാരുണ്ടു് എന്നതൊരു കണക്കുമില്ല. ഈ ഗവണ്മെൻറിനെൻറകൈവശം ഇത്രമാതിരി യാതൊരു കണക്കുമില്ലെന്നു് എനിക്കു് അറിയാം. ഒരുകോടി രൂപാ അങ്ങു് നീക്കിവച്ചിരിക്കുകയാണു്. കുടികിടപ്പിൻെറ പർച്ചേസു് റൈറ്റു് എന്നുപറയുന്നതു് മാർക്കറ്റു്വാല്യുവിൻെറ 1/4 ആണു് വച്ചിരിക്കുന്നതു്. ആ ഭൂമിക്കു് എന്തു മാർക്കറ്റുവിലയുണ്ടോ അതിൻെറ നാലിലൊന്നാണു് വില. ഈ നാലിലൊന്നുവിലയുടെ പകുതി സർക്കാർ കൊടുക്കും. ബാക്കി പകുതി പന്ത്രണ്ടു് ഇൻസ്റ്റാൾമെൻറായിട്ടു് കുടികിടപ്പുകാരൻ കെട്ടിവയ്ക്കണം. അപ്പോൾ ഭൂമിയുടെ 1/4 വരുന്നവില വിലയായി കണക്കാക്കികൊണ്ടു് അതിൻെറ പകുതി സർക്കാരിൽ നിന്നും ഒരാക്കം കൊടുക്കുന്നതിനുവേണ്ടിയാണു് മഹത്തായ ഒരുകോടി രൂപയുടെ ഫണ്ടു് ഉണ്ടാക്കുന്നതു്. ഈ കേരളത്തിൻെറ ഒരു മൂലയിലെ പ്രശ്നം പരിഹരിക്കാൻ ഈ ഒരുകോടിരൂപ തികയുമോയെന്നു് ഞാൻ ചോദിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി : നിയമം നടപ്പിലാക്കുമ്പോൾ നമുക്കു് കൂടുതൽ പണം ഉണ്ടാക്കാം.

ശ്രീ. കെ. ടി. ജോർജ്ജ് : ആരെയെങ്കിലും വിഷമിപ്പിക്കാൻവേണ്ടി പറയുന്നതല്ല. നടപ്പാക്കാൻവേണ്ടിയല്ല ഇതെല്ലാം എഴുതിവച്ചിരിക്കുന്നതെന്നു സൂചന നൽകാൻവേണ്ടിയാണു്. പിന്നീടു് രൂപ ഉണ്ടാക്കാമെന്നാണു് പറയുന്നതു്. ഈ രാജ്യത്തു് എത്ര രൂപയുണ്ടാക്കാൻ കഴിയുമെന്നു് നമുക്കറിയാം. എത്രയുണ്ടാക്കിയിട്ടുണ്ടെന്നു് അറിയാം. ഇപ്പോൾ ഖജനാവിൽ എന്തു ബാക്കിയുണ്ടെന്നൊക്കെ അറിയാം. അതുകൊണ്ടു് നടപ്പാക്കാൻവേണ്ടിയല്ല ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെന്നു് വളരെ വ്യക്തമാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ എന്തു മാറ്റം വരുത്തണമെന്നാണു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ?

ശ്രീ. കെ ടി. ജോർജ്ജ് : ഒരു 20 കോടി രൂപാ അങ്ങോട്ടു നീക്കിവയ്ക്കാൻ കഴിയുമെങ്കിൽ നമുക്കു ഒരുവിധം ഈ പ്രശ്നം പരിഹരിക്കാം. ഈ നിയമത്തിൻെറ പാകപ്പിഴകൾ ചൂണ്ടിക്കാണിക്കുമ്പോൾ, അശാസ്ത്രീയതകൾ ചൂണ്ടിക്കാണിക്കുമ്പോൾ അതിനു് ഒരു പരിഹാരംകൂടി ഉടനടി നിർദ്ദേശിക്കണമെന്നു പറയുന്നതു ശരിയല്ല. ചിലപ്പോൾ ചിലതെല്ലാം പറയാൻ കഴിഞ്ഞെന്നുവരും. മറ്റുചിലപ്പോൾ പോരായ്മകൾമാത്രം ചൂണ്ടിക്കാണിക്കാനേ പറ്റുകയുള്ളൂ.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : പ്രായോഗിക ബുദ്ധിമുട്ടുകൾ എന്നു പറഞ്ഞതു മനസ്സിലായി. അതിനു് ചില നിർദ്ദേശങ്ങൾകൂടി വയ്ക്കാമോ ?

ശ്രീ. കെ. ടി. ജോർജ്ജ് : മനസ്സിലാകാത്തവർക്കു് കൊടുക്കാൻ എൻെറ കൈവശം ഒരു ഒറ്റമൂലിയുമില്ല.

സർ, അതുകൊണ്ടു് ഞാൻ വ്യക്തമാക്കിയ ഈ പോരായ്മകളും ബഹുമാനപ്പെട്ട മന്ത്രിക്കു തോന്നുന്ന പോരായ്മകളും എല്ലാം പരിഹരിച്ചു് എല്ലാവർക്കും യോജിക്കാൻ കഴിയുന്ന രീതിയിൽ ഇതു പാസാക്കേണ്ടതാണു്. അതുകൊണ്ടുതന്നെയാണു് ഈ നിയമം എത്രയുംവേഗം പാസാക്കണമെന്ന മുറവിളി എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതു്. ഇതു് എല്ലാവരുടേയും ആത്മാർത്ഥമായ ആഗ്രഹമാണെന്നുള്ളകാര്യം കണക്കിലെടുത്തുകൊണ്ടു്, കുടികിടപ്പുകാരുടെയും കുടിയന്മാരുടെയും സംരക്ഷണ

LIBRARY ARCHIVES Kerala Legislative Assembly

മാണ് എല്ലാവരും ആഗ്രഹിക്കുന്നതെന്നുള്ളകാര്യം കണക്കിലെടുത്തുകൊണ്ട് എത്രയും വേഗം പോരായ്മകൾനീക്കി ഈ നിയമനിർമ്മാണം പൂർത്തിയാക്കണമെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഈ നിയമസഭയിൽ ഈ ഭേദഗതി നിയമം അവതരിപ്പിച്ചതിനേക്കാൾ വളരെയധികം മാറ്റങ്ങൾ, കൃഷിക്കാർക്കു കൂടി കിടപ്പുകാർക്കു അനുകൂലമായി വളരെയധികം മാറ്റങ്ങൾ ഈ സെലക്ട് കമ്മിറ്റിക്കു വരുത്താൻ സാധിച്ചിട്ടുണ്ട്. എങ്കിലും അവർക്ക്, കുടികിടപ്പുകാർക്കും കൃഷിക്കാർക്കും അവർ അർഹിക്കുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ കിട്ടിയിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റിയിൽ തന്നെ പലർക്കും ഏകീകൃതമായ അഭിപ്രായം ഉണ്ടാക്കാൻ സാധിക്കാത്തതുകൊണ്ടാണ് വളരെ മനപ്രയാസത്തോടുകൂടിയാണെന്നുണ്ടെങ്കിൽപോലും ഒന്നു രണ്ടു കാര്യങ്ങളെ സംബന്ധിച്ച് ഈ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ ഒരു ഡിസെന്റിംഗ് നോട്ട് കൊടുക്കാൻ ഞങ്ങൾ നിർബന്ധിതരായത്.

ഇതിൽ കൂടുതൽ വിഭാഗം കൃഷിക്കാർക്ക് ആനുകൂല്യം നൽകിയതിനെ സംബന്ധിച്ചും കടിയാന്റെ നിവ്വചനത്തിൽ വരുത്തിയ മാറ്റങ്ങളെ സംബന്ധിച്ചും ചില തെറ്റിദ്ധാരണകൾ ചിലർക്കുണ്ട് എന്നു ബഹുമാനപ്പെട്ട ജോർജിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്കുതോന്നി. കുടിയാന്റെ നിവ്വചനത്തിൽ വളരെ പ്രധാനമായിട്ടും ചൂണ്ടിക്കാണിച്ചിരിക്കുന്നത് യഥാർത്ഥ ഉടമയല്ലാത്ത ഒരാളുടെ കൈയിൽനിന്നുമാണ് പാട്ടം വാങ്ങിച്ച് കൈവശം വച്ചുകൊണ്ടിരിക്കുന്നതെങ്കിൽ ആ കുടിയാനു സംരക്ഷണം നൽകുന്നതിനെപ്പറ്റി ഇതിനകത്തു ഉൾപ്പെടുത്തിയിരിക്കുന്നത് അപകടകരമല്ലേ ? പക്ഷേ ചില പ്രശ്നങ്ങൾ ശ്രീമാൻ ജോർജിന്റെ ശ്രദ്ധയിലും പെട്ടുകാണുമെന്നാണ് ഞാൻ ഊഹിക്കുന്നത്. നിയമമനുസരിച്ച് ചില പ്രത്യേക വിഭാഗങ്ങളിൽ കാരണവൻ പാട്ടം കൊടുക്കുകയാണെങ്കിൽ, അതൊരു ദീർഘകാല പ്പാട്ടമാണെങ്കിൽ കാരണവനുതന്നെ കൊടുക്കാൻ അവകാശമില്ല. പക്ഷേ സാധാരണരീതിയിൽ കൈകാര്യം ചെയ്യുന്നത് കാരണവനാണ്. കാരണവൻ പാട്ടം കൊടുത്തിരിക്കുകയാണെങ്കിലും കാരണവസ്ഥാനം ആർക്കാണ് എന്നുള്ളതിനെക്കുറിച്ച് തർക്കം വരും. അതിനുശേഷം അവകാശം വേറെ ഒരാൾക്ക് ആയിരിക്കും. ഇങ്ങനെ ചില സമുദായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നിയമങ്ങളും കൊണ്ട് കോടതിയിൽ ചെന്നുകഴിഞ്ഞാൽ പാട്ടം കൊടുത്ത ആൾക്ക് പൂർണ്ണമായി പാട്ടം കൊടുക്കാൻ അവകാശമില്ല. പിന്നെ നായന്മാരുടെ ഇടയിലാണെങ്കിൽ കാരണവനും സീനിയർ അനന്തിരവനും കൂടി ചേർന്നാലേ പാട്ടം കൊടുക്കാൻ സാധിക്കൂ. ഈ സാങ്കേതികത്വത്തിന്റെ പേരിൽ ഒരാൾ യഥാർത്ഥത്തിൽ പാട്ടക്കാരനാണെങ്കിലും അയാളുടെ പാട്ടാവകാശം നഷ്ടപ്പെട്ടു എന്നു വരാം. അത്തരത്തിലുള്ള നിയമത്തിന്റെ പഴുതിൽക്കൂടി യഥാർത്ഥത്തിൽ പാട്ടാവകാശം കിട്ടിയിട്ടുള്ള ആളുകൾക്ക് ആ അവകാശം നിഷേധിക്കപ്പെടാതിരിക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി ഈ നിവ്വചനത്തിൽ വരുത്തിയിരിക്കുന്നത്.

രണ്ടാമത്തെ കാര്യം സർക്കാർ ഭൂമി കൈയേറുന്നവർക്കെല്ലാം പാട്ടാവകാശം കിട്ടിയിട്ടുണ്ടെന്നുള്ള ധാരണയാണ്. സർക്കാർ ഭൂമിയാണെന്നുള്ള ധാരണയിൽ ദീർഘകാലമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ചില കൃഷിക്കാരെ സർക്കാരും ജന്മിമാരുമായി കേസുണ്ടായിട്ട് അതു സർക്കാരിന്റെ ഭൂമിയല്ല ജന്മിമാരുടെ ഭൂമിയാണെന്നു വിധിയുണ്ടായിക്കഴിഞ്ഞാൽ ആ കാരണം പറഞ്ഞുകൊണ്ട് അവർ ഇറങ്ങിപ്പോകാൻ ഇടയാകരുത്. ഈ സർക്കാർ ഭൂമിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഒരു ചോദ്യത്തിനുത്തരമായി, കൊല്ലം ജില്ലയിൽ പത്തുപതിനായിരം പേർക്ക് പട്ടയം കൊടുത്തു എന്നു പറഞ്ഞിട്ടുണ്ട്. അതിൽ 80–90 ശതമാനവും കുത്തകപ്പാട്ടമായിട്ടായാലും അല്ലാത്തതായാലും സർക്കാർഭൂമി കൈവശം വച്ചുകൊണ്ടിരുന്നവരാണ്. തിരുവിതാംകൂർ ഭാഗത്തു (മലബാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം എനിക്ക് ശരിക്കറിഞ്ഞുകൂടാ) സെറ്റിൽമെന്റൊക്കെ കഴിഞ്ഞതിനുശേഷം സർക്കാർഭൂമി പതിച്ചുകൊടുക്കുന്ന പതിവില്ലായിരുന്നു. എന്നാൽ ആ ഭൂമി സ്വന്തമെന്നുള്ള നിലയിലാണ് കൈവശം വച്ചുകൊണ്ടിരുന്നത്. എൽ. സി. കേസ് കൊടുക്കുകയും അതനുസരിച്ച് ചിലർ കുത്തകപ്പാട്ടം കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതു് പെട്ടെന്ന് ആരും കൈയേറുന്ന പ്രശ്നമില്ല. പത്തനം തിട്ടയിലുള്ള ഒരു ഒരു മഠത്തിലെ ജന്മി (മഠത്തിന്റെ പേരു് ഓർമ്മയില്ല) സർക്കാരിന്റെ വകയായ കുറെ ഫോറസ്റ്റ് ലാൻഡ്സിന്റെ പേരിൽ കേസ് കൊടുത്തു. ഒടുവിൽ ഭൂമി സർക്കാരിന്റെതല്ല ജന്മിയുടേതാണെന്നു് വിധി ഉണ്ടായി. അങ്ങനെ വരുമ്പോഴത്തെയും കാലം കൈവശം വയ്ക്കുകയും കൃഷി ചെയ്യുകയും ചെയ്തിരുന്ന ടെനൻസ് എല്ലാം ടെനൻസ് അല്ലാതായിവരും. അങ്ങനെ വരുന്ന സന്ദർഭത്തിൽ ആ ടെനൻസിനു് സംരക്ഷണം നൽകാനും ഈ ബില്ലിൽ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശ്രീമാൻ ജോർജിനു് തെറ്റിദ്ധാരണയുണ്ടായതുകൊണ്ടാണു് ഞാനിതു പറഞ്ഞതു്. സർക്കാർ ഭൂമി കൈയേറിയാൽ അവർക്കെല്ലാം സംരക്ഷണം കൊടുക്കുന്നതു് ലാൻഡ് അസൈൻമെന്റു് രൂപേണയാണു്. അതുപോലെ തന്നെ അൺസർവ്വേയ്ഡ് ലാൻഡ്സിലെ കുടികിടപ്പുകാരെ സംബന്ധിച്ചും നിയമസഭയിൽ ബിൽ അവതരിപ്പിച്ച ശേഷം, സെലക്ട് കമ്മിറ്റി പരിശോധിച്ചു്, വളരെയധികം മാറ്റങ്ങളും വരുത്താൻ സാധിച്ചിട്ടുണ്ടു്. ഇക്കാര്യങ്ങൾക്കുവേണ്ടി കുറച്ചു സമയം സെലക്ട് കമ്മിറ്റിക്കു് എടുക്കേണ്ടി വന്നിട്ടുണ്ടു്. അതുപോലെ തന്നെ ഈ നിയമം കൊണ്ടുവരുന്നതിനു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞതുപോലെ ന്യായമായി അംഗീകരിക്കപ്പെട്ട പല കാര്യങ്ങളും കൊണ്ടു് കാലതാമസം വന്നുകാണും. അങ്ങനെ ന്യായമായ രീതിയിൽ കാലതാമസം ഉണ്ടായതു് മനഃപൂർവ്വം ഉണ്ടാക്കിയ കാലതാമസമാണെന്നാണു് ആരോപണങ്ങളുന്നയിച്ചിട്ടുള്ളതു്. അതുപോലെ തന്നെ ഈ ബിൽ പാസ്സാക്കിയെടുക്കാൻ ശ്രമിക്കാതെ അതിനെ തളർത്താൻവേണ്ടി പ്രവർത്തിക്കുന്നു എന്നൊക്കെ പറയുന്നതും ശരിയല്ല. ന്യായമായ കാരണങ്ങളാൽ കാലതാമസം വന്നു എന്നു പറഞ്ഞാൽ അതു സമ്മതിക്കാം. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ മുമ്പിൽ വരുന്നതിനു മുൻപു് കൃഷിക്കാർക്കും കുടികിടപ്പുകാർക്കും ഉണ്ടായിരുന്നതിനേക്കാൾ വളരെ കൂടുതൽ ആനുകൂല്യങ്ങൾ സെലക്ട് കമ്മിറ്റി നൽകിയിട്ടുണ്ടു്. അങ്ങനെ പുതിയ തരത്തിലുള്ള പല പ്രശ്നങ്ങളും സെലക്ട് കമ്മിറ്റിക്കും, ഇതിന്റെ ചെയർമാനായിരുന്ന ബഹുമാനപ്പെട്ട റവന്യൂമന്ത്രിക്കും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടു്. അതിനൊക്കെയാണു് കാലതാമസം ഉണ്ടായിട്ടുള്ളതു്. ഒരു നിയമ നിർമ്മാണത്തിനു് കുറച്ചൊക്കെ കാലതാമസം വരും. അത്തരത്തിലുള്ള ഒരു സമീപനം വേണമെന്നു മാത്രമേ വളരെ വിനയപൂർവ്വം എനിക്കു പറയാനുള്ളൂ. അതല്ലാതെ ഓരോരുത്തരുടെയും പേരിൽ പഴിചാരുന്നതിനുവേണ്ടിയുള്ള പ്രചരണം നടത്തരുതെന്നാണു് എനിക്കു ഈ അവസരത്തിൽ പറയാനുള്ളതു്. അല്ലാതെ കൂടുതലൊന്നും അതിനെക്കുറിച്ചു ഞാൻ പറയുന്നില്ല.

ഈ നിയമനത്തിൽ മുഖ്യമായും രണ്ടു മാറ്റങ്ങളാണു് വരുത്തിയിരിക്കുന്നതു് അതിൽ ഏറ്റവും പ്രധാനപ്പെട്ടതു് ശ്രീമാൻ പി. ടി. ചാക്കോ കൊണ്ടുവന്ന നിയമത്തിലും 57-ൽ ഇന്നത്തെ റവന്യൂ മന്ത്രി കൊണ്ടുവന്ന നിയമത്തിലും നിന്നൊക്കെ വ്യത്യസ്തമായിട്ടു് കുടികിടപ്പുകാരനു് സംരക്ഷണം കൊടുക്കുന്നതിനുപകരം കുടികിടപ്പുകാരനെ ഉടമാവകാശിയാക്കുക എന്നുള്ള തത്വമാണു്. ഈ കാര്യം സെലക്ട് കമ്മിറ്റിയിൽ ചർച്ചചെയ്തു് അംഗീകരിച്ചിട്ടുണ്ടു്. വളരെ സ്വാഗതാർഹമായ ഒരു കാര്യമാണു് അതു്. കുടികിടപ്പുകാർ എന്നു പറയുമ്പോൾ കൃഷിയുമായി ബന്ധപ്പെടാത്ത കുടികിടപ്പുകാരെയും കണ്ടേക്കാം. ഈ രാജ്യത്തെ കർഷകത്തൊഴിലാളികളിൽ ബഹുഭൂരിപക്ഷംപേരും കുടികിടപ്പുകാരാണു്. മലബാർ പ്രദേശത്തും മറ്റും പ്രക്ഷോഭണങ്ങളും സമരങ്ങളും എല്ലാം നടന്നിട്ടുള്ളതു് കുടികിടപ്പുകാരെ നിരാധാരരാക്കുന്നതിനു് എതിരായിട്ടാണു്. മിക്ക പ്രദേശങ്ങളിലും കാട് വെട്ടിത്തെളിച്ചും

LIBRARY ARCHIVES Kerala Legislative Assembly

പാടങ്ങളുണ്ടാക്കിയതും കൃഷി ചെയ്തതും എല്ലാം കർഷകത്തൊഴിലാളികളായ കുടി കിടപ്പുകാരാണു്. പട്ടണങ്ങളിലൊക്കെ കൃഷിയുമായി ബന്ധപ്പെടാത്ത കുടികിടപ്പു കാരുണ്ടെങ്കിലും കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ അവ രുടെ പ്രശ്നങ്ങളും കാര്യമായി പരിഗണിക്കേണ്ടതായി വരും. അത്തരത്തിൽ അവക്കു ഉള്ള അവകാശങ്ങളും പൂർണ്ണമായും കിട്ടുന്നതിനു് ഈ നിയമ സഭയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും അനുകൂലിക്കണമെന്നാണു് എന്റെ അഭ്യർത്ഥന. ഇക്കാര്യത്തിൽ ഒരു വ്യക്തമായ യോജിപ്പു് ഉണ്ടാകാതിരുന്നതുകൊണ്ടാണു് ആ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കു് സെലക്ട് കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ചു് ഒരു ഡിസന്റിംഗ് നോട്ടു് എഴുതേണ്ടിവന്നതു്. സർ, കുടിയാന്മാ രെന്നും കുടികിടപ്പുകാരെന്നും രണ്ടു വിഭാഗം ആളുകളുണ്ടു്. അവക്കു് സമൂലമായ ഒരു പരിഷ്ക്കാരം വരുമ്പോൾ ചില വിഭാഗങ്ങൾക്കു് അല്പസ്വല്പം ഹൃദയവേദന ഉണ്ടായി എന്നു വരാം. ജന്മി വൻകിടയാണോ ചെറുകിടയാണോ അല്ലെങ്കിൽ തുച്ഛമായ ഭൂമിമാത്രമുള്ളവനാണോ എന്നു പരിശോധിക്കാതെ ഭൂമിയുമായി നേരിട്ടു ബന്ധപ്പെട്ട കൃഷിക്കാരെ മുഴുവൻ ഒരേ നിലയിൽ പരിഗണിക്കുകയും കൃഷിക്കാരെ ഒഴിപ്പിക്കാൻ പാടില്ലെന്നു വയ്ക്കുകയും എല്ലാ കൃഷിക്കാരെയും കൃഷിഭൂമിയുടെ ഉടമാവ കാശിയാക്കുകയും ചെയ്യുക എന്നുള്ള തത്വം അംഗീകരിച്ചിരിക്കുകയാണു്. ശ്രീമാൻ ജോർജ് സംസാരിച്ച കൂട്ടത്തിൽ ഈ കാര്യം മറന്നുകളഞ്ഞു. ഈ നിയമത്തിൽമാത്രം അംഗീകരിക്കുന്ന കാര്യമല്ല ഇതു്. 1964-ലെ കാർഷിക പരിഷ്ക്കരണ നിയമ ത്തിലും ഈ തത്വം അംഗീകരിച്ചിട്ടുണ്ടു്. അതനുസരിച്ചുതന്നെ ഒരു ചെറുകിട ഭൂവുട മയ്ക്കു് എല്ലാക്കാലവും ഒഴിപ്പിക്കാനുള്ള അവസരം കൊടുത്തിട്ടില്ല. നിർണ്ണയിച്ചി രുന്ന കാലപരിധി കഴിയുന്നതിനു മുൻപേ അവരെ വേണമെങ്കിൽ ഒഴിപ്പിച്ചു് സ്വന്തമായി കൃഷിചെയ്യാമായിരുന്നു. ആ കാലം കഴിഞ്ഞതിനുശേഷം പുതിയ നിയമം വന്നില്ലെങ്കിൽ പോലും, പഴയ നിയമം ശരിയാണെങ്കിൽപോലും ബഹു മാനപ്പെട്ട ജോർജ് ആഗ്രഹിക്കുന്നതുപോലെ ചെറുകിട ഭൂവുടമക്കു് ആരെയും ഒഴിപ്പി ക്കാൻ സാധിക്കുന്നതല്ല. ചെറുകിട ഏതായിരിക്കണം വൻകിട ഏതായിരിക്കണം എന്നുള്ളതൊക്കെ അതിന്റെ വിശദാംശങ്ങളാണു്. തത്വത്തിൽ, കൃഷിചെയ്യുന്ന കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ചെറുകിട എന്നോ വൻകിട എന്നോ നോക്കാതെ എല്ലാവരെയും ഭൂമിയിൽ നിന്നു് ഒഴിപ്പിക്കപ്പെടാതിരിക്കാനുള്ള സൗകര്യവും ഉടമാവകാശവും വാഗ്ദാനം ചെയ്യണം. അതിനു് അവർ അവരുടെ കഴിവനുസരിച്ചുള്ള കോമ്പൻസേഷൻ കൊടുത്താൽമതി. തീർച്ചയായിട്ടും ഇന്നത്തെ സാമൂഹ്യക്രമത്തിൽ എല്ലാവക്കും തൊഴിലിനു് സാഹചര്യങ്ങളില്ലാതിരിക്കുന്ന അവസരത്തിൽ കിട്ടിക്കൊണ്ടിരുന്ന വരുമാനം കുറഞ്ഞതുകൊണ്ടു് ചെറിയ ഭൂവുടമസ്ഥന്മാക്കു് കുറെയധികം പ്രയാസങ്ങളുണ്ടാകും. അതിനു കുറച്ചൊക്കെ പരി ഹാരം കാണുന്നതിനായി ചില പഴുതുകളും ഈ നിയമത്തിലുണ്ടു്. അതിൽ പ്രധാന പ്പെട്ടതു് ചെറുകിട ഭൂവുടമയുടെ കുടിയാനു് കൂടുതൽ ഭൂമിയുണ്ടെങ്കിൽ അതിൽ ചെറു കിട ഭൂവുടമയ്ക്കു് സ്വന്തമായി കൃഷി ചെയ്യാമെന്നുള്ളതാണു്. അതുപോലെ തന്നെ റീഹാബിലിറ്റേഷൻ ഫണ്ടു് ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾക്കൊള്ളി ച്ചിട്ടുണ്ടു്. ഇതൊക്കെക്കൊണ്ടു് അവരുടെ പ്രശ്നങ്ങളെല്ലാം പൂർണ്ണമായി പരി ഹരിക്കുമെന്നു കരുതുന്നില്ല. ഇതേ സമീപനം തന്നെ കുടികിടപ്പുകാരുടെ കാര്യത്തിലും സ്വീകരിക്കണമെന്നാണു് എനിക്കു വിനീതമായി അപേക്ഷിക്കാനുള്ളതു്. ഇതൊക്കെയായാലും ആളുകൾക്കു് കുറച്ചൊക്കെ പ്രയാസങ്ങളുണ്ടാകുമെന്നുള്ള കാര്യ ത്തിൽ യാതൊരു സംശയവുമില്ല. ഒരേക്കറിൽ താഴെയുള്ള ഭൂവുടമസ്ഥന്മാരുടെ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം സെലക്ട് കമ്മിറ്റിയിലുള്ള എല്ലാവക്കും ഒരേ ധാരണയാണുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : ഡിസന്റിംഗ് നോട്ടു് അതല്ലെന്നാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അല്ല. അതു ഞാൻ വ്യക്തമാക്കിത്തരാം. ഒരേക്കറിൽ താഴെയുള്ള കുടികിടപ്പുകാരെ മാറുന്നതിനുവേണ്ടി അവർ 87 ശതമാനം കോമ്പൻസേഷൻ കെട്ടിവയ്ക്കണം. അങ്ങനെയായാൽ ഗവണ്മെൻറ് ലാൻഡ് അക്വയർ ചെയ്ത് അവരെ മാറും. ഒരേക്കറിൽ താഴെയുള്ള കുടികിടപ്പുകാരെ മാറ്റുന്നതിനുള്ള അപേക്ഷ കൊടുക്കുന്നതു് 3 കൊല്ലം എന്നാണു് ബില്ലിൽ ഉള്ളതു്. ആ 3 കൊല്ലമെന്നുള്ളതു് 1 കൊല്ലമാക്കി ചുരുക്കണമെന്നുള്ളതാണു് ഞങ്ങടെ വച്ചിരിക്കുന്ന ഒരു നിർദ്ദേശം. അല്ലാതെ ഇങ്ങനെ അനന്തമായി നീണ്ടുപോകരുതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : കുടിയാനും ജന്മിയും തമ്മിലുള്ള ബന്ധം അവസാനിപ്പിച്ചു് കുടിയാനെ ഭൂവുടമയാക്കുന്നതിനുവേണ്ടി പഴയ നിയമത്തിൽ നിന്നും വ്യത്യസ്തമായ സമീപനം ഈ നിയമത്തിൽ

12 NOON ആവിഷ്ക്കരിച്ചിട്ടുണ്ടു്. ഈ ബിൽ പാസ്സായി ആക്ടായി കഴിഞ്ഞാൽ എല്ലാ കുടികിടപ്പുകാരനും ഒരേ രീതിയിൽ സംരക്ഷണം നൽകത്തക്ക വിധത്തിലായിരിക്കേണ്ടതാണു്; രണ്ടേക്കറുള്ള ഭൂവുടമയുടെ കുടികിടപ്പുകാരനും അഞ്ചേക്കറുള്ള ഉടമയുടെ കുടികിടപ്പുകാരനും ഒരേ സംരക്ഷണംതന്നെ ലഭിക്കണം. അഞ്ചേക്കറിലെ കുടികിടപ്പുകാരനു് ഉടൻതന്നെ പട്ടയം കിട്ടുകയും ഒരേക്കറിലെ കുടികിടപ്പുകാരനു മൂന്നു കൊല്ലംവരെ കാത്തിരിക്കേണ്ടിയും വരുന്ന സ്ഥിതി പാടില്ല.

ശ്രീമതി കെ. ആർ ഗൗരി : ഇതു് വളരെ കൂടുതൽ ആണോ ? പന്ത്രണ്ടുകൊല്ലമായി ഇങ്ങനെ എഴുതിവച്ചു് നിയമമാക്കാതെയായിട്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ഞങ്ങളും എഴുതിവച്ചു. നടപ്പാക്കേണ്ടവർ വേറെ ആളുകളും ആയിവന്നു എന്റെ ആഗ്രഹത്തിൽ പറഞ്ഞാൽ അപ്പായിൻറഡു് ഡേയിൽത്തന്നെ ഈ നിയമം നടപ്പിൽ വരുത്തണമെന്നാണു്. ആറു മാസത്തിനകം മിച്ച ഭൂമി, തനതു ഭൂമി ഇവയുടെ അവകാശത്തെ സംബന്ധിച്ചു് ഉള്ള കാര്യങ്ങളും തീരുമാനിക്കണം. നടപ്പിലാക്കുവാനുള്ള വൈഷമ്യം കൂടി മറ്റൊരു ഭാഗത്തു് പറയുന്നുണ്ടു്. അതുകൊണ്ടു് ഒരു കൊല്ലമെന്നു് സ്റ്റാറ്റ്യൂട്ടു് ബുക്കിൽ എഴുതിവച്ചാൽ മാത്രംപോരാ, അതു നടപ്പാക്കുന്നതിനു് ഗവണ്മെൻറു് ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണു്. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഈ നിയമത്തിന്റെ ക്ലാസു് ഒന്നിൽ ഭേദഗതി വേണ്ടിവരുമെന്നാണു്.

* * * Provided that diffierent dates may be appointed for diffierent provisions of this Act * * *

ഒരു ബില്ലു് നിയമമാക്കുന്നതിനു് വേണ്ടതൊക്കെചെയ്യാൻ ഗവണ്മെൻറു് മിഷനറിയിൽ വേണ്ടത്ര സ്റ്റാഫു് ഇല്ലാത്തതുകൊണ്ടു് ബില്ലു് വരുന്നതിനു് താമസം കാണും. അതുകൊണ്ടു് ആക്ടു് നോട്ടിഫൈ ചെയ്യുമ്പോൾ കുറെക്കൂടി വ്യക്തത കൊടുക്കുന്ന ക്ലാസു് കൂടി കൊണ്ടുവരേണ്ടതാണു്.

സർ, കുടികിടപ്പുകാരന്റെ പ്രശ്നമാണു് പറഞ്ഞുകൊണ്ടുവന്നതു്. ഒരേക്കറിൽ താഴെയുള്ള കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം മൂന്നുകൊല്ലമെന്നതു് ഒരു കൊല്ലമാക്കുകയെന്നതാണു്. ഒരേക്കറിനു മുകളിലുള്ള കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം കുറെപ്പേർ കുടികിടപ്പുകാരായും കുറെപ്പേർ പട്ടയം കിട്ടുന്നവരായും പിന്നെയും നിലനിറുത്തേണ്ട ആവശ്യമുണ്ടോ? പാടില്ലെന്നാണു് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം. കുടികിടപ്പുകാരൻ ഇപ്പോഴത്തെ നിലയിൽ ഒരേക്കറിലേതായാലും രണ്ടേക്കറിലേതായാലും അഞ്ചേക്കറിലേതായാലും ഈ ബില്ലു പാസ്സായിക്കഴിഞ്ഞാൽ ഒരുപോലെയായിരിക്കണം. മനുഷ്യനു് ഭൂമിക്കു വേണ്ടിയുള്ള ആഗ്രഹം, ആഹാരത്തിനുവേണ്ടിയുള്ള ദാഹം, വസ്ത്രത്തിനുവേണ്ടിയുള്ള ആഗ്രഹം ഇവ പോലെതന്നെയാണു് മൗലികമായി ഒരു കുടിലിന്റെയും പ്രശ്നം. സ്വാതന്ത്ര്യസമരകാലത്തു കക്ഷിവ്യത്യാസമില്ലാത്ത എല്ലാവരും 'കിടപ്പാടമില്ലാത്തവനു് കിടപ്പാടം' എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

മുദ്രാവാക്യം ഉന്നയിച്ചിരുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, എന്റെ അറിവ് തെറ്റാണെങ്കിൽ അതു തിരുത്തുവാൻ ഞാൻ തയാറാണ്; ഏകദേശമൊക്കെയുള്ള കുടുംബങ്ങളിൽ നാലിലൊന്ന് ആളുകൾ കുടികിടപ്പുകാരാണ്. അവക്കൊന്നും ഒരേക്കറോ രണ്ടേക്കറോ അഞ്ചേക്കറോ എന്നു നോക്കാതെ സിറ്റിയിൽ മൂന്നുസെന്റും മുനിസിപ്പാലിറ്റിയിൽ അഞ്ചുസെന്റും പഞ്ചായത്തുകളിൽ ആണെങ്കിൽ പത്തുസെന്റും അവർക്കു പട്ടയം കൊടുക്കണമെന്നുള്ളതാണ്. അതിനു കാലവിളംബം വരുത്താതെ ചെറിയ ഭൂവുടമയാണോ, വലിയ ഭൂവുടമയാണോ എന്നു നോക്കാതെ ചെയ്യണമെന്നാണ്. ചെറിയ ഭൂവുടമയെന്നുള്ള പേരിൽ വ്യത്യാസം പാടില്ല: ഇതെന്താണെന്നു പറയാം. ഒരു നിയമത്തിന്റെ എല്ലാ പഴുതുകളും കാണിച്ച് ആളുകൾക്ക് രക്ഷപ്പെടാൻ സാധിക്കും. കുടിയാൻ എന്നു പറയുമ്പോൾ ഓടച്ചാർത്തു്, വാക്കാൽച്ചാർത്തു് എന്നൊക്കെ ഉണ്ട്. അഞ്ചേക്കറിൽതാഴെയുള്ള ഒരു കുടികിടപ്പുകാരനെ അഞ്ചിടെന്നിന്നു മാറണമെങ്കിൽ, ചെറുകിടഭൂവുടമസ്ഥനു സൗകര്യം കൊടുക്കുകയാണെങ്കിൽ ഭൂമി മാറാരുടെയെങ്കിലും പേരിൽ ചാർത്തിയാൽ മതിയല്ലൊ? രജിസ്റ്റർ ഒന്നും വേണ്ട. അയാൾ ഒരേക്കറിൽ കുറവായ കുടികിടപ്പുകാരനായി. അങ്ങനെ എല്ലാ പഴുതുകളും കാണിച്ച് കുടികിടപ്പുകാരനു കിട്ടുന്ന സംരക്ഷണം ഇല്ലാതാക്കി ആ ഭൂമി കൈവശപ്പെടുത്തുന്നതിനും അവരെ മാറ്റുന്നതിനും വേണ്ടി ഭൂവുടമ അതെല്ലാം പ്രയോഗിക്കുമെന്നുള്ളതു് മനസ്സിലാക്കിക്കൊണ്ട് എല്ലാ കുടികിടപ്പുകാരനും പട്ടയം കൊടുക്കുകയും അവക്ക് അതിന്റെ ഉടമാവകാശം കൊടുക്കുകയും ചെയ്യുന്ന കാര്യത്തിൽ ഞങ്ങളും ശ്രദ്ധിക്കേണ്ടതാണ്. ഒരു കുടികിടപ്പുകാരനു് ഈസ്മെന്റു് റൈറ്റു് എസ്റ്റാബ്ലിഷ് ചെയ്യാനും ഈസ്മെന്റാക്ട് പ്രകാരം കോടതിയിൽപോയി വിശദീകരണം നൽകുവാനും അവസരം നൽകേണ്ടതാണ്. കുടികിടപ്പുകാരനും ഭൂവുടമയും തമ്മിലുള്ള മത്സരം കോടതിയിൽ വന്നാൽ കുടികിടപ്പുകാരനു് വലിയ രക്ഷ കിട്ടാൻ സാധിക്കുന്നില്ല. ഇന്നു് എന്റെ അനുഭവത്തിൽ, ഞങ്ങളുടെ പ്രദേശത്തെ ഒരു കുടികിടപ്പുകാരന്റെ കുടിലിൽ അഞ്ചും ആറും കുടുംബങ്ങൾ ഉണ്ട്. മകനെ വിവാഹം കഴിച്ചാലും ആ കുടുംബത്തിനു് മറ്റൊരു കുടിൽ കെട്ടാൻ സ്ഥലമില്ലാത്തതുകൊണ്ടു് അതിനകത്തുതന്നെയാണു് കഴിയുന്നതു്. നേരത്തെ പറഞ്ഞു് ഒരു പത്തു സെന്റു് കിട്ടുകയാണെങ്കിൽ ഇപ്പോഴുള്ള അഞ്ചു കുടുംബങ്ങൾക്കു് അതിൽ കുടിൽകെട്ടി താമസിക്കുവാൻ കഴിയും. ഇന്നു് ഈ നിയമത്തിൽ സെലക്ട്കമ്മിറ്റി റിപ്പോർട്ടുചെയ്ത രൂപത്തിലാണെങ്കിൽ ഒരേക്കർ തൊണ്ണൂറിയൊമ്പതു സെന്റുണ്ടെങ്കിൽ 10 കുടികിടപ്പുകാർക്കുകൂടി അതിൽനിന്നു് മൂന്നു സെന്റേറ കിട്ടുന്നുള്ളു. അങ്ങനെയായാൽ ചിലർ പട്ടയക്കാരും ചിലർ പിന്നെയും കുടികിടപ്പുകാരും എന്നുള്ള രീതിയിൽ വരുന്നു. അതുകൊണ്ടു് ഈ പ്രശ്നമെല്ലാം ഒരുപോലെ പരിഹരിക്കുന്നതിനുവേണ്ടിയാണു് ഞങ്ങൾ ഇതിൽ ചില നിർദ്ദേശങ്ങൾ വച്ചിട്ടുള്ളതു്. അതിൽ ചില പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാവാം. ഒരേക്കർ ഉള്ള ഭൂവുടമസ്ഥൻ 20 കുടിയാൻ ഉണ്ടെങ്കിൽ അയാൾക്കു് എല്ലാവർക്കും പത്തു സെന്റു കൊടുക്കുവാൻവേണ്ടി ഒരേക്കർകൂടി വാങ്ങിക്കേണ്ടിവരും. രണ്ടേക്കർ ഉള്ളയാളിനു് തുല്യമായി വീതിച്ചുകൊടുത്താൽമതി. അങ്ങനെയാകുമ്പോൾ ചെറിയ ഭൂവുടമകൾക്കു് വിഷമം ഉണ്ടാകും. വിഷമമുണ്ടാകുമെങ്കിൽപോലും ഈ കുടികിടപ്പുകാരനോടു നീതി കാണിക്കേണ്ടതാണു്. അവർക്കു് ഒരു കിടപ്പാടം ഉണ്ടാകുന്ന പ്രശ്നമാണു്; അവക്കു് വിശാലമായ പറമ്പും പാടവും ഒന്നും ഉണ്ടാകുന്ന പ്രശ്നമല്ല, നാലും അഞ്ചും കുടുംബങ്ങൾ മാറിത്താമസിക്കുവാൻ ഇടമില്ലാതെ ഒരു കുടിലിൽത്തന്നെ കഴിയുകയാണു്. അതൊക്കെ പരിഹരിക്കുവാൻ തീർച്ചയായും സാമൂഹ്യനീതിയെക്കുറിച്ചു് ബോധമുള്ള ഈ രാജ്യത്തെ ചെറുകിട ഭൂവുടമകൾക്കു് അല്പസ്വല്പം നഷ്ടവും ക്ലേശവും സഹിക്കേണ്ടിവന്നാൽപോലും തങ്ങൾ, എതു നീതിയാണു് ചെയ്യുന്നതെന്നുള്ള രീതിയിൽ എല്ലാ കുടികിടപ്പുകാർക്കും പട്ടയം കൊടുക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്ബ് : ഇപ്രകാരമുള്ള സാമൂഹ്യനീതി നടത്തേണ്ടതു് രാഷ്ട്രത്തിന്റെ ചുമതലയിലിരിക്കെ ചെറിയ വിഭാഗം ആളുകളെമാത്രം ബുദ്ധിമുട്ടിപ്പിക്കുന്നതു് ശരിയാണോ ? രാഷ്ട്രം ആ ചുമതല ഏറ്റു നടത്തേണ്ടതല്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : രാഷ്ട്രം തന്നെയാണു് ചുമതല വഹിക്കേണ്ടതു്.....

ശ്രീമതി കെ. ആർ. ഗൗരി : ഭൂമി തൊഴുവാറു വ്യക്തികളുടെ കൈവശമാണല്ലൊ ഇരിക്കുന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : പന്ത്രണ്ടര ശതമാനം ഗവണ്മെന്റു് കൊട്ടിവയ്ക്കുന്നു. രാഷ്ട്രത്തിന്റെ കാൺടിബ്യൂഷൻ പോരായെന്നുണ്ടെങ്കിൽ കൂടുതൽ പണം സർക്കാരിന്റെ കൈയിൽ ഉണ്ടെങ്കിൽ മാർക്കറ്റുവില തന്നെ കൊടുക്കണം. പ്രായോഗികതലത്തിൽ ആശയപരമായി പ്രസംഗിച്ചതുകൊണ്ടായില്ല, സർക്കാരിന്റെ കഴിവിനെ ആശ്രയിച്ചിരിക്കും. പണമില്ലെങ്കിൽ നികുതി വർദ്ധിപ്പിച്ചു് പണമുണ്ടാക്കേണ്ടിവരും. നികുതി വർദ്ധിപ്പിക്കുന്നതു് വലിയ വിഷമമായിത്തീരും.

ഞാൻ പറഞ്ഞുകൊണ്ടുവന്നതു് കുടികിടപ്പുകാർക്കെല്ലാവർക്കും പട്ടയംകൊടുക്കുക എന്നുള്ളതിൽ ആർക്കെങ്കിലും എതിർപ്പുള്ളതായി കാണുന്നില്ല എന്നുള്ളതാണു്. ചെറുകിടഭൂവുടമകളുടെ കാര്യത്തിൽപ്പോലും അവർ അധികം എതിർപ്പു പ്രകടിപ്പിക്കാത്തതായിട്ടാണു് കണ്ടതു്. പലയിടത്തും പോയപ്പോൾ ഭൂവുടമസ്ഥന്മാർപോലും തെളിവു തന്നപ്പോൾ, ഇവർ തമ്മിൽ വഴക്കു കൂടാതെ കുടികിടപ്പുകാർക്കു കൊടുക്കാനുള്ളതു് എത്രയാണെന്നുവച്ചാൽ അത്രയും കൊടുക്കുന്നതിൽ തങ്ങൾ എതിരല്ല എന്നാണു് പറഞ്ഞിട്ടുള്ളതു്. ആലപ്പുഴയിലെ ചെറുകിട ഭൂവുടമകൾ പറഞ്ഞു, എറണാകുളത്തും പറഞ്ഞു. അപൂർവ്വം ചിലർക്കു വിഷമങ്ങൾ ഉണ്ടായേക്കാം. സമഗ്രമായ ഭൂനിയമം വരുമ്പോൾ ഒരുപക്ഷമുണ്ടാകും; കുടിയാനു് പട്ടയംകൊടുക്കുമ്പോൾ ഉണ്ടാകുന്നുണ്ടു്. പരമ്പരാഗതമായി ഭൂമിയിലാണു് ആളുകളുടെ നിക്ഷേപം. സർക്കാരുദ്യോഗത്തിലോ പെൻഷനിലോ സിംഗപ്പൂരിലോ ഒക്കെ പോയിക്കഴിഞ്ഞാൽ സമ്പാദ്യം മുഴുവൻ ഭൂമിയിൽ നിക്ഷേപിച്ചു് ഒരുകൊല്ലത്തെയോ രണ്ടുകൊല്ലത്തെയോ വാരത്തിനു കൊടുത്താൽ വാരക്കാരൻ ഭൂവുടമയാകുന്നു. യഥാർത്ഥത്തിൽ ഇതു് അവർക്കു് ഹൃദയവേദനയുണ്ടാക്കുകയില്ലേ? ഉണ്ടാക്കും. സമഗ്രമായ സാമ്പത്തിക പുനഃസംവിധാനത്തിൽ ഇതു് ഉണ്ടാകും. അവരെ പുനരധിവസിപ്പിക്കുന്നതിനു് ഗവണ്മെന്റു് പരിശ്രമിക്കുകയാണു് വേണ്ടതു്.

അതുപോലെ, കുടികിടപ്പുകാരുടെ കാര്യത്തിൽ വളരെ വ്യക്തമായ നിർവ്വചനം വേണം.

ഞങ്ങളുടെ ജില്ലയിൽ വ്യാപകമായ കശുവണ്ടിവ്യവസായം ഉള്ളതുകൊണ്ടു് ഫാക്ടറികളിലേക്കു പോകുന്നവരായിരിക്കും, അധികം ഈ തൊഴിലുമായി ബന്ധപ്പെട്ടതാമസിച്ചുകൊണ്ടിരിക്കുന്നവരാണു്. അമ്പുനപ്പുപ്പന്മാരുടെ കാലംതൊട്ടു് ഇങ്ങനെ കുടികിടക്കുന്ന ചില പ്രദേശങ്ങളിൽനിന്നു് അവരെ മാറുന്നതിനുവേണ്ടി, വേറെ എവിടെയെങ്കിലും ഒരു ധനനിശ്ചയാധാരമനസരിച്ചു് ഭൂമി കിട്ടിയെന്നു പറയും. അങ്ങനെ ഭൂമി കൈവശം കിട്ടണമെന്നു പോലുമില്ല, ആധാരപ്രകാരം എവിടെയെങ്കിലും പട്ടയംകൊടുത്താൽ മാത്രംമതി, കുടികിടപ്പുകാരനല്ലെന്നു വിധിക്കും. എനിക്കു് ഇന്നുവരെ താലൂക്കുകച്ചേരിയിൽ നിന്നുമാത്രം ഇങ്ങനെയുള്ള ഏഴു് ഉദാഹരണങ്ങൾ അറിയാം. കുന്നത്തൂർ താലൂക്കിലോ മറ്റോ ഒരു ധനനിശ്ചയാധാരംചെയ്യുവെന്നും പത്തോ ഇരുപതോ സെന്റു കിട്ടിയെന്നും പറഞ്ഞു് കുടികിടപ്പുകാരനല്ലാതാകുന്നുണ്ടു്. 16 കിലോമീറ്റർ അകലെ 25 സെന്റു കിട്ടിയാൽമതി അവരുടെ കുടികിടപ്പവകാശം നഷ്ടപ്പെടും. 16 കിലോമീറ്റർ ദൂരം എന്നു പറയുന്നതു് കുറെ കൂടുതലാണു്. അതു്, ഒരാൾക്കു് തൊഴിൽ ചെയ്യാൻപോകുന്നതിനു സാഹചര്യമുള്ള രീതിയിൽ 5 കിലോമീറ്റർ ആയി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുക്കണം. പോക്കുവരവുചെയ്യ പട്ടയം ഉണ്ടാക്കാൻ സൂത്രപ്പണികളം ചെയ്യുന്നവർക്ക് എളുപ്പമാണ്. വിലയാധാരം രജിസ്റ്റർചെയ്താൽ മാത്രം മതി. പോക്കുവരവും ചെയ്തിട്ട പോകും. പാറക്കെട്ടോ തരിശോ എന്തായാലും, പോക്കുവരവുചെയ്തുകഴിഞ്ഞാൽ കുടികിടപ്പുകാരനല്ലാതായിത്തീരുന്ന സാഹചര്യമാണുള്ളത്. കൃത്രിമങ്ങൾ ഒഴവാക്കാൻ സാധിക്കുകയില്ല.

സെലക്ററ് കമ്മിറ്റിവന്നശേഷം, കൃഷിക്കാരുടെയും കുടികിടപ്പുകാരുടെയും വികാരങ്ങളെ മനസ്സിലാക്കിയശേഷം, ഒരു തത്വമെന്നുള്ളനിലയിൽ, കൃഷിക്കാർക്ക് ഉടമാവകാശം കിട്ടുന്നതുപോലെ കുടികിടപ്പുകാരെയും ഉടമാവകാശികളാക്കണമെന്നുള്ളത് ഒരു തത്വമെന്നുള്ള നിലയിൽ അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്ക്. കുടികിടപ്പുകാരെ വേർതിരിക്കാതെ, എല്ലാ കുടികിടപ്പുകാരെയും, ലക്ഷോപലക്ഷം വരുന്ന കേരളത്തിലേ, കിടപ്പാടം ഒരു സ്വപ്നംമാത്രമായി കരുതിയിരുന്ന ആളുകളെ കിടപ്പാടത്തിന്റെ ഉടമാവകാശികളാക്കിത്തീർക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അത്തരത്തിലൊരു ഡിസെൻറിംഗ് നോട്ടാണ് ഞങ്ങൾ എഴുതിയിട്ടുള്ളത്. ഇതിനെ രാഷ്ട്രീയമായി കാണാതെ, കൃഷികളുടെ ചേരിതിരിവായി കാണാതെ, അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗത്തിന്റെ നേക്കുള്ള അടിസ്ഥാനസാമൂഹ്യനീതിയായി കണ്ടുകൊണ്ട് അംഗീകരിക്കണമെന്നുള്ളതാണ് എനിക്കു പറയാനുള്ളത്.

രണ്ടാമത്തെ പ്രശ്നം, റവന്യൂമന്ത്രി ഒരു ചോദ്യം ചോദിച്ചു, 12 വർഷമായില്ലേ എന്ന്; 1967-ൽ കൊണ്ടുവന്നതാണ്. ഇതുവരെ നടപ്പാക്കാൻ സാധിച്ചില്ല. ഇതും പാസ്സായാൽ ഒരു 'അപ്പോയിൻറഡ് ഡേ' ഓർഡർ വകുപ്പും നടപ്പിൽവരുത്തും, എന്നു പറഞ്ഞാൽ, ഗവണ്മെൻറു ചെയ്യേണ്ട ചില കാര്യങ്ങളം ചെയ്തില്ലെങ്കിൽ പ്രയോജനമൊന്നുമില്ല. അതുകൊണ്ട് ഈ ബിൽ പാസ്സാക്കുന്നതു പത്തോ പതിനഞ്ചോ ദിവസം താമസിച്ചായാൽപ്പോലും കുഴപ്പമില്ല, അതിനുമുൻപു ചെയ്യേണ്ട ചില കാര്യങ്ങളം ചെയ്തില്ലെങ്കിൽ മിച്ചഭൂമിയൊന്നും കാണുകയില്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ആരെയെങ്കിലും തെറ്റിദ്ധരിപ്പിക്കാനോ ആർക്കെങ്കിലും വിഷമമുണ്ടാക്കാനോ ആക്കേക്കിലുമെതിരായി പ്രചരണം നടത്താനോവേണ്ടി പറയുകയല്ല. ഇപ്പോഴം സെലക്ററുകമ്മിറ്റി അവതരിപ്പിച്ചിരിക്കുന്ന രീതിയിൽത്തന്നെയായാലും പ്രാവർത്തികമാകുന്നതിനു കാലതാമസംവരികയാണെങ്കിൽ, പരിധിക്കപ്പുറമുള്ളവർ ക്രയംചെയ്യുന്നതിനു സാധുതയില്ലെന്നു പറഞ്ഞിട്ടുണ്ടെങ്കിലും, രാജ്യത്തെ മിച്ചഭൂമി മുഴവൻ ഉടമകൾക്ക് ഇഷ്ടമുള്ളവർക്കു കൊടുക്കാൻസാധിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. സർ, സമയമില്ലാത്തതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല, ചർച്ചചെയ്തു പാസ്സാക്കി പ്രസിഡണ്ടിന്റെ അംഗീകാരം കിട്ടുന്നതിനു മുൻപുതന്നെ മിച്ചഭൂമി ഇല്ലാതെയാകും. വളരെമുൻപേ ഞാൻ ചോദ്യോത്തരവേളയിൽ ചോദിച്ചതുപോലെ, ഇവിടെ റിക്കാർഡ്സ് ഓഫ് റൈറ്റ്സിനെക്കുറിച്ച് ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. അതു പാസ്സാക്കി പ്രസിഡണ്ടിന്റെ അനുവാദം കിട്ടിയിട്ടുള്ളതാണ്. ആ നിയമം ഈ ഭൂനയബില്ലുപാസ്സാക്കുന്നതിനുമുൻപ് പ്രാവർത്തികമാക്കണം.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : അതനുസരിച്ച്, സെറ്റിൽമെൻറ് സ്റ്റാഫിനെ നിയമിച്ച ജോലി തുടങ്ങിക്കഴിഞ്ഞു.

[Shri P. Govinda Pillai in the Chair]

<u>ശ്രീ. ഇ. ചന്ദ്രശേഖരൻനായർ</u> : സെറ്റിൽമെൻറ് സ്റ്റാഫിനെ നിയമിച്ചു കഴിഞ്ഞാലും വില്ലേജുവില്ലേജായി നടപ്പിലാക്കിത്തുടങ്ങിയാൽ പത്തുപതിനഞ്ചു വർഷം വേണ്ടിവരും. അവകാശരേഖയുടെ പ്രാധാന്യം ഞാൻ പറയാതെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാം. കൃഷിക്കാരെസംബന്ധിച്ചിടത്തോളം, ഒരുവലിയ വിഭാഗം രേഖയില്ലാത്തവരാണ്, കൈവശത്തെസംബന്ധിച്ച് ഉടമാവകാശത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചും റിക്കാർഡുകളും കുറവാണു്. പല ജില്ലകളിലും റവന്യൂ റിക്കാർഡുകളും ശരിയായി ഇല്ല. ഞങ്ങളുടെ ജില്ലയെസംബന്ധിച്ചിടത്തോളമാണെങ്കിൽ സർവ്വേ പ്ലാൻപോലും ശരിയായി ഇല്ല. കോടതിയിൽ കേസു നടക്കുന്നുണ്ടു്. റിക്കാർഡ്സ് ഓഫ് റൈറ്റ്സിനു് നിയമപ്രാബല്യം കൊടുത്തിരിക്കുന്ന സ്ഥിതിക്കു്, ഞാൻ രേഖയില്ലാത്ത കൃഷിക്കാരനാണെങ്കിൽ കൃഷിക്കാരനാണെന്നു തെളിയിക്കണം. സാക്ഷികളെക്കൊണ്ടു് തെളിയിക്കാൻ സാധിച്ചെന്നും സാധിച്ചില്ലെന്നും വരും യഥാർത്ഥകൃഷിക്കാരനാണെങ്കിലും രേഖയില്ലാത്തതുകൊണ്ടു് ഒഴിപ്പിക്കാനിടയാകും. അതുപോലെ, കൃഷിക്കാരന്റെ കൈവശം എന്തുണ്ടെന്നും കൃത്രിമമായി ആധാരം ചമയ്ക്കുകയാണോ എന്നുമൊക്കെ മനസ്സിലാക്കണമെങ്കിൽ ഊഹാപോഹങ്ങൾ പറഞ്ഞതുകൊണ്ടുമാത്രമായില്ല വ്യാപകമായ നിലയിൽ റിക്കാർഡ്സ് ഓഫ് റൈറ്റ്സിന്റെപേരിൽ പാസ്സാക്കിയ നിയമം ഉപയോഗിച്ചുകൊണ്ടു് നിയമം സമഗ്രമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കണം. ഒരുകൊല്ലം കൊണ്ടോ രണ്ടുകൊല്ലംകൊണ്ടോ നടപ്പാക്കണമെങ്കിൽ അതിനുള്ള നടപടി സ്വീകരിച്ചാൽമാത്രമേ സാധിക്കുകയുള്ളൂ. നിയമം കൈയടിച്ചു പാസ്സാക്കിയതുകൊണ്ടുമാത്രം റിക്കാർഡ്സ് ഓഫ് റൈറ്റ്സ് ശരിയാവുകയില്ല. അതിനാവശ്യമായ സ്റ്റാഫ് വേണം, മിച്ചഭൂമിയുണ്ടോ, ഉടമാവകാശമുണ്ടോ, യഥാർത്ഥ കൃഷിക്കാരനാണോ, കൃഷിചെയ്യുന്നുണ്ടോ എന്നുള്ളതെല്ലാം പരിഗണിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റു് പ്രകടിപ്പിച്ചുകാണാറുള്ള ചിന്താഗതി അതിനൊക്കെ വേണ്ട പൈസയുണ്ടാകുമോ എന്നുള്ള രീതിയിലാണു്. ഇക്കാര്യത്തിൽ ഗവണ്മെന്റു് ചില മുൻഗണനാക്രമങ്ങളൊക്കെ പരിഗണിക്കണം. മറ്റു പലതിനും പണം ഉണ്ടാകും. ഒരുപക്ഷേ ഇതിനു് ഒരു ലോൺ ഫണ്ടോടുചെയ്യേണ്ടിവന്നാൽ അങ്ങനെ ചെയ്യണം. എങ്ങനെ എന്നുള്ളതു് ഇപ്പോഴം ചർച്ച ചെയ്യേണ്ട പ്രശ്നമല്ല. പ്ലാനിംഗ് ബോർഡുമായി ഇക്കാര്യം ചർച്ചചെയ്യാം. അവയ്ക്കു് വ്യക്തമായ ചില നിർദ്ദേശങ്ങളും നൽകാനുണ്ടാവും.

ചെയർമാൻ (ശ്രീ. പി. ഗോവിന്ദപിള്ള) : എത്ര സമയം വേണ്ടിവരും എന്നു പറഞ്ഞാൽ കൊള്ളാം. സമയം നിയന്ത്രിക്കുകയല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അഞ്ചുമിനിട്ടുകൂടി മതി. ഗവണ്മെന്റു വിചാരിച്ചാൽ പണം കാണാൻസാധിക്കും. അതുകൊണ്ടു് ഒരു പ്രതിവിധി ഇക്കാര്യത്തിനു് ഗവണ്മെന്റുണ്ടാക്കണം. രേഖയില്ലാത്ത കൃഷിക്കാരാണു് ഭൂരിപക്ഷം കൃഷിക്കാരും എന്നുള്ള നിലയിൽ ഇതു പരിഗണിക്കേണ്ടതാണു്. കൃഷിക്കാർ കോടതിയുടെ തിണ്ണയിൽ കയറിയിറങ്ങാൻ ഇടയാക്കാതെ, കൂടുതലധികം പണം ചെലവാകുമെങ്കിൽപ്പോലും ഇതിനുവേണ്ട സ്റ്റാഫിനെ നിയമിക്കണം. സർവ്വേ പഠിച്ച ചെറുപ്പക്കാർ തൊഴിലില്ലാതെയുണ്ടല്ലോ; അവർക്കു താൽക്കാലികമായി തൊഴിൽ കൊടുത്തുകൊണ്ടു് ഒരു ടാർജറ്റു് വച്ചു് ഒരു കൊല്ലംകൊണ്ടു്, സർവ്വേ ചെയ്തിട്ടില്ലാത്തതും ചെയ്തിട്ടുള്ളതുമായ ഭൂമികളെ സംബന്ധിച്ചിടത്തോളം റിക്കാർഡ്സ് ഓഫ് റൈറ്റ്സ് ഉണ്ടാക്കുമെന്നു് തീരുമാനമെടുക്കണം. നിയമം നാം ഏതു വേഗത്തിൽ അടിയന്തിരമായി പാസ്സാക്കിയാലും അതു് പ്രാവർത്തികമാക്കാൻപോകുന്നില്ലെങ്കിൽ പ്രയോജനമില്ല. 64 ൽ പാസാക്കിയ നിയമത്തെസംബന്ധിച്ചും നടപ്പാക്കിയ പ്ലാനും പ്രായോഗികവൈഷമ്യങ്ങളും ഉണ്ടായിട്ടുണ്ടു്. എന്നുവച്ചാൽ അതിന്റെ മെഷീനറിയെപ്പറ്റി ഒരു ധാരണയില്ലായിരുന്നു. മിച്ചഭൂമിയിൽ ഒരുസെന്റെങ്കിലും എടുത്തു വിതരണം ചെയ്യാൻസാധിക്കണമെങ്കിൽ കാര്യക്ഷമമായി നടപ്പാക്കാൻ പരിശ്രമം നടത്തേണ്ടിയിരിക്കുന്നു. അതുകൊണ്ടു്, ഇതു് പാസ്സാക്കുന്നതിനുമുൻപു്, നിയമം പ്രാവർത്തികമാക്കുന്നതിനുവേണ്ടിബൃഹത്തായ ഒരു പ്ലാൻ നടപ്പാക്കണമെന്നാണു് എനിക്കു് അഭ്യർത്ഥിക്കുവാനുള്ളതു്.

ഒരൊറ്റ കാര്യത്തെസംബന്ധിച്ചുമാത്രമാണു് വേറെ ഒരു അഭിപ്രായം വച്ചിരിക്കുന്നതു്. നഷ്ടപരിഹാരം കൊടുക്കുന്നതിൽ എല്ലാ കൂടിയാന്മാരും മര്യാദപ്പാട്ട

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ 16 ഇരട്ടിയാണു് കൊടുക്കേണ്ടതു് എന്നതുതാണു് സമ്മതിച്ചിരിക്കുന്നതു്. ഗവണ്മെന്റു് സ്വീകരിക്കുന്നതു് എല്ലാവർക്കും ഒരുപോലെ കൊടുക്കുന്നില്ല. അതിനു് സ്കെയിൽ വച്ചിട്ടുണ്ടു്. ഇത്രവരെ ഇന്ന തുക എന്ന രീതിയിലാണു് കൊടുക്കുന്നതു്. അങ്ങനെ വരുമ്പോൾ നഷ്ടപരിഹാരത്തുകയിൽനിന്നു് ഗവണ്മെന്റിന്റെ കൈവശം മിച്ചം തുക വരും. ഇന്ന തുക എന്ന വ്യക്തമല്ല, അതിനു സ്റ്റാറ്റിസ്റ്റിക്സു് ഇല്ല. അതുകൊണ്ടു് ഞങ്ങൾ വച്ചിരിക്കുന്ന നിർദ്ദേശം, അങ്ങനെ കൂടിയാൽ ജന്മിക്കു കൊടുക്കേണ്ടതിൽ മിച്ചം വയ്ക്കേണ്ടകാര്യമില്ല എന്നാണു്. വ്യക്തമായ ഒരു കാംപൻസേഷൻ സ്കെയിൽ വളരെ നല്ലതാണു്. മിച്ചമായി ഗവണ്മെന്റിന്റെ കൈയിൽ കിട്ടുന്ന തുക വളരെയധികം ഹൃദയവേദനയനുഭവിക്കുന്ന നിലയിലുള്ളവരായ, രണ്ടേക്കറിൽ താഴെ ഭൂമിയുള്ള, ഭൂവുടമകൾക്കു് നൽകുന്നതു നന്നായിരിക്കും. അല്ലാതെ ഗവണ്മെന്റു് ഇതിൽനിന്നു് മിച്ചമെടുക്കാൻപാടില്ല. അങ്ങനെയാണെങ്കിൽ ചെറുകിട ഭൂവുടമകളോടു നീതിചെയ്യാൻസാധിക്കും. അതിനു് കാലതാമസം വേണ്ടിവരുമെന്നു പൂണ്ടിക്കാണിച്ചേക്കാം. കാലതാമസമുണ്ടാകേണ്ട കാര്യമില്ല. ആദ്യം, 1/16 എന്നു് സമ്മതിച്ചിട്ടുള്ളതു കൊടുക്കുക. വീണ്ടും ഉണ്ടെങ്കിൽ കൊടുക്കുന്നതിനു് ഗവണ്മെന്റിനു് അധികാരം കൊടുക്കുന്ന ഒരു പ്രൊവിഷനെങ്കിലും അഡീഷണലായി വേണ്ടതുണ്ടു്. പരിമിതമായ കഴിവിനുള്ളിൽ നിന്നുകൊണ്ടു് നടത്തുന്ന നിയമനിർമ്മാണത്തിലൂടെ സമഗ്രമായ ഭൂപരിഷ്കരണം നടത്തുന്നതിന്റെ ഫലമായി നഷ്ടമുണ്ടാകുന്നവരുടെ ഹൃദയവേദന പരിഹരിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം നടത്തുകയാണെന്നും വലിയ ഭൂവുടമകളോടു് എടുക്കുന്ന സമീപനം അതുകൊണ്ടു് ചെറിയ ഭൂവുടമകളോടു് ഗവണ്മെന്റു് എടുക്കുന്നില്ലെന്നും വ്യക്തമാക്കുന്നതിനുവേണ്ടി, കൂടിയാന്മാരുടെ നഷ്ടപരിഹാരത്തിൽനിന്നു ഗവണ്മെന്റു ലാഭമെടുക്കാതെ, ഭൂപരിഷ്കരണനിയമംനിമിത്തം നിലയ്ക്കു മാറ്റംവന്നു് വിഷമിക്കുന്ന ചെറുകിട ഭൂവുടമകൾക്കു് ആശ്വാസം നൽകുന്ന സമീപനമാണു് സ്വീകരിക്കേണ്ടതെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. ഭൂപരിഷ്കരണം നടപ്പാക്കുന്നതിനുള്ള നയപാടുരി എന്ന നിലയിലും അതു് പ്രാധാന്യമുള്ളതാണു്. എന്തെന്നാൽ ഇങ്ങനെ കാര്യക്ഷമമായി എല്ലാ ജനവിഭാഗങ്ങളുടെയും സഹകരണത്തോടുകൂടി ഈ നിയമം നടപ്പാക്കുന്നതിനു് അതു് ആവശ്യമാണെന്ന അഭിപ്രായമാണെനിക്കുള്ളതു്.

സർ, ചെറിയ ചെറിയ കാര്യങ്ങളെക്കുറിച്ചു് ഞാൻ ഒന്നും പറയുന്നില്ല. വളരെയധികം മാറ്റങ്ങൾ ഇതിൽ വന്നിട്ടുണ്ടു്. ചില്ലറ ഭേദഗതികൾ വേണമെന്ന തീരുമാനിച്ചതു് വരുത്താനുമുണ്ടു്. അത്തരം ചെറിയ മാറ്റങ്ങളോടുകൂടി ഈ നിയമം കൂടുതൽ സാധാരണക്കാർക്കു് പ്രയോജനകരമായിത്തീരാൻ എല്ലാവരും സഹകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, ഈ ഭൂപരിഷ്കരണനിയമം എത്രയുവേഗം പാസ്സാക്കിയെടുക്കണമെന്നുള്ള കാര്യത്തിൽ ഈ സഭയിലെ എല്ലാ ആളുകൾക്കും അഭിപ്രായൈക്യമാണുള്ളതു്. ഇവിടെ ബഹുമാനപ്പെട്ട പല മെമ്പറന്മാരും ചൂണ്ടിക്കാണിച്ചിട്ടുള്ളതിനു പുറമേ വളരെ കാര്യങ്ങളൊന്നും എനിക്കു പറയാനില്ല. പറഞ്ഞ കാര്യമൊന്നും ആവർത്തിക്കണമെന്നും വിചാരിക്കുന്നില്ല. ഒരു കാര്യം ഈയവസരത്തിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻവേണ്ടി പറയുകയാണു്. കൈവശാവകാശ രേഖയെ സംബന്ധിച്ചിടത്തോളം അതു പ്രയോഗത്തിൽ വരുത്താനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു എന്നു പറയുന്ന ഈ സാഹചര്യത്തിൽ, പ്രത്യേകിച്ചു ചില പ്രദേശങ്ങളിൽ, കൈശാവകാശ രേഖ കൊടുക്കുന്നതുകൊണ്ടു് ചില ആളുകൾക്കു് യഥാർത്ഥത്തിൽ ദോഷം ഉണ്ടാകുമെന്നുള്ള കാര്യം ഈ സഭ വേണ്ടിടത്തോളം ചിന്തിച്ചിട്ടുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. ആ വസ്തുതകൂടി ഈയവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണമെന്നും അതു തിരുത്താനുള്ള നടപടികൂടി സ്വീകരിക്കണമെന്നുമാണു് എനിക്കു അഭ്യർത്ഥിക്കാനുള്ളതു്. അതിൽ പ്രധാനമായിട്ടുള്ളതു് അട്ടപ്പാടി പ്രദേശത്തെ ഗിരിവർഗ്ഗക്കാർ വസിക്കുന്ന പ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലെ, ടൈബൽ ബ്ലോക്കുകളിലെ കാര്യങ്ങളാണ് പറയാനുള്ളത്. അവിടെ കൂടുതൽ ഗിരിവർഗ്ഗക്കാർ വസിക്കുന്നതു കൊണ്ടാണ് പ്രത്യേക ബ്ലോക്കുകൾതന്നെ അവിടെ ഉണ്ടാക്കിയിട്ടുള്ളതെന്ന കാര്യം വിസ്മരിച്ചുകൂടാ. അവരുടെ ജീവിതാഭിവൃദ്ധിക്കും, സുരക്ഷിതത്വത്തിനും വേണ്ടിയാണ് പ്രത്യേക ബ്ലോക്കുകൾതന്നെ ഉണ്ടാക്കിയിട്ടുള്ളതെങ്കിലും അവരെ സംബന്ധിച്ചിടത്തോളം അടുത്തകാലത്തുണ്ടായിട്ടുള്ള ഒരു സ്ഥിതിവിശേഷം എന്താണെന്നു ചോദിച്ചാൽ, ഒരു കാലത്തു ആ പ്രദേശത്തു് അവർ മാത്രമാണുണ്ടായിരുന്നതു്, അവിടെ കൃഷിചെയ്തിരുന്നതു അവർ മാത്രമായിരുന്നു, അവിടെ കൃഷിഭൂമി ഉണ്ടായിരുന്നതു അവർക്കുമാത്രമായിരുന്നു. അട്ടപ്പാടിയിൽ പേറെ ആക്കും ഭൂമിയിൽ കൈവശാവകാശമുണ്ടായിരുന്നില്ല, മറ്റാരും തന്നെ അവിടെ കൃഷിചെയ്തിരുന്നില്ല. പക്ഷേ, അടുത്തകാലത്തായിട്ടു് ഗിരിവർഗ്ഗക്കാരുടെ ഈ നില പാടേ മാറിയിരിക്കുകയാണ്. അവരുടെ പിന്നാക്കാവസ്ഥയെ ഉദ്ധരിക്കാൻ വേണ്ടിയാണ് പ്രത്യേകം ബ്ലോക്കുകൾ പോലും ഉണ്ടാക്കിയിട്ടുള്ളതെങ്കിലും, അതിന്റെ പ്രവർത്തനം തന്നെ അവരെ സംബന്ധിച്ചിടത്തോളം ഉപയോഗശൂന്യമായിത്തീരുന്ന തരത്തിലുള്ള പ്രവണത ഇന്നുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായിട്ടു് ഇന്നു അവിടെ കാണാൻ കഴിയുന്നതു്, അട്ടപ്പാടി പ്രദേശത്തെ ടൈബൽ വിഭാഗക്കാർക്കു് കൃഷിചെയ്യാനുള്ള ഭൂമി, പുറമേനിന്നു വന്നിട്ടുള്ള ആളുകൾ തുച്ഛമായ വില കൊടുത്തു കൈവശപ്പെടുത്തുകയോ, മറ്റു തരത്തിൽ ഭീഷണികൾ മൂലം കരസ്ഥമാക്കുകയോ ചെയ്തിരിക്കുന്നു എന്നുള്ള ഒരു സ്ഥിതിവിശേഷമാണ്. ആ നിലയ്ക്കു് ഇന്നു കൈവശാവകാശരേഖ തയ്യാറാക്കുന്നതിനുള്ള ശ്രമം നടക്കുമ്പോൾ, ഗിരിവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം പ്രത്യേക പരിഗണന ഇല്ലെങ്കിൽ അവർക്കു ഒരിഞ്ചു ഭൂമി പോലും കിട്ടാൻ അർഹതയില്ലാത്ത ഒരു ദുസ്ഥിതി വന്നുചേരുന്നതാണ്. അതു കൊണ്ടു ഈ കാര്യത്തിൽ ഏതു പേരുംവഴി സ്വീകരിച്ചാൽ അവർക്കു ഭൂമി കിട്ടുമെന്നു പരിശോധിച്ചു വേണ്ട പരിഹാരം ഉണ്ടാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഗവണ്മെന്റു് ഈ കാര്യം വളരെ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. എന്തെങ്കിലും അത്യാവശ്യത്തിനുവേണ്ടി, പത്തോ പന്ത്രണ്ടോ ക്രൂപ വാങ്ങിയിട്ടായിരിക്കും, പിന്നെ തിരിയെ വാങ്ങിക്കൊള്ളാമെന്ന വിശ്വാസത്തിൽ കൈവശഭൂമി മറ്റുള്ളവർക്കു കൈമാറുന്നതു്. എന്നാൽ പിൽക്കാലത്തു് അതു മടക്കി വാങ്ങാനുള്ള സൗകര്യം ലഭിക്കാതെ ഭൂമി അന്യാധീനമായിത്തീർന്നിട്ടുള്ള അനുഭവമാണ് അവിടെ ഉണ്ടായിട്ടുള്ളതു്. അവിടത്തെ ആളുകളുമായി നേരിട്ടു സംസാരിക്കാനും ഇതിനെപ്പറ്റി വസ്തുതകളും മനസ്സിലാക്കാനും എനിക്കു കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ഗിരിവർഗ്ഗക്കാർക്കു വളരെയധികം ഭീതി കൈവശാവകാശ രേഖയെ സംബന്ധിച്ചിടത്തോളം ഉണ്ടാകാനിടയുണ്ട്. അവകാശരേഖ തയ്യാറാക്കുമ്പോൾ തീർച്ചയായിട്ടും ഇത്തരം ആളുകളുടെ കാര്യത്തിൽ അവരുടെ ഭൂമി, തിരിയെ കിട്ടുമെന്നുള്ള പ്രതീക്ഷയിൽ കൈമാറിയിട്ടുള്ള ഭൂമി എന്നെന്നേക്കുമായി അന്യാധീനമായിപ്പോകാതിരിക്കാൻ എന്തു നടപടി സ്വീകരിക്കണമെന്നു ഗവണ്മെന്റു് കാര്യമായിട്ടു ചിന്തിക്കേണ്ടതാണ്. അവകാശരേഖ തയ്യാറാക്കുമ്പോൾ ഗിരിവർഗ്ഗക്കാരെ അതിൽനിന്നു ഒഴിച്ചുനിറുത്തിവേണ്ട സംരക്ഷണം അവർക്കു നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്നു വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ, അവർക്കുമാത്രം കൈവശമുണ്ടായിരുന്ന, അവർമാത്രം കൃഷിചെയ്തിരുന്ന ഭൂമിയാണ് ഇന്നു പല തരത്തിൽ അന്യാധീനത്തിലായിരിക്കുന്നതു്. ഈ വസ്തുത കണക്കിലെടുത്തു് അങ്ങനെ അന്യാധീനപ്പെട്ട അവരുടെ വസ്തുക്കൾ അവർക്കു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്കു പ്രത്യേകം ഉന്നിപ്പറയാനുള്ളതു്.

സർ, മറ്റൊരുകാര്യം തീരെ സ്പർശിക്കാതെ പോകുന്നതു് ശരിയല്ല. അതു കുടികിടപ്പുകാരുടെ കാര്യമാണ്. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഒരേക്കർ ഭൂവുടമയാണോ, രണ്ടേക്കർ സ്ഥലത്തിന്റെ ഉടമയാണോ, നാലേക്കറിന്റെ ഉടമയാണോ എന്നെല്ലാം പരിശോധിക്കുമ്പോൾ ചിലർക്കു പർച്ചൈസു റൈറ്റു് കിട്ടുകയും, മറ്റു ചിലർക്കു കിട്ടാതാവുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷം വരാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണ്. സെലക്റ്റ് കമ്മിറ്റി ചർച്ചാവേളയിൽ ഇതിനെ സംബന്ധിച്ച അഭിപ്രായഗതികളും പൊന്തിവന്നിട്ടുണ്ട്. ആ അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് കുടികിടപ്പുകാരുടെ ഇടയിൽ വിവേചനം വരാൻ ഇടയാകാത്തനിലയിൽ എല്ലാ കുടികിടപ്പുകാക്കും കുടികിടപ്പവകാശം വിലയ്ക്കുവാങ്ങാനുള്ള അവകാശം നൽകേണ്ടതാണ്. നഷ്ടപരിഹാരം നൽകുമ്പോൾ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ പെറുകിട ഉടമകൾക്കുകൂടി നൽകാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. ഏതായാലും രണ്ടു തരത്തിൽ കുടികിടപ്പുകാരെ ട്രീറ്റ് ചെയ്യാൻ ഇടയാകരുത്. അവർക്ക് പർച്ചൈസു റൈറ്റുണ്ടായിരിക്കണമെന്ന ഒരിക്കൽകൂടി ഊന്നിപ്പറയാൻ ആഗ്രഹിക്കുകയാണ്.

സർ, കുടികിടപ്പില്ലാത്ത വളരെയധികം ആളുകൾ നമ്മുടെ രാജ്യത്തുണ്ട്. ആ വസ്തുത നാം കണക്കിലെടുക്കണം. സമഗ്രമായ ഒരു നിയമം കൊണ്ടുവരുമ്പോൾ, ഈ രാജ്യത്തെ ആളുകൾ വിചാരിക്കുന്ന രീതിയിൽ ഇന്നുള്ള പല വൈഷമ്യങ്ങൾക്കും ഒട്ടുകിലും പരിഹാരം കാണേണ്ടതാവശ്യമാണ്. അത്യാഗ്രഹം കൊണ്ടായിരിക്കുമെങ്കിലും പലരും പല ആനുകൂല്യങ്ങളും പ്രതീക്ഷിക്കുന്നുണ്ടായിരിക്കും. കുടികിടപ്പില്ലാത്തവർക്കുകൂടി എന്തെങ്കിലും ആനുകൂല്യം കിട്ടാൻ, ഭൂമി കിട്ടാൻ വഴിയുണ്ടോ എന്നു പരിശോധിക്കണം. അതിനു് ഒരു പ്രൊവിഷൻ കൂടി ഉണ്ടായിരിക്കണം. ഇന്നു് വാസ്തവത്തിൽ കേരളത്തിൽ പലരും ഭൂമി കൈയേറിയിട്ട്, കൈവശാവകാശം സ്ഥാപിച്ചിട്ടുള്ളതു് അവരുടെ കഴിവുകൊണ്ടാണെന്നു പറയുമായിരിക്കും. ഏതായാലും അത്തരം ഭൂമി പലർക്കും പതിച്ചുകൊടുത്തിട്ടുണ്ട്. കൈയേറിട്ട കൈവശാവകാശം പറഞ്ഞു ഭൂമി സ്വന്തമാക്കിയിട്ടുള്ളവരെപ്പോലെ മുന്നോട്ടുവരാതെ, ദുർബ്ബലരായതുകൊണ്ടുമാത്രം ഒരു വിഭാഗം ഈ രാജ്യത്തു ജീവിക്കേണ്ടോ എന്നു കരുതുന്നതു ശരിയായിരിക്കുകയില്ല. അതു നീതിയല്ല. അവർക്കുകൂടി ഭൂമി കൊടുത്തു അവരെക്കൂടി ജീവിക്കാൻ അനുവദിക്കുമാറു് എന്തെങ്കിലും പ്രൊവിഷൻ ഇതിൽ ഉണ്ടായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. അതിനു പറ്റിയ വകുപ്പു് ഇതിൽ ഉൾപ്പെടുത്തണമെന്നു് അഭ്യർത്ഥിക്കുകയാണു്.

സർ, വിശദമായ ഒരു ചർച്ചയുടെ ആവശ്യമില്ല. വകുപ്പുവകുപ്പായിട്ടു ചർച്ച തുടങ്ങുമ്പോൾ കൂടുതൽ കാര്യങ്ങൾ പറയാമെന്നുള്ള പ്രതീക്ഷയിൽ ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഈ നിയമം നമ്മുടെ രാജ്യത്തെ ദശലക്ഷക്കണക്കായിട്ടുള്ള കർഷകർക്കും, കുടികിടപ്പുകാർക്കും ആശ്വാസം നൽകുന്നതിനു വേണ്ടിയുള്ളതാണു്. തീർച്ചയായിട്ടും, ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുകയും, സെലക്റ്റ് കമ്മിറ്റിക്കു വിടുകയും ചെയ്തതിനെത്തുടർന്നു്, ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയും, ഈ ബിൽ സെലക്റ്റ് കമ്മിറ്റി സ്റ്റേജിൽ വന്നപ്പോൾ അതിനു് കൂടുതൽ വൈശിഷ്ട്യം നൽകാൻ പങ്കുവഹിച്ച സെലക്റ്റ് കമ്മിറ്റി മെമ്പർമാരും അഭിനന്ദനാർഹരാണു്.

സർ, ഈ ബിൽ അസംബ്ലിയിൽ വന്ന ചർച്ചകളും നടന്നിട്ടുള്ളതിനിടയിൽ പല സ്പെഷ്യൽ ഘട്ടങ്ങളും തരണം ചെയ്യിട്ടുണ്ടെന്നു നമുക്കെല്ലാവർക്കും അറിയാം. ഒരു ഡ്രാഫ്റ്റ് ബിൽ സെലക്റ്റ് കമ്മിറ്റി ഘട്ടം കഴിയുമ്പോൾ കുറേക്കൂടി അമൂല്യമാകും; അതു കഴിഞ്ഞു് അസംബ്ലിമെമ്പറന്മാരുടെ പങ്കാളിത്തം ഉണ്ടാകുമ്പോൾ കുറേക്കൂടി വിശിഷ്ടമായിത്തീരും. ഏതു നിയമത്തിന്റെ കാര്യത്തിലും ഇതെല്ലാം സമ്മതിക്കപ്പെട്ടതാണെന്നുള്ള പ്രത്യേകം പറയാതെ അറിയാവുന്നതാണെങ്കിലും, ഇവിടെ അവതരിപ്പിച്ച ബില്ലിൽ, 'സെലക്റ്റ് കമ്മിറ്റിയിൽതന്നെ ഞങ്ങൾ വലിയ വ്യത്യാസം വരുത്തി' എന്നു പറഞ്ഞുകൊണ്ടു ഒരു വലിമ പറയുന്നതും, അതു പോലെതന്നെ അസംബ്ലി അംഗങ്ങൾ എല്ലാവരും ചേർന്നു് ഇന്നയിന്ന മാറ്റങ്ങൾ വരുത്തി എന്ന രീതിയിൽ ഒരു വലിമ പറയുന്നതും ബില്ലിന്റെ ബന്ധത്തെപ്പറ്റി നമുക്കുള്ള ചുമതല എന്താണെന്നു പര്യാലോചിക്കുമ്പോൾ, ഇതെല്ലാം തന്നെ നമ്മുടെ ചുമതലയിൽ പെട്ട കാര്യങ്ങളിൽ കവിഞ്ഞുള്ളതല്ലെന്നുള്ള യാഥാർത്ഥ്യം വ്യക്തമാകുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ചുമതലയിൽ കവിഞ്ഞു അധികപ്പറ്റായി ഈ കാര്യത്തിൽ ഒന്നംതന്നെ നാം ചെയ്തിട്ടില്ലെന്നാണു് എന്റെ ഉറച്ച വിശ്വാസം ഈ ചുമതല നിവ്വഹിക്കാൻ നാം തികച്ചും ബാധ്യസ്ഥരാണു്.

ഈ ബില്ലിന്റെ കാലതാമസത്തെക്കുറിച്ചും, ഇതുപോലെ പുരോഗമനപരമായ മറ്റൊരു ബിൽ ഇക്കഴിഞ്ഞ പാർലമെന്റിൽ അവതരിപ്പിച്ചപ്പോഴുണ്ടായ കുറഞ്ഞ കാലതാമസത്തെപ്പറ്റിയും പരാമർശിച്ചുകൊണ്ടു് ഇന്നു നാട്ടിൽ വലുതായ വെല്ലുവിളികളും പ്രചരണങ്ങളും നടന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അസംബ്ലിയിൽ അവതരിപ്പിച്ചതും, ഇന്നത്തേതുമായ കാലഘട്ടങ്ങൾക്കുതമ്മിൽതന്നെ വ്യത്യാസമുണ്ടു്. കഴിഞ്ഞ ആഗസ്റ്റു 19-ന്റെയും, ഇപ്പോഴും പിന്നിട്ട ആഗസ്റ്റിനെ തുടർന്നുവന്ന മാസത്തിന്റെയും കാലപരിഗണനതന്നെ ഒരു കൊല്ലമെന്നു കാണാം. ഈ ഒരു കൊല്ലം കഴിയുന്നതിനിടയിൽ ഏറിയകുറെ മാസങ്ങളും, ഈ ബില്ലിനു് സാമാന്യവികമായി അംഗീകാരം നൽകേണ്ട കേന്ദ്ര ഗവണ്മെന്റിന്റെ കക്ഷത്തു വച്ചിരിക്കുകയായിരുന്ന ഈ ബില്ലെന്നതു് ഒരു വസ്തുതയാണു്. പല ന്യായങ്ങളും പറഞ്ഞു് കാലതാമസം വരുത്തണമെന്ന ഉദ്ദേശം ഉണ്ടായിരുന്നെങ്കിലും, കേരളത്തിലെമ്പാടുമുള്ള ദശലക്ഷക്കണക്കിനുള്ള കർഷകരുടെയും കുടികിടപ്പുകാരുടെയും സമരശബ്ദം കേന്ദ്രഭരണാധികാരികളുടെ കക്ഷത്തുനിന്നു് വേഗം അതു അയപ്പിക്കുന്നതിനും ഇവിടെ ചർച്ചചെയ്യാനും സംഗതിയാക്കി എന്ന വസ്തുതനാം മറക്കരുതു് ഏതെങ്കിലും രാഷ്ട്രീയ കക്ഷികളുടെ രാഷ്ട്രീയമായ പ്രചരണത്തിനും, ഏതെങ്കിലും വ്യക്തിയെ കോർണർ ചെയ്യുന്നതിനും പലതും പറയാൻ കഴിയുമെങ്കിലും നക്ഷത്രം തെളിയുന്നതുപോലെ നഗ്നമായ ഒരു യാഥാർത്ഥ്യമാണു് ഇതെന്നുള്ളതു് ആർക്കും നിഷേധിക്കാൻ സാധ്യമല്ല.

സർ, കേന്ദ്രത്തിന്റെ കാര്യം പറയുമ്പോൾ ചില പാർട്ടിക്കാർക്കു് കേന്ദ്രത്തെ ഡി ഫണ്ടുചെയ്യേണ്ടതായിവരും. കേന്ദ്രം എന്തു ചെയ്താലും അതു ശരിവയ്ക്കാനും, അവരുടെ നിർദ്ദേശം അനുസരിച്ചു പ്രവർത്തിക്കാനുമുള്ള ബാധ്യത അവർക്കുണ്ടെന്നുള്ളതു ഒരു വസ്തുതയാണു്. അങ്ങനെ ചെയ്തില്ലെങ്കിൽ കേന്ദ്രക്കാർ അവിടെ ഇരുന്നുകൊണ്ടു അവരുടെ ശിഷ്യന്മാരെ കണ്ണുരുട്ടി കാണിക്കും. അതിന്റെ ഫലമായി ചിലർക്കു മൂത്രശങ്കതന്നെയുണ്ടായെന്നുവരും. ബില്ലു ചുച്ചു താമസിപ്പിക്കുകയും, മനപൂർവ്വം ഒളിച്ചുകളി നടത്തുകയും ചെയ്ത കേന്ദ്രത്തിന്റെ നടപടിയെപ്പറ്റി അതിനു ബാധ്യസ്ഥരായ ചിലർ ന്യായീകരണത്തിനു ശ്രമിക്കുമ്പോൾ ഭാഗ്യവശാലോ നിർഭാഗ്യവശാലോ മറുചിലർകൂടി അതിൽ പങ്കാളികളാകുന്നതു് ഖേദപൂർവ്വം ഞാൻ ഓർക്കുകയാണു്.

ഈ ബിൽ കൊണ്ടുവരുന്നതിനുണ്ടായ കാലതാമസത്തേയും അതുപോലെയുള്ള കാര്യങ്ങളേയും സംബന്ധിച്ചു ഓർക്കുമ്പോൾ യാതൊരു തരത്തിലും പൂർണ്ണമായ ആത്മസംതൃപ്തി ഞാൻ കൊള്ളുന്നില്ല. ഏതായാലും താമസിച്ചുപോയിട്ടുള്ളതു ക്ഷന്തവ്യമല്ല, എന്നിരുന്നാലും ഇപ്പോഴെങ്കിലും നമ്മുടെ കയ്യിലിരിക്കുന്ന ഈ ബിൽ വളരെ വേഗത്തിൽ പാസ്സാക്കിയെടുക്കണമെന്നും ഇപ്പോഴെങ്കിലും വളരെ വേഗത്തിൽ ഈ നാട്ടിലെ ദശലക്ഷക്കണക്കിനായ പാവപ്പെട്ട കുടിയാന്മാർക്കും കർഷകർക്കും കുടികിടപ്പുകാർക്കും രക്ഷനൽകുന്നുമെന്നും ആത്മാർത്ഥമായി ഞാനാഗ്രഹിക്കുകയാണു്. പാവപ്പെട്ട കുടികിടപ്പുകാരും കുടിയാന്മാരും നിരപരാധികളാണു്. യാതൊരു തെറ്റും അവർ ചെയ്തിട്ടില്ല. അങ്ങനെ നിരപരാധികളായ ആളുകൾക്കു് നൂറ്റാണ്ടുകളായി ജന്മിത്വത്തിന്റെ ഹീനവും ക്രൂരവുമായ ഭാരം ചുമക്കേണ്ടിവന്നവർക്കു് ഇനിയെങ്കിലും ആശ്വാസത്തിന്റെ കിരണങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനു് താമസിപ്പിക്കുന്ന യാതൊരു നിലയിലും കഴിഞ്ഞ കാര്യങ്ങളും പറഞ്ഞുകൊണ്ടുള്ള ന്യായങ്ങളും സാധൂകരിക്കപ്പെട്ടുന്നില്ല. തീർച്ചയായും ഈ ബില്ലിന്റെ മൂന്നാം വായനയെ സമീപിക്കുന്ന ഈ സന്ദർഭത്തിൽ പ്രാഥമികമായി ഇത്രയും താമസിച്ചതുതന്നെ അനീതിയാണെന്നു പറഞ്ഞുകൊണ്ടുള്ള ന്യായങ്ങളും ഉന്നയിച്ചാൽ അതിൽ ഒളിഞ്ഞിരിക്കുന്ന ഉദ്ദേശശുദ്ധിയോടു് യോജിക്കുവാൻ നിവൃത്തിയില്ല. 1957-59 കാലത്തു ഇത്രയും പുരോഗമനപരമല്ലെങ്കിലും അതുവരെ ഉണ്ടായിരുന്ന ഗവണ്മെന്റുകളും സമീപിച്ചിരുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും അടിസ്ഥാനപരമായ മാറ്റങ്ങളോടുകൂടിയ ഒരു ബിൽ 1957–59 കാലത്തു അവതരിപ്പിച്ചു പാസ്സാക്കി. അങ്ങനെയൊരു ബിൽ അവതരിപ്പിക്കുകയും അതു നിയമമായി നടപ്പിൽവരുത്തുകയും ചെയ്ത അവസരത്തിൽ ഈ നാട്ടിൽ എമ്പാടുമുള്ള ജന്മിമാരും വലിയ കായൽ രാജാക്കന്മാരും കോക്കനട്ട് പ്ലാൻസസ്സ് എല്ലാം തന്നെ ദശലക്ഷക്കണക്കിനുള്ള കുടികിടപ്പുകാരുടെ ഭൂമി പിടിച്ചുപറിക്കുന്നതിനും കൂടിയാന്റെ അവകാശം പിടിച്ചുപറിക്കുന്നതിനുമുള്ള വ്യഗ്രതയോടുകൂടി നീങ്ങിയിട്ടുള്ള വസ്തുതയുമുക്ക് വിസ്മരിക്കുവാൻ കഴിയുന്നതല്ല. അതുപോലെയുള്ള ഒരു പരിശ്രമം ഈ നിയമം അവതരിപ്പിച്ച പാസ്സാക്കുമ്പോഴും ഉണ്ടാകുമെന്നു കഴിഞ്ഞകാല അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ശരിക്കും മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഈ ബിൽ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുള്ളതു്. അതിനു് ഒരു കുരുതൽ നടപടി എന്നുള്ള നിലയിൽ ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നു രണ്ടുമാസം കഴിഞ്ഞ ഉടനെ തന്നെ സ്റ്റേ ഓഫ് എവിക്ഷൻ ബിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. 1957–59 കാലത്തെ ദുഃഖകരമായ ഭീതിജനകമായ, ഭീകരമായ അവസ്ഥ, പാവപ്പെട്ട കുടിയാന്മാരുടെയും പാട്ടക്കാരുടെയും വാരക്കാരുടെയും അവകാശങ്ങളും പിടിച്ചുപറിക്കുന്ന ഭീതിജനകമായ–അക്രമണാത്മകമായ–നിലപാടു് ഉണ്ടാകരുതെന്നു് വിചാരിച്ചു് കുടികിടപ്പുകാരനു് നിലവിലുള്ളതിനേക്കാളും കൂടുതൽ അവകാശങ്ങളും നൽകിക്കൊണ്ടു് അവന്റെ പുര പൊറിയതാണെങ്കിൽ നേരെ പകുതികൂടി വലിപ്പമുള്ള പുര കെട്ടുന്നതിനും കുളിക്കുന്നതിനു് കുളം വെട്ടുന്നതിനും തൊഴുത്തുണ്ടാക്കുന്നതിനും തുറു ഇടുന്നതിനും സൗകര്യം നൽകുന്ന വിധത്തിൽ പഴയ കുടി ഒഴിപ്പിക്കൽ നിയമം വിപുലപ്പെടുത്താനുള്ള നടപടി ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നു രണ്ടുമാസത്തിനകം സ്വീകരിച്ചു എന്നുള്ള കാര്യം ആർക്കും വിസ്മരിക്കുവാനൊ മറച്ചുവയ്ക്കുവാനൊ കഴിയുന്ന ഒരു കാര്യമല്ല.

മി. ചെയർമാൻ (ശ്രീ. പി. ഗോവിന്ദപ്പിള്ള) : ബഹുമാനപ്പെട്ട മെമ്പർക്കു എത്ര സമയം കൂടി വേണം?

ശ്രീ. വി. എസ്. അച്യുതാനന്ദൻ : അത്യാവശ്യമായ കാര്യങ്ങളും പറയുന്നതുകൊണ്ടു് സമയംവേണം. ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളും ചുരുക്കിപറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കാം. എന്റെ സ്നേഹിതൻ അങ്ങേയറ്റം വ്യഗ്രതകൊണ്ടു് ഒന്നരമണിക്കൂർ സംസാരിച്ചപ്പോഴും ആ കോട്ടാ എനിക്കും കിട്ടണമെന്നു ഞാൻ പറയുകയല്ല, അത്യാവശ്യമായ കാര്യങ്ങളും പറയുവാൻ സമയം നൽകണം. ഏറ്റവും വേഗം പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. ഞാൻ പറഞ്ഞുവരുന്നതു് കൂടി ഒഴിപ്പിക്കൽ നിരോധനബില്ലും അതിനശേഷം റിക്കാർഡു് ഓഫ് റൈറ്റ്സുകൊണ്ടു് രേഖയില്ലാത്ത കുടിയാന്മാക്കു് രേഖയുണ്ടാക്കിക്കൊടുക്കുന്ന ബില്ലും ഇതിനുമുമ്പു് നാം പാസ്സാക്കിയ നിയമങ്ങളായിരുന്നു എന്നുള്ളതു് മറച്ചുവയ്ക്കുവാൻ കഴിയുകയില്ല. അതെല്ലാം നഗ്ന സത്യങ്ങളാണു്. ആ ബില്ലുകളും വന്നതുകൊണ്ടുള്ള രോഷം ഓക്കുമ്പോഴും കുടികിടപ്പുകാർക്കും കുടിയാനും ആശ്വാസം നൽകുന്നതിനു ആരാണു് എതിരുള്ളതെന്നു് നാം ഓർക്കേണ്ടതാണു്. അന്നു് അത്തരം പുരോഗമനപരമായ ബില്ലുകളും കൊണ്ടുവന്നപ്പോഴും ആത്മാർത്ഥമായി സഹകരിക്കുകയും അനുകൂലിക്കുകയും ചെയ്തിട്ടുള്ളവർ ഇന്നു ഈ ബിൽ കൊണ്ടുവന്നപ്പോഴും ഭാഗ്യവശാലൊ നിർഭാഗ്യവശാലൊ അതിനെതിരായി നിലകൊള്ളുകയും മറ്റു ചിലർ അവരുടെ പ്രണയക്കാരുമായി തീന്നിരിക്കുകയാണു്.

ശ്രീ. പി. കെ. രാഘവപ്പൊതുവാൾ : സർ, മറ്റുള്ളവർക്കും സംസാരിക്കണമെന്നുണ്ടു്. നാളെയും ഈ ചർച്ച തുടരുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇനി വകുപ്പുകളും തോറുമുള്ള ചർച്ചകളും ഉണ്ടു്. അവിടെയും അതു സംബന്ധിച്ചു പറയുകയല്ലാതെ ഇതുപോലെയുള്ള ചർച്ചകളും തുടരു

LIBRARY ARCHIVES Kerala Legislative Assembly

കയാണെങ്കിൽ ഇതു പാസ്സാക്കണം പാസ്സാക്കണം എന്നു പറയാമെന്നല്ലാതെ പാസ്സാക്കുവാൻ സാധിക്കുകയില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ചില കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കേന്ദ്ര ഗവണ്മെന്റ് ബാങ്ക് ദേശവൽക്കരണ ബിൽ അവതരിപ്പിച്ചപ്പോൾ അവിടെ പ്രതിപക്ഷകക്ഷികൾ എടുത്തിരുന്ന നിലപാട് ഒരാഴ്ചകൊണ്ടോ രണ്ടാഴ്ചകൊണ്ടോ ബിൽ പാസ്സാക്കിയെടുക്കുന്നതിന് അനുകൂലമായിരുന്നുവെന്ന വസ്തുത നാം സന്തോഷത്തോടുകൂടി ഓർക്കണം. പ്രസ്തുത ബിൽ പാസ്സാക്കിയെടുക്കണമെന്ന ആത്മാർത്ഥമായി ആഗ്രഹിച്ച അതിനുവേണ്ടി പരിശ്രമിച്ച ശ്രീമതി ഇന്ദിരാഗാന്ധിയെ വളരെവേഗം താഴെയിറക്കുന്നതിനും ഉന്നം വച്ചുകൊണ്ട് പ്രസിഡണ്ടു തെരഞ്ഞെടുപ്പിൽ ഇവിടെ വോട്ട് ചെയ്ത ആളുകളും സ്നേഹിതന്മാരും ശ്രീമതി ഇന്ദിരാഗാന്ധി ബാങ്ക് ദേശവൽകരണനിയമം നടപ്പിലാക്കിയിട്ടുള്ളതിൽ ഊറ്റം കൊള്ളുന്നതു തീർച്ചയായും സന്തോഷകരമാണ്.

ശ്രീ. കെ. എം. മാണി : ശ്രീമതി ഇന്ദിരാഗാന്ധി എടുക്കുന്ന എല്ലാ നടപടികളെയും പിന്താങ്ങുവാൻ ബഹുമാനപ്പെട്ട മെമ്പറും മെമ്പറുടെ പാർട്ടിയും തയ്യാറാണോ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ശ്രീമതി ഇന്ദിരാഗാന്ധി എടുക്കുന്ന ജനപ്രോഹപരമായ നടപടികളെ യാതൊരു ദയാദാക്ഷിണ്യവും കൂടാതെ വീക്ഷിക്കുന്ന ഒരു നിലപാടാണ് ഞങ്ങളുടെ പാർട്ടിയുടേതെന്നു ശ്രീ. കെ. എം. മാണിക്കറിയാവുന്ന കാര്യമാണ്. എന്നാൽ അതുകൊണ്ടു മാത്രം ഈ രാജ്യത്തെ പതിനാലു കുടുംബക്കാരുടെ കുത്തകയായി വച്ചിരുന്ന ബാങ്കുകൾ ദേശവൽകരിക്കുക തുടങ്ങിയ പുരോഗമനപരമായ നടപടികളെ സ്വാഗതം ചെയ്യുന്നതിനു യാതൊരു മടിയും കാണിക്കുന്ന പാർട്ടിയല്ല എന്റെ പാർട്ടി. ഞാൻ പറഞ്ഞുവരുന്ന പ്രശ്നത്തെ ഇതുമായിരിക്കുന്ന ചോദ്യങ്ങൾകൊണ്ട് മടക്കുവാൻ യാതൊരു തരത്തിലും കഴിയുകയില്ല. ഇന്ദിരാഗാന്ധി സ്വീകരിച്ച പുരോഗമനപരമായ നടപടികളെ തകർക്കുവാൻവേണ്ടി നിങ്ങൾ വോട്ട് ചെയ്തതു മോശമായിപ്പോയി എന്നു ഇപ്പോഴെങ്കിലും ജനങ്ങളോട് തുറന്നു സമ്മതിക്കുവാൻ തയ്യാറാകുന്നതു നല്ല കാര്യമാണ്. അങ്ങനെ കേന്ദ്രത്തിലെ പ്രതിപക്ഷകക്ഷികളുടെ നിർലോഭമായ സഹായസഹകരണങ്ങൾ ഉണ്ടായതിന്റെ ഫലമായിട്ട മാത്രമാണ്, എന്റെ കക്ഷിയും അതുപോലുള്ള മറ്റു ഇടതുപക്ഷ കക്ഷികളും നിർലോഭമായ സഹായസഹകരണങ്ങൾ നൽകിയതുകൊണ്ടുമാത്രമാണ് ആ ബിൽ ശ്രീമതി ഇന്ദിരാഗാന്ധിക്കു വളരെവേഗം പാസ്സാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. ടി. ജോർജ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ഡിസ്ക്ഷൻ ഏതുമാതിരി വേണമെന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂമന്ത്രി ചില രൂളുകളും ചട്ടങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ ചട്ടങ്ങളും രൂളുകളും ശ്രീ. അച്യുതാനന്ദനെ ബാധിക്കുകയില്ലേ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. ജോർജ്ജാണ് ആ ചട്ടങ്ങൾ ആദ്യമേ ലംഘിച്ചതു്. ഇല്ലെങ്കിൽ ഈ കുഴപ്പമൊന്നും വരികയില്ലായിരുന്നു. സർ, ബഹുമാനപ്പെട്ട മെമ്പർ സെലക്ടു കമ്മിറ്റി റിപ്പോർട്ടിലേക്കു വരാൻ പറയണം.

മി. ചെയർമാൻ (ശ്രീ. പി. ഗോവിന്ദപ്പിള്ള) : സന്ദർഭവശാൽ ചിലപ്പോൾ രൂളുകൾക്കും അപ്പുറം പറഞ്ഞുപോകുമെങ്കിലും രൂൾ അനുസരിച്ചു ഡിസ്കസ് ചെയ്യുന്നതാണ് നല്ലതു്.

ഡാ. ജോർജ് തോമസ് : ബിൽ പാസ്സാക്കുന്നതിനു സഹായകരമായ നിലപാടു് ബഹുമാനപ്പെട്ട മെമ്പർ സ്വീകരിക്കണമെന്നുകൂടി നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെയൊരു അഭ്യർത്ഥന ചെയ്യുവാൻ സന്നദ്ധത കാണിച്ചതിൽ സന്തോഷം ഉണ്ട്. ഞങ്ങളെപ്പോലുള്ള, ബില്ല് വിശദമായി പഠിക്കാതിരിക്കാൻ ഇളക്കിവിടുന്നതിനു തീർച്ചയായിട്ടും ഇതുപോലുള്ള പ്രോത്സാഹനം സഹായകരമായിരിക്കും. പാർലമെന്റിൽ ഞങ്ങൾ എടുത്ത സമീപനം നിർഭാഗ്യവശാൽ ഇവിടത്തെ പ്രതിപക്ഷകക്ഷികൾ എടുക്കുന്നില്ല. ഈ ബിൽ സക്കുലേറ്റ് ചെയ്താൽ പോരെന്നും ജില്ലകൾതോറും സെലക്ട് കമ്മിറ്റി അംഗങ്ങൾ പോയി വിശദമായി സവിസ്തരമായി തെളിവെടുത്തശേഷം കമ്മിറ്റിക്കുടി റിപ്പോർട്ട് കൊണ്ടുവന്നിട്ട് പാസ്സാക്കുകയാണ് വേണ്ടതെന്ന പ്രതിപക്ഷകക്ഷികൾ ആവശ്യപ്പെട്ട. അതനുസരിച്ചുള്ള നടപടികൾ എല്ലാം കഴിഞ്ഞ് റിപ്പോർട്ട വന്നിരിക്കുകയാണ്. ഇനിയെങ്കിലും ഇതു താമസിപ്പിക്കുവാനോ, പ്രസംഗിച്ചു സമയം കളയുവാനോ ബഹുമാനപ്പെട്ട മെമ്പറന്മാർ ഒരുമ്പെടുകയില്ല എന്നാണ് കരുതിയിരുന്നതു. ഇപ്പോഴും ആരെങ്കിലും അങ്ങനെ ചെയ്യുന്നു എന്നല്ല ഞാൻ പറയുന്നതു, വകുപ്പുകൾ വകുപ്പുകൾ ആയിട്ടുള്ള ഡിസ്കഷൻ വരുമ്പോഴെങ്കിലും ഈ മാതിരി പൊതുവേയുള്ള ചർച്ചകൾ മാറ്റി വകുപ്പു സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞാൽ, അതിനാവശ്യമായ കാര്യങ്ങൾ മാത്രം ചൂണ്ടിക്കാണിച്ചാൽ, ബാങ്ക് ദേശവൽക്കരണ സമയത്തു പ്രതിപക്ഷകക്ഷികൾ എടുത്തിരുന്ന നിലപാടു് ഇവിടത്തെ പ്രതിപക്ഷകക്ഷികൾ സ്വീകരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ ബിൽ അധികം താമസിയാതെ പാസ്സാക്കിയെടുക്കുവാൻ കഴിയും. കുടികിടപ്പുകാരുടെ അവകാശങ്ങളെപ്പറ്റി പറയുമ്പോൾ കുടികിടപ്പുകാർക്ക് പട്ടയം നൽകുന്ന കാര്യത്തിൽ ഡിസൻറിംഗ് നോട്ട് രേഖപ്പെടുത്തിയിട്ടുള്ള ബഹുമാനപ്പെട്ട ചില മെമ്പറന്മാരുടെ അഭിപ്രായങ്ങൾ ഞാൻ ശ്രദ്ധയോടുകൂടി നോക്കുകയുണ്ടായി. എന്റെ ജില്ലയായിട്ടുള്ള ആലപ്പുഴയുടെ കിഴക്കൻ പ്രദേശത്തു—കുട്ടനാട് പ്രദേശത്തു—വെള്ളത്താൽ ചുറ്റപ്പെട്ട വിശാലമായ പാടശേഖരങ്ങളും ചിറകളും കെട്ടിപ്പൊക്കിയും അതു സംരക്ഷിച്ചുകൊണ്ട് അനേക നാളുകളായി അവിടെ താമസിച്ചുവരുന്നവരുമായ കുടികിടപ്പുകാരും കർഷകത്തൊഴിലാളികളായവർക്ക് കിടപ്പാടത്തിനു പട്ടയം സെൻറ് ഭൂമി കൊടുക്കണമെന്നു ഈ ബില്ലിൽ നിർദ്ദേശിച്ചപ്പോൾ അതിനെതിരായി ചിന്നാഭിപ്രായക്കുറിപ്പെഴുതുകയും അതേ സമയം കർഷകത്തൊഴിലാളികളുടെ പേരിൽ മുതലക്കണ്ണീർ ഒഴുക്കുകയും ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്ന ആത്മാർത്ഥതയില്ലായ്മയും വിരോധാഭാസവും—സർ, പ്രത്യേകം പരിഗണിക്കണമെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

മി ചെയർമാൻ (ശ്രീ. പി. ഗോവിന്ദപ്പിള്ള) : ഓർഡർ, ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ എട്ടുമണിക്കു് വീണ്ടും കൂടുന്നതുമാണു്.

The Assembly adjourned at 1 p. m. to meet again at 8 a. m. on Tuesday the 30th September, 1959.

LIBRARY ARCHIVES Kerala Legislative Assembly